December 2008 JEEVA MOZHIKAL RNI/KERBIL/-2003/21404 Regn No: KL/KTM/608/2006-08
WPP No. KL/KTM/WPP-212/2006-08
www.jeevamozhikal.net Licensed to post without prepayment

# സ്വർഗ്ഗത്തിന്റെ വേട്ടനായ്

ഫ്രാൻസിസ് തോംസൺ എന്ന പ്രശസ്തനായ ആംഗലേയ കവിയുടെ ലോകപ്രസിദ്ധമായ കവിതയാണ് Hound of Heaven. നാം ദൈവത്തെ വിട്ട് എവിടെ ഒളിച്ചാലും നമ്മെ വിടാതെ പിന്തുടരുകയും ഒടുവിൽ പിടികൂടുകയും ചെയ്യുന്ന ദൈവസ്നേഹത്തെ ഒരു വേട്ട നായ് ആയി സങ്കൽപ്പിച്ചുകൊണ്ടുള്ള അതിമനോഹരമായ കവിതയാണിത്.

തന്റെ അനുഭവത്തിൽ ചാലിച്ചാണ് അദ്ദേഹം ഇത് രചിച്ചത് എന്നു പറയാം. ദൈവഭക്തിയുള്ള ഒരു കുടുംബത്തിലായിരുന്നു ഫ്രാൻസിസ് തോംസണിന്റെ ജനനം. ഒരു വൈദികനാകണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ ആഗ്രഹം. അതിനായി വേദശാസ്ത്രം പഠിക്കുവാൻ തുടങ്ങി. പക്ഷേ കുറച്ചുകഴിഞ്ഞപ്പോൾ അതിൽ താത്പര്യം നഷ്ടപ്പെട്ടു. തുടർന്നു വൈദ്യശാസ്ത്രം പഠിക്കുവാൻ തുനിഞ്ഞു. അലസതയും, പഠനത്തോടുള്ള വിരസതയും കാരണം അതും ഉഴപ്പി. തുടർന്ന് ലഹരി മരുന്നുകളുടെ ഇരുണ്ടലോകത്തേക്കുള്ള പ്രയാണം. ജീവിതം നാശത്തിലേക്ക് കൂപ്പുകുത്തുകയായിരുന്നു.

ലണ്ടൻ നഗരത്തിലെ തെരുവിൽ അലഞ്ഞ ആ ചെറുപ്പക്കാരൻ വിശപ്പടക്കാൻ, ഷൂ പോളീഷു ചെയ്യുക, കുതിരയെ സൂക്ഷിക്കുക തുടങ്ങിയ കൊച്ചു പണികൾ പോലും ചെയ്യാൻ തയ്യാറായി. ഇതിനിടെ അദ്ദേഹം എഴുതിയ ഒന്നു രണ്ടു കവിതകൾ ഒരു പത്രാധിപരുടെ ശ്രദ്ധയിൽ പെട്ടു. അദ്ദേഹം അവ പ്രസിദ്ധപ്പെടുത്തി. അദ്ദേഹം ഫ്രാൻസിസ് തോംസൺ എന്ന യുവകവിയെ ആദ്യമായി കണ്ടുമുട്ടിയപ്പോൾ കവിയുടെ നില തീർത്തും പരിതാപകരമായിരുന്നു. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ, എല്ലും തോലുമായ ശരീരം. ഈ അവസ്ഥയിൽ നിന്ന് അദ്ദേഹത്തെ ശ്രദ്ധേയനായ, അനുഗൃഹീതനായ, കവിയായി ഉയർത്തി എടുത്തത് ആ പത്രാധിപരും പത്നിയുമായിരുന്നു. അവരിലൂടെ, അതുവരെ തന്നെ പിന്തുടർന്ന ദൈവസ്നേഹത്തെക്കുറിച്ചു കേൾപ്പാൻ ഇടയായ തോംസൺ ഒടുവിൽ ക്രിസ്തുവിനായി ജീവിതം സമർപ്പിച്ചു. തുടർന്ന് അദ്ദേഹം 'സ്വർഗ്ഗത്തിന്റെ വേട്ടനായ്' എന്ന കവിത രചിച്ചു. അതിന്റെ ആശയം ഇങ്ങനെ: 'രാവും പകലും ഞാൻ ദൈവത്തിൽ നിന്ന് ഓടി അകന്നു; പക്ഷേ ദൈവസ്നേഹം എന്നെ വിടാതെ പിന്തുടർന്നു-ഒരു വേട്ടനായെപ്പോലെ. ഞാൻ പക്ഷേ കീഴടങ്ങാതെ ഓടിയൊളിച്ചു. എന്നാൽ ഞാൻ ചെന്നിടത്തെല്ലാം ആ വേട്ട നായ് എന്നെ പിന്തുടർന്നു. ഒടുവിലിതാ....'

ദൈവസ്നേഹത്തിനു കീഴടങ്ങാതെ നിത്യജീവിതത്തിന്റെ തിരക്കുകളിൽ ഒളിക്കുന്ന ഒട്ടേറെ പേരുണ്ട്. ഒരു പക്ഷേ ഇതു വായിക്കുന്ന നിങ്ങൾ അത്തരം ഒരാളാകാം. എന്നാൽ ഈ വരികളിലൂടെ 'സ്വർഗ്ഗത്തിന്റെ വേട്ടനായ്' നിങ്ങളെ വീണ്ടും കണ്ടെത്തിയിരിക്കുന്നു....ഈ സ്നേഹത്തിനുമുമ്പിൽ നിങ്ങൾ ഇപ്പോൾ ഫ്രാൻസിസ് തോംസണെപ്പോലെ കീഴടങ്ങുമോ?

'ഇപ്പോഴാകുന്നു രക്ഷാദിവസം ഇപ്പോഴാകുന്നു സുപ്രസാദകാലം'

□

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Udaya Press, Chungom, Kottayam. Editor-Geoji. T. Samuel.

Rs. 7.00

# ജീവമൊഴികൾ

വാല്യം 6 ഡിസംബർ 2008 ലക്കം 12



## എഡിറ്റോറിയൽ

# അകലം വിട്ട് അനുഗമിക്കുകയോ?



ബില്ലിഗ്രഹാമിന്റെ ജീവചരിത്രമെഴുതിയ ജോൺ പൊള്ളോക്ക്, ലണ്ടനിൽ ഒരു ക്രൂസേഡിൽ നടന്ന രസകരമായ ഒരു സംഭവം വിവരിക്കുന്നുണ്ട്. പ്രസംഗം കഴിഞ്ഞ് ക്രിസ്തുവിനായി ജീവിതം സമർപ്പിക്കാൻ തയ്യാറുള്ളവരെ ഗ്രഹാം മുന്നോട്ടു ക്ഷണിച്ചു. അടുത്തടുത്തിരുന്ന രണ്ടുപേർ അതു കേട്ട് മുന്നോട്ടു നടന്നു പോകുകയാണ്. അവരിൽ ഒരാൾ കുപ്രസിദ്ധനായ ഒരു പോക്കറ്റടിക്കാരനായിരുന്നു. നടക്കുന്നതിനിടയിൽ അയാൾ ഒരു പഴ്സെടുത്ത് മറ്റേയാൾക്കു നീട്ടിക്കൊണ്ടു പറയുകയാണ്:"അല്പം മുൻപ് നിങ്ങളുടെ കീശയിൽ നിന്നു ഞാൻ അപഹരിച്ച പഴ്സിതാ തിരികെത്തരുന്നു!"

ഉടനടി ഫലം പുറപ്പെടുവിച്ച ഒരു മാനസാന്തരത്തിന്റെ കഥയാണിത്!

സക്കായിയും യേശുവിനെ കണ്ടുമുട്ടിയപ്പോൾ പ്രതികരിച്ചത് ഇങ്ങനെയായിരുന്നല്ലോ. "കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു" (ലൂക്കോസ് 19:8) പക്ഷേ ഈ മട്ടിലുള്ള മാനസാന്തരങ്ങൾ ഇന്നെത്രയോ വിരളമാണ്!

യേശുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുന്ന ഒരുവനെ അവിടുന്ന് എപ്പോഴും മൗലികമായ (Radical) നിലപാടുകളിലേക്കാണ് ക്ഷണിക്കുന്നത്-"വലങ്കണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞു കളക.....വലങ്കൈ നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക" എന്നിങ്ങനെ. എന്നാൽ ഈ നിലയിൽ കാര്യങ്ങളെ ഗൗരവമായി കാണുന്നവരും ഒരു വില കൊടുക്കാൻ തയ്യാറുള്ളവരും ഇന്നു ക്രിസ്തീയലോകത്ത് എത്രപേരുണ്ട്?

വില്യം ബാർക്ലേ, മൗലികമായ മാനസാന്തരത്തിന്റെ മൂന്നു ലക്ഷണങ്ങൾ ഇങ്ങനെ വിവരിച്ചിട്ടുണ്ട്:

ഒന്നാമത്തെ ലക്ഷണം: കർത്താവിനായി ജീവിതം സമർപ്പിച്ചെന്ന് അവകാശപ്പെടുന്നവൻ തന്റെ കടങ്ങളെല്ലാം കൊടുത്തുവീട്ടുവാൻ തുടങ്ങിയിട്ടുണ്ടോ?

സക്കായി ഭൂതകാലത്തിലെ തെറ്റുകൾക്കു നഷ്ടപരിഹാരം ചെയ്തതു നമ്മൾ കണ്ടു. എന്നാൽ ഇന്ന് ക്രിസ്തീയജീവിതം ആരംഭിക്കുന്ന പലരും തറനിരപ്പിൽ നിന്ന് ഒരു പണിയങ്ങാരംഭിക്കുകയാണ്. എന്നാൽ ' ആഴെക്കുഴിച്ച്' അടിസ്ഥാനം ഇട്ടു വേണം പണിയാനെന്നാണു യേശു പറഞ്ഞത് (ലൂക്കോസ് 6:48). കർത്താവിനെ കണ്ടുമുട്ടുന്നതിനു മുൻപ് സർക്കാരിനെയോ, മറ്റുള്ളവരെയോ കബളിപ്പിക്കുകയോ വഞ്ചിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനു പരിഹാരം വരുത്തുന്നത് മൗലികമായ ഒരു നിലപാടിനെയാണു കാണിക്കുന്നത്.

ഡി.എൽ.മൂഡിയുടെ ഉണർവ്വുയോഗങ്ങൾ ഒരു സ്ഥലത്തു നടന്നാൽ അതിന്റെ ഏറ്റവും വലിയ പ്രയോജനം ആ സ്ഥലത്തെ കച്ചവടക്കാർക്കാണെന്നു കേട്ടിട്ടുണ്ട്. കാരണം ഉണർവ്വുയോഗങ്ങളിൽ രക്ഷിക്കപ്പെട്ടവർ ഉടനെതന്നെ തങ്ങളുടെ പഴയകുടിശ്ശികകൾ കൊടുക്കുവാനും കടങ്ങൾ വീട്ടുവാനും തയ്യാറാകും! ഇന്നോ?

രണ്ടാമത്തെ ലക്ഷണം : അവൻ തന്റെ വഴക്കുകളെല്ലാം പറഞ്ഞൊതുക്കി ക്ഷമ ചോദിച്ച് ബന്ധങ്ങളിൽ നിരപ്പു പ്രാപിച്ചിട്ടുണ്ടോ?

യോഹന്നാൻ അപ്പോസ്തലൻ ഇക്കാര്യം തുറന്നടിച്ചു പറഞ്ഞിട്ടുണ്ട് "ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു" (1 യോഹ. 4:20). യേശുവിന്റെ ഉപദേശങ്ങൾ എത്രയും വ്യക്തമാണ്-ക്ഷമിച്ചിട്ടില്ലാത്ത ഒരുവന് ക്ഷമ കിട്ടുകയില്ല. (മത്തായി 6:14,15; 18:23-25)


മൂന്നാമത്തെ ലക്ഷണം: അവൻ തന്റെ സ്വാർത്ഥതയും അലസതയും വെടിഞ്ഞ് കൂടുതൽ മെച്ചപ്പെട്ട ഒരു ജോലിക്കാരനായി തീർന്നിട്ടുണ്ടോ? എത്രയും കുറച്ചു ചെയ്യുകയും കൂടുതൽ ആവശ്യപ്പെടുകയും ചെയ്യുന്നത് സ്വാഭാവിക മനുഷ്യന്റെ രീതിയാണ്. പ്രവൃത്തികൊണ്ടല്ല ഒരുവൻ രക്ഷിക്കപ്പെടുന്നത് പക്ഷേ രക്ഷിക്കപ്പെട്ട ഒരുവന് പ്രവൃത്തികൾ ഉണ്ടല്ലോ.

യഥാർത്ഥമായി മാനസാന്തരപ്പെട്ട ഒരുവൻ മെച്ചപ്പെട്ട ഒരു വ്യക്തിയും പൗരനും ജോലിക്കാരനുമായി മാറുന്നില്ലെങ്കിൽ എന്താണു കാരണം? കാരണം വളരെ അടിസ്ഥാനപരമാണ്-ഇന്ന് 'മനുഷ്യനിൽ കേന്ദ്രീകരിച്ചുള്ള' ഒരു സുവിശേഷമാണ് വ്യാപകമായി പ്രഘോഷിക്കപ്പെടുന്നത്. ഫലം 'ഞാൻ ദൈവത്തിനുവേണ്ടി' എന്ന ശരിയായ മനോഭാവത്തിനു പകരം 'ദൈവം എനിക്കുവേണ്ടി' എന്ന നിലപാടേടെയാണ് പലരും ക്രിസ്തീയജീവിതം ആരംഭിക്കുന്നത്. അതുകൊണ്ടാണ് ആഴംകുറഞ്ഞ പ്രതിബദ്ധതയും ഉപരിപ്ലവങ്ങളായ ലക്ഷ്യങ്ങളും എതിർ സാക്ഷ്യമാകുന്ന ജീവിതവുമായി വിശ്വാസികളിൽ പലരും ഇന്ന് സ്വത്വ പ്രതിസന്ധിയെ (Identity Crisis) നേരിടുന്നുത്.

'വന്ന് എന്നെ അനുഗമിക്കുക' എന്ന് യേശു ആഹ്വാനം ചെയ്യുമ്പോൾ 'അകലംവിട്ട് അനുഗമിക്കാ'നല്ല അവിടുന്നു നമ്മെ വിളിക്കുന്നത്. മൗലികമായ ഒരു നിലപാടിൽ ക്രിസ്തീയജീവിതം ആരംഭിക്കേണ്ടതുണ്ട്. മുന്നോട്ടുപോകുമ്പോഴും ശിഷ്യത്വത്തിന്റെ ഇടുങ്ങിയ പാതയിൽ തന്നെ നാം ആയിരിക്കുകയും വേണം. ക്രിസ്തീയജീവിതം യഥാർത്ഥത്തിൽ ഇടുങ്ങിയ വാതിലിലൂടെയുള്ള പ്രവേശനവും തുർന്ന് ഒരു ഇടുങ്ങിയ പാതയിലൂടെയുള്ള പ്രയാണവുമാണ്. നിതാന്തജാഗ്രതയാണ് ഇവിടെ വേണ്ടത്.

പത്രോസിന്റെ ജീവിതത്തിൽ ഇല്ലാതെ പോയത് അതാണ്. യേശുവിനെ മൂന്നുവട്ടം തള്ളിപ്പറയുന്ന പിന്മാറ്റത്തിലേക്ക് അവനെ നയിച്ച വീഴ്ചയുടെ പടികൾ ശ്രദ്ധിക്കുക. അരുമനാഥന്റെ മുന്നറിയിപ്പുണ്ടായിട്ടും 'എല്ലാ വരും ഇടറിയാലും ഞാൻ ഇടറുകയില്ല' എന്നു പറഞ്ഞ സ്വയാശ്രയത്തിലാണ് അതിന്റെ തുടക്കം. രണ്ടാമത് 'പരീക്ഷയിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിപ്പിൻ' എന്ന കർത്താവിന്റെ നിർദ്ദേശവും അവൻ അവഗണിക്കുന്നു. വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടിയ പരുക്കൻ പെരുമാറ്റമാണ് മൂന്നാമത്തെ പാളിച്ച. (ഈ സംഭവം മതി, തന്നേയും അറസ്റ്റു ചെയ്യുവാൻ എന്നു പിന്നീടുണ്ടായ തിരിച്ചറിവാകാം തന്നെ മറ്റുള്ളവർ തിരിച്ചറിയുന്നതിനെ പത്രോസ് ഏറെ പേടിക്കാനുണ്ടായ കാരണം) നാലാമത്തെ പടി 'അകലം വിട്ടനുഗമിച്ചതാണ്' മഹാപുരോഹിതന്റെ ചേവകരോടൊപ്പം നടുമുറ്റത്തു താഴെ ( കിംഗ് ജെയിംസ് വേർഷനിൽ Beneath എന്ന മർക്കോസ് 16:66 ലെ ഇതേ പദമാണ് ആവർത്തനം 28:13 ൽ ഉപയോഗിച്ചിരിക്കുന്നതെന്ന് ശ്രദ്ധിക്കുക) ഇരുന്നതാണ് വീഴ്ചയുടെ അടുത്ത പടി. തുടർന്ന് പതനം പൂർത്തിയാകുന്നു- പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു.

പത്രോസിന്റെ അനുഭവം യേശുവിനെ അനുഗമിക്കുന്ന നമുക്ക് മുന്നറിയിപ്പാണ്. ഉവ്വ്, ഇടുക്കുവാതിലിലൂടെയുള്ള പ്രവേശനം; ഇടുങ്ങിയ വഴിയിലൂടെയുള്ള പ്രയാണം- ഇക്കാര്യത്തിൽ ഒത്തുതീർപ്പുപാടില്ല.



വചനം

# ‘വന്ന് എന്നെ അനുഗമിക്കുക’

സാധു സുന്ദർസിംഗ്

“**യേ**ശു അവനോട്: ‘സൽഗുണ പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളവ വിറ്റു ദരിദ്രർക്കു കൊടുക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്ക’ എന്നു പറഞ്ഞു. യൗവനക്കാരൻ വളരെ സമ്പത്തുള്ളവനാകയാൽ ഈ വചനം കേട്ടിട്ടു ദുഃഖിച്ചു പൊയ്ക്കളഞ്ഞു” (മത്തായി 15:21, 22). ഈ സംഭവത്തിൽ വിവരിക്കുന്ന സമ്പന്നനായ ചെറുപ്പക്കാരൻ ഒരു സത്യാന്വേഷി ആയിരുന്നു. “നല്ല ഗുരോ” എന്ന് അവൻ വിളിച്ചതിന് നമ്മുടെ കർത്താവ് ഇപ്രകാരം മറുപടി പറഞ്ഞു: “എന്നെ നല്ലവൻ എന്ന് വിളിക്കുന്നതെന്ത്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല. പരീശന്മാരെയും ശാസ്ത്രിമാരെയും പോലെ ‘നല്ലവനാണ് ഞാനെന്ന് വിചാരിക്കുന്നുവെങ്കിൽ നീ മനസ്സിലാക്കുക അവരെപ്പോലെയാണു ഞാനെങ്കിൽ ഞാനൊരു കാപട്യക്കാരനാണ്”.

അവന്റെ ഹൃദയത്തിലെന്താണെന്ന് കർത്താവ് അറിഞ്ഞു. അവൻ നന്മയുടെ ഒരു അവതാരമാണെന്ന് അവിടുന്ന് ഒരിക്കലും ചിന്തിച്ചില്ല. യേശു അവനോടു ഭംഗ്യന്തരേണ പറ



**അവളുടെ ചുണ്ടുകൾ ചലിക്കുന്നത് അവൻ കണ്ടു. എന്നാൽ അവൾ തന്റെ കണ്ണുകൾ അടച്ചിരുന്നു. അവൾ എന്താണ് പറയുന്നതെന്ന് അവൻ ശ്രദ്ധിക്കുവാൻ തുടങ്ങി.**

**പ്രിയ അമ്മമാരേ, നിങ്ങളുടെ കുഞ്ഞുങ്ങൾ രക്ഷകനെ അനുഗമിക്കുന്നതിന് നിങ്ങൾ ഒരു തടസ്സമായി തീരരുത്. കുഞ്ഞുങ്ങളേ, നിങ്ങൾ കർത്താവിനെ അനുഗമിക്കുക. ഒരുപക്ഷേ ധാരാളം കഴിവുകളോ അധികം വിദ്യാഭ്യാസമോ നിങ്ങൾക്കുണ്ടായിരിക്കുകയില്ല എന്നാൽ കർത്താവിനെ അനുഗമിച്ചാൽ ആവശ്യമുള്ളവയെല്ലാം അവിടുന്നു നിങ്ങൾക്ക് നൽകും.**

ഞ്ഞത്: “നീ നിത്യജീവൻ ആഗ്രഹിക്കുന്നു. നീ സൽഗുണപൂർണനാകുവാനും ആഗ്രഹിക്കുന്നു. എന്നാൽ നിന്റെ ലൗകികാഗ്രഹങ്ങൾക്കൊന്നും ഇനിയും തൃപ്തി വന്നിട്ടില്ല. അവൻ വളരെ സമ്പത്തുള്ളവനായിരുന്നു. എന്നാൽ തന്റെ സമ്പത്ത് അവന്റെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തിയില്ല. അവൻ കല്പന എല്ലാം അനുസരിച്ചിരുന്നു. അവൻ പരിപൂർണ്ണതയുള്ളവനായിത്തീർന്നോ? അവൻ സമാധാനം കണ്ടെത്തിയോ? നന്മപ്രവൃത്തികൾ ചെയ്യുന്നതിലൂടെ പരിപൂർണ്ണതയുള്ളവനായിത്തീരുക എന്നത് അസാധ്യമാണ്. അവിടെ ഒരു കാര്യം നഷ്ടപ്പെട്ടിരിക്കുന്നു– ‘വന്ന് എന്നെ അനുഗമിക്കുക’ പരിപൂർണ്ണനായവനെ അനുഗമിച്ചെങ്കിൽ മാത്രമേ നിനക്കും പരിപൂർണ്ണനായിത്തീരുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇത് ആ സമ്പന്നനായ ചെറുപ്പക്കാരനെ സംബന്ധിച്ച് വളരെ ബുദ്ധിമുട്ടുള്ള ഒന്നായിരുന്നു. എന്റെ അനുഭവവും ഇതായിരുന്നു. എനിക്ക് ക്രിസ്തുവിനെ അനുഗമിക്കുവാൻ സകലവും ഉപേക്ഷിക്കേണ്ടിവന്നു. തന്നെ അനുഗമിക്കണമെന്ന് കർത്താവ് എന്നോട് ആവശ്യപ്പെട്ടു. പക്ഷേ അങ്ങനെ ആവശ്യപ്പെട്ട കർത്താവിന് തലചായ്ക്കാൻ ഇടമില്ലായിരുന്നു! എന്നാൽ കർത്താവിനെ അനുഗമിച്ചാൽ മാത്രമേ എനിക്കു നിത്യജീവൻ ലഭിക്കുകയുള്ളല്ലോ. അതുകൊണ്ട് മറ്റു പരിഗണനകളൊന്നും കൂടാതെ കർത്താവിനെ പിൻതുടരുവാൻ ഞാൻ തീരുമാനിക്കുകയായിരുന്നു.

അയ്യായിരം പേർക്ക് ഭക്ഷണം നൽകിയ അത്ഭുതപ്രവൃത്തി യേശു നിറവേറ്റിയത് ഒരു ചെറിയ ബാലനിലൂടെയായിരുന്നു. ആ ബാലന് ദൈവഭക്തയായ ഒരു മാതാവുണ്ടായിരുന്നു. ദിവസം മുഴുവൻ ഗുരുവിനോടൊപ്പം ചെലവഴിക്കുന്നതിന് വേണ്ടി ആ മാതാവ് അവന് ഭക്ഷണം കൊടുത്തയച്ചു. പ്രിയ അമ്മമാരേ, നിങ്ങളുടെ കുഞ്ഞുങ്ങൾ രക്ഷകനെ അനുഗമിക്കുന്നതിന് നിങ്ങൾ ഒരു തടസ്സമായിത്തീരരുത്. ആ ബാലനോട് തന്റെ കൈയിലുള്ള അപ്പം ആവശ്യപ്പെട്ടപ്പോൾ “എന്റെ അമ്മ എനിക്ക് കഴിക്കുവാനായി തന്നവയാണിവ” എന്നോ അല്ലെങ്കിൽ “ഞാൻ രണ്ടെണ്ണം എനിക്കായി സൂക്ഷിച്ചിട്ടു ബാക്കി മൂന്നെണ്ണം തരാം” എന്നോ അവൻ പറഞ്ഞില്ല.

കർത്താവിനുവേണ്ടി അവൻ പിന്നിടു വലിയ പ്രവർത്തനം ചെയ്തു കാണും. അവന്റെ പേര് രേഖപ്പെടുത്തിയിട്ടില്ലെന്നേ ഉള്ളൂ. അന്ത്യന്യായവിധിദിവസത്തിലാവും ഒരു പക്ഷേ നാമിതു മനസ്സിലാക്കുക. നമുക്കുള്ള കഴിവുകളെ കർത്താവിനു നൽകുവാൻ നാം തയ്യാറാകണം. കുഞ്ഞുങ്ങളേ, നിങ്ങൾ കർത്താവിനെ അനുഗമിക്കുക. ഒരുപക്ഷേ ധാരാളം കഴിവുകളോ അധികം വിദ്യാഭ്യാസമോ നിങ്ങൾക്കുണ്ടായിരിക്കുകയില്ല; എന്നാൽ കർത്താവിനെ അനുഗമിച്ചാൽ ആവശ്യമുള്ളവയെല്ലാം അവിടുന്നു നിങ്ങൾക്ക് നൽകും.

ഞാൻ പാലസ്തീനിൽ പോയ





പ്പോൾ ഗലീലക്കടലിന്റെ തീരത്ത് എത്തിയ അവസരത്തിലാണ് ആദിമ ശിഷ്യന്മാർ എപ്രകാരമാണ് തങ്ങളുടെ വലയും സകലതും വിട്ട് യേശുവിനെ അനുഗമിച്ചതെന്ന് ശരിയായി മനസ്സിലാക്കിയത്. അവർ മീൻ പിടിക്കുന്നവരായിരുന്നു. എന്നാൽ ഉന്നതമായ ഒരു വേലയ്ക്ക് വേണ്ടി അവർ വിളിക്കപ്പെട്ടു. സർക്കാർ ഉദ്യോഗസ്ഥരോ, ശാസ്ത്രിമാരോ, പരീശന്മാരോ ഒന്നും ഇതിന് അനുയോജ്യരായിരുന്നില്ല. ഈ സാധാരണക്കാരായ ആളുകൾ മൂന്നു വർഷം യേശുവിനോടൊപ്പം ആയിരുന്നു. എന്നാൽ അവരിൽ ചിലർ പിന്നീട് തങ്ങളുടെ പഴയ ജോലിയിലേക്ക് തന്നെ മടങ്ങിപ്പോയി. ഉയിർത്തെഴുന്നേൽപ്പിന് ശേഷം കർത്താവ് കടൽക്കരയിൽ ശിഷ്യന്മാർക്ക് പ്രത്യക്ഷനായ അവസരത്തിൽ അവനെ തള്ളിപ്പറഞ്ഞതിലുള്ള ലജ്ജകൊണ്ട് പത്രോസ് വെള്ളത്തിലേക്ക് ചാടുവാൻ ഇടയായി. “മൂന്ന് വർഷങ്ങൾക്ക് മുമ്പ് ഇതേ സ്ഥലത്തുവച്ച് തന്നെ യേശുവിനെ അനുഗമിക്കുന്നതിനായി ഞാൻ വിളിക്കപ്പെട്ടു. എന്നാൽ ഇതാ മൂന്നുവർഷത്തിനു ശേഷവും ഞാൻ ഒരു മീൻ പിടുത്തക്കാരൻ തന്നെയായിരിക്കുന്നു” എന്നു പത്രോസ് ലജ്ജയോടെ ചിന്തിച്ചുകാണും. നമ്മുടെ കാര്യം എങ്ങനെയായിരിക്കുന്നു? കർത്താവിനെ അനുഗമിക്കാൻ നാളുകൾക്ക് മുമ്പ് ഇറങ്ങിത്തിരിച്ചിട്ട് ഒടുവിൽ ഇപ്പോൾ വീണ്ടും പഴയ മീൻ പിടിക്കുന്നവൻ തന്നെയായി മാറിക്കഴിഞ്ഞോ?

കർത്താവിനെ പിൻപറ്റാൻ വേണ്ടിയാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ നാമിന്ന് വേദശാസ്ത്രത്തിലെ പുതിയ പ്രവണതകളാൽ വഴിതെറ്റിക്കപ്പെട്ടിരിക്കുകയാണോ? നമ്മുടെ വിശ്വാസം ഉലയപ്പെട്ടിട്ടുണ്ടോ? യേശുക്രിസ്തുവിനെ കേവലം ഒരു ശ്രേഷ്ഠവ്യക്തിമാത്രമായി വിശ്വസിക്കുകയാണെങ്കിൽ ഈ ലോകത്തിന് ഒരു സന്ദേശം നൽകാൻ നമുക്ക് കഴിയുകയില്ല. നാം മനുഷ്യരെ പിടിക്കുന്നതിനായി വിളിക്കപ്പെട്ടവരാണ്. എന്നാൽ ഇന്നും നാം മീൻപിടിക്കുന്നവരായിത്തന്നെ തുടരുകയാണോ? ലോകത്തിൽ സുവിശേഷം അറിയിക്കാനുള്ള അവകാശം ദൂതന്മാർക്കു കൊടുത്തിരുന്നെങ്കിൽ സന്തോഷത്തോടെ അഞ്ച് മിനിറ്റുകൊണ്ട് അവരതു പൂർത്തിയാക്കിയേനേ. അവർക്ക് അത്രയും സമയം മതി താനും. എന്നാൽ അതിനുള്ള അവകാശം അവർക്ക് നൽകപ്പെട്ടിട്ടില്ല. പാപത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ട വ്യക്തികൾക്കു മാത്രമേ സുവിശേഷം പ്രഘോഷിക്കുവാൻ സാധിക്കുകയുള്ളൂ. യേശുക്രിസ്തു കേവലം ശ്രേഷ്ഠനായ ഒരു മനുഷ്യൻ മാത്രമല്ല, ദൈവം മനുഷ്യനായി അവതരിച്ചതാണ്; ലോകത്തിന്റെ രക്ഷകനാണ്. തന്നിൽ ജീവിക്കുമ്പോൾ നാം ലോകത്തിന് ഒരു സന്ദേശം നൽകുന്നവരായിരിക്കും. മഹത്വത്തിൽ നാം യേശുവിനെ വീണ്ടും കാണും. നമ്മെ അവിടുന്നു കിരീടം ധരിപ്പിക്കും. അവിടുത്തേക്കുവേണ്ടി ജീവിക്കുന്നതും മറ്റുള്ളവരെ അവിടുത്തോട് അടുപ്പിക്കുന്നതും വാസ്തവത്തിൽ എത്രസന്തോഷകരമായ കാര്യമാണ്!

ഏകദേശം മൂന്നു വർഷങ്ങൾക്കു മുമ്പ് പതിമൂന്ന് വയസ്സ് മാത്രം പ്രായമുള്ള ഒരു പെൺകുട്ടി തന്റെ ഗ്രാമത്തിൽ നിന്നും മറ്റൊരു ഗ്രാമത്തിലേക്കു യാത്രചെയ്യുകയായിരുന്നു. യാത്രയ്ക്കിടയിൽ അവൾ ഒരു ബുദ്ധഭിക്ഷുവിനെ കണ്ടുമുട്ടുവാൻ ഇടയായി. അയാൾ അവളോട് ഇപ്രകാരം ചോദിച്ചു: “നിന്റെ പിതാവ് ഒരു ക്രിസ്ത്യാനിയായി. എന്തുകൊണ്ട് നീയും ഒരു ക്രിസ്ത്യാനിയായിത്തീർന്നു?” അതിന് അവൾ പറഞ്ഞ മറുപടി ഇതായിരുന്നു: “ഒരു ക്രിസ്തീയസന്ന്യാസി ഞങ്ങളുടെ ഗ്രാമത്തിൽ വന്ന് ക്രിസ്തുവിനെ പ്പറ്റി പറഞ്ഞു. അങ്ങനെ എന്റെ

പിതാവ് ക്രിസ്തുവിനെ അറിയുവാൻ ഇടയായി. യേശുക്രിസ്തു എന്റെ രക്ഷകനാണ് എന്ന സത്യം ഞാനും എന്റെ സ്വന്തം അനുഭവത്തിലൂടെ അറിയുന്നു. അതിനാൽ ഞാനിന്നൊരു ക്രിസ്ത്യാനിയാണ്". ഇപ്രകാരമുള്ള അവളുടെ മറുപടികേട്ട് ബുദ്ധഭിക്ഷു അവളെ പിടിച്ച് ഇരുട്ടു നിറഞ്ഞ ഒരു മുറിയിൽ അടയ്ക്കുകയും ഇരുപത്തിനാലുമണിക്കൂർ അവൾക്ക് വെള്ളമോ ഭക്ഷണമോ നൽകാതിരിക്കുകയും ചെയ്തു. ഇരുപത്തിനാലുമണിക്കൂർ കഴിഞ്ഞപ്പോൾ അവൾ ഭക്ഷണം ആവശ്യപ്പെടും എന്ന് ബുദ്ധഭിക്ഷു വിചാരിച്ചു. എന്നാൽ ഏറ്റവും അത്ഭുതകരമായ കാര്യം, അവൻ അവിടെ കേട്ടത് അവളുടെ സംഗീതമായിരുന്നു! അവൻ വീണ്ടും ഭക്ഷണവും വെള്ളവും നൽകാതെ അവളെ മുറിയിൽ അടച്ചു. മൂന്ന് ദിവസത്തിന് ശേഷം വാതിൽ തുറന്നപ്പോൾ അവളുടെ സംഗീതം അവന് കേൾക്കാൻ കഴിഞ്ഞില്ല. എന്നാൽ അവൾ ആ മുറിയുടെ കോണിൽ മുട്ടിന്മേൽ നിന്നുകൊണ്ട് ആരോടോ സംസാരിക്കുന്നു. അവളുടെ ചുണ്ടുകൾ ചലിക്കുന്നത് അവൻ കണ്ടു. എന്നാൽ അവൾ തന്റെ കണ്ണുകൾ അടച്ചിരുന്നു. അവൾ എന്താണ് പറയുന്നതെന്ന് അവൻ ശ്രദ്ധിക്കുവാൻ തുടങ്ങി: "കർത്താവേ, അങ്ങേയ്ക്കുവേണ്ടി ഈ കാര്യങ്ങൾ സഹിക്കുക എന്ന ബഹുമതി എനിക്ക് തന്നതിനാൽ ഞാൻ നന്ദിപറയുന്നു". യേശുക്രിസ്തു അവളിൽ ഇല്ലായിരുന്നെങ്കിൽ ഇത് അവൾക്ക് അസാധ്യമായിരുന്നു. "കർത്താവേ, ആ ബുദ്ധഭിക്ഷുവിനോടു ക്ഷമിക്കേണമേ, അവിടുത്തെ മഹത്വം കാണുന്നതിന് അവന്റെ ആത്മീയ കണ്ണുകളെ അങ്ങ് തുറക്കേണമേ". ബുദ്ധഭിക്ഷുവിന്റെ കണ്ണുകൾ നിറഞ്ഞു. അവൻ തന്റെ തലപ്പാവ് അവളുടെ കാൽക്കൽവച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു "പ്രായത്തിൽ ഞാൻ നിന്റെ മുത്തച്ഛന് ഒപ്പമാണ്. എന്നാൽ ഇന്ന് നീ എന്റെ ഗുരുവായിത്തീർന്നിരിക്കുന്നു." പിന്നീട് ഒരിക്കൽ അവൻ എന്നെ കണ്ടുമുട്ടിയപ്പോൾ എന്നോടു പറഞ്ഞു "ആ പെൺകുട്ടിയിൽ നിന്നു പഠിക്കാൻ കഴിഞ്ഞ അത്രയും താങ്കളിൽ നിന്നു ഞാൻ പഠിച്ചിട്ടില്ല".

ഞാൻ വളരെയധികം നന്ദിയുള്ളവനായിത്തീർന്നു. പരിപൂർണ്ണതയിലേക്കുള്ള തന്റെ മാർഗ്ഗത്തിൽ അവൾ സ്വന്തജീവിതം രക്ഷകന് പ്രവർത്തിക്കുന്നതിന് വേണ്ടി പൂർണ്ണമായി ഏല്പിച്ചുകൊടുത്തു!

ഈ സംഭവം അറിഞ്ഞുകഴിഞ്ഞപ്പോൾ ഞാൻ മുഴുവനായും പൂർണമായും തൃപ്തനായിത്തീർന്നു. അവിടുത്തെ അനുഗമിക്കുന്നവർക്കു തന്നെ അറിയാം. നമ്മളും അവിടുത്തേക്കുവേണ്ടി പൂർണമായി ജീവിച്ചാൽ മാത്രമേ തന്നെ അറിയാൻ കഴിയൂ. അവിടുത്തേക്കുവേണ്ടി ജീവിക്കാതെ യേശുവിനെ അറിയാൻ ഞാൻ ചെറുപ്പത്തിൽ ശ്രമിച്ചു പക്ഷേ എനിക്കു ദൈവത്തെ കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ യേശുവിനെക്കുറിച്ചു ചില കാര്യങ്ങൾ ഉപരിപ്ലവമായി മനസ്സിലാക്കി തന്നെ വെറുക്കുവാനും തനിക്കെതിരെ പ്രവർത്തിക്കുവാനും ഞാൻ തുടങ്ങിയപ്പോൾ യേശുതന്നെത്തന്നെ എനിക്കു വെളിപ്പെടുത്തുകയായിരുന്നു.

നേപ്പാളിലും ടിബറ്റിലും സുവിശേഷ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരിക്കെ, ഒരു സ്ഥലത്ത് സംസാരിക്കുമ്പോൾ ക്രിസ്തീയതയെപ്പറ്റി ഞാൻ ഒരു വാക്കും സംസാരിച്ചില്ല എന്നാൽ "എന്റെ രക്ഷകൻ എനിക്കുവേണ്ടി എന്താണ് ചെയ്തതെന്ന സാക്ഷ്യം ഞാൻ പങ്കുവെയ്ക്കാം" എന്ന് ഞാൻ പറഞ്ഞു. അതേ തുടർന്ന് ഞാൻ അറസ്റ്റ് ചെയ്യപ്പെടുകയും ആറുമാസം

(ശേഷം പേജ് 42 ൽ)



മൂകസന്ദേശം-10

# ഇടയനായ്ക്കൾ

**സന്ദീപ് പുന്നൻ**

**അ**ടുത്ത കാലത്ത് സ്വന്തമായി ഇടയനായയുള്ള ഒരു സ്നേഹിതനോടൊത്ത് താമസിക്കാൻ ഇടയായി. കാഴ്ചയിൽ മറ്റു നായ്ക്കളെപ്പോലെയിരിക്കുന്ന ആ നായ പെരുമാറ്റത്തിലും വ്യക്തിപരമായ രീതികളിലും തികച്ചും വ്യത്യസ്തത പുലർത്തിയിരുന്നു. വളരെ കുറച്ചുമാത്രം കുരയ്ക്കുന്ന അത് അവിശ്വസനീയമാം വിധം നിശ്ചയദാർഢ്യം പ്രകടിപ്പിച്ചിരുന്നു. വിശ്വസ്തനും ധീരനുമായിരുന്ന അവൻ വീട്ടുകാവലിൽ സമർത്ഥനായിരുന്നു. പ്രത്യേകിച്ച് കുഞ്ഞുങ്ങളുടെ കാര്യത്തിൽ അത്യന്തം ശ്രദ്ധാലുവായിരുന്നു.

ഇടയനായ്ക്കളെപ്പറ്റി കൂടുതൽ പഠിക്കാൻ ഈ സന്ദർശനം പ്രേരകമായി. പരിചയമുള്ള ആളുകളോട് അവ അത്യന്തം സ്നേഹപൂർവ്വം പെരുമാറിയിരുന്നു. മനുഷ്യരുടെ ഉറ്റതോഴരായിത്തീർന്ന ഇടയനായ്ക്കൾ അദ്ധ്വാനശീലരും കർത്തവ്യബോധം ഉള്ളവരുമത്രേ. ഇതരനായ്ക്കളോടും വളർത്തുമൃഗങ്ങളോടും ഇടചേർന്നു പോകാൻ അവയ്ക്കു കഴിയുമ്പോൾ അപരിചിതരോട് അല്പം അകലം പാലിക്കും. അനഭിമതരെ വഴിയിൽ തടയുവാൻ അവയ്ക്ക് യാതൊരു മടിയുമില്ലതാനും.

എന്നാൽ വനമദ്ധ്യേ മേച്ചിൽപ്പുറങ്ങളിലുള്ള അവയുടെ പെരുമാറ്റമാണ് എന്നെ ഏറ്റവുമധികം ആകർഷിച്ചത്. ഒരു ഇടയൻ തന്റെ സംരക്ഷണയിലുള്ള ആടുകളെ മേയിക്കുന്നതിലാണ് ഇത്തരം നായ്ക്കളുടെ സഹായം തേടുന്നത്. പർവ്വതപ്രദേശങ്ങളിൽ ആട്ടിൻ പറ്റത്തോടൊപ്പം ദീർഘസമയങ്ങൾ ഇടയൻ നായ്ക്കളെ കാവലാക്കാറുണ്ട്. ഒരിക്കലും ആടുകളെ ഉപേക്ഷിച്ച് അലഞ്ഞു നടക്കാത്ത ഇടയനായ്ക്കൾ തികച്ചും വിശ്വസ്തരത്രേ. ഹിംസ്രജന്തുക്കളെ വിശേഷാൽ ചെന്നായ്ക്കളെ എതിർത്ത് ഓടിക്കാൻ അവർ സദാ ജാഗരൂകരായിരിക്കും. എനിക്ക് രസകരമായിത്തോന്നിയ ഒരു കാര്യം പൊതുവേ ആടുകൾക്ക് ഇടയനായ്ക്കളെ വലിയ ഇഷ്ടമല്ല എന്നതാണ്. ആടുകളെ ആക്രമിക്കുന്ന ചെന്നായ്ക്കളെപ്പോലെ കൂർത്ത കോമ്പല്ലുകൾ ഇടയനായ്ക്കൾക്കുണ്ടെങ്കിലും അവ ഒരിക്കലും ആടുകളെ ഉപദ്രവിക്കയോ ദോഷം വരുത്തുകയോ ചെയ്യുകയില്ല.

ഇതിനർത്ഥം ആടുകളുടെ ഇഷ്ടത്തിന് പോകാൻ അവയെ അനുവദിക്കുമെന്നല്ല. ആടുകളുടെ സുഖത്തെക്കാൾ അവയുടെ സുരക്ഷിതത്വമാണ് നായ്ക്കളുടെ ദൗത്യം. ഭൂമിയും, അന്തരീക്ഷവും മണത്തു നോക്കി, ഇടവും വലവും ശ്രദ്ധിച്ച്, മുമ്പും പിമ്പും ശത്രുക്കളെക്കുറിച്ച് ജാഗ്രതയോടെ നീങ്ങുന്ന ഇടയനായ് ചെന്നായുടെ ഒരു ഗന്ധമെങ്കിലും ലഭിച്ചാൽ തൽക്ഷണം ആടുകളെ അണിചേർത്ത് സുരക്ഷിത സ്ഥാനത്തേയ്ക്ക് നയിക്കുകയായി. ചെന്നായ് പ്രത്യക്ഷപ്പെടുന്നതുവരെ ഇടയനുപകരം അവയെ സംരക്ഷിക്കുന്ന കർത്തവ്യബോധമുള്ള ഈ നായയെ ആടുകൾ ഗൗനിക്കാറില്ല എന്നതാണ് സത്യം! ശത്രു ആക്രമിക്കാൻ അടുക്കുമ്പോൾ ആടുകൾ ഒരുപോലെ ഇടയനായയെ ശ്രദ്ധിക്കയും ചെന്നായിൽ നിന്നും രക്ഷപ്പെടാൻ നായ ആഗ്ര

**ദൈവഭക്തരായ ആത്മീയ നേതാക്കളെ ഒരിക്കലും നമ്മുടെ ശത്രുക്കളായി തെറ്റിദ്ധരിച്ചുകൂടാ. ആട്ടിൻകൂട്ടത്തിന് ദോഷകരമായ ഒന്നും തന്നെ അവർ ചെയ്യില്ല. ആടുകളെ മൂക്കുകയറിട്ട് വരുതിയിൽ നിർത്താൻ അവർക്ക് യാതൊരു താത്പര്യവുമില്ല. ചെന്നായ്ക്കളുടെ തന്ത്രപൂർവ്വമുള്ള ആക്രമണത്തിൽ നിന്ന് ആടുകളെ സംരക്ഷിക്കുക മാത്രമാണ് അവരുടെ ലക്ഷ്യം.**

ഹിക്കുന്ന എന്തും ചെയ്യാൻ തയ്യാറാകയും ചെയ്യുന്നു. ചെന്നായിൽ നിന്ന് അവയ്ക്കുള്ള ഏക രക്ഷ ഇടയനായ ആണെന്ന ബോദ്ധ്യം അതിന്റെ പിറകിൽ അഭയം തേടാൻ അവയെ നിർബ്ബന്ധിക്കുന്നു.

ആടുകളും ഇടയ നായ്ക്കളും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം ഞാൻ ശ്രദ്ധിക്കുകയായിരുന്നു. ചെന്നായ്ക്കൾ എന്നൊരു ശത്രു ഇല്ല, അങ്ങനെ ഒരപകടം ഒരിക്കലും വരില്ല എന്ന ചിന്തയിലാണ് ആടുകൾ ജീവിക്കുന്നത്. എന്നാൽ ഏതു സമയത്തും ചെന്നായ് ആടുകളെ ആക്രമിക്കാം എന്ന ബോദ്ധ്യത്തിലാണ് ഇടയനായ്ക്കൾ. അവയെ ഏൽപ്പിച്ചിരിക്കുന്ന ആടുകളെ സംരക്ഷിക്കുന്ന കാര്യത്തിലാണ് അവരുടെ നിലനിൽപ്പുതന്നെ.

നിസ്വാർത്ഥനായ സംരക്ഷകന്റെ എത്ര മനോഹരമായ ചിത്രം! ബലഹീനർക്കുവേണ്ടി ത്യാഗംവരിക്കുന്നതിന്റെ എത്രമനോഹരമായ ദൃഷ്ടാന്തം!! യേശു നമ്മുടെ നല്ല ഇടയനാണെന്ന് ഏവർക്കും അറിയാം. യോഹന്നാന്റെ സുവിശേഷത്തിലൂടെ യേശു വളരെയധികം ഇതിനെപ്പറ്റി പറയുന്നുണ്ട്. നാം അവന്റെ ആടുകളത്രേ. ഈ ചിന്ത മനസ്സിലുള്ള എനിക്ക് ഇടയനായയുടെ ജീവിതം വലിയ പ്രചോദനമായി. എനിക്ക് ഇടപഴകാൻ ദൈവം അവസരം നൽകുന്ന ആടുകൾക്ക് നല്ല ഇടയന്റെ ഒരു ഇടയനായയെപ്പോലെ സഹായമായിരിക്കാൻ ഇതെനിക്ക് പ്രേരണ നൽകുന്നു.

ഇടയനായയുടെ പണി ആരിൽ നിന്നും നന്ദികിട്ടാത്തതാണ്. സഭയിലും മിക്കപ്പോഴും ഇങ്ങനെ തന്നെ. സഭയാം ശരീരത്തെ സഹായിക്കാനായി സമയവും ഊർജ്ജവും ചെലവഴിക്കുന്നവർ മിക്കപ്പോഴും അവഗണിക്കപ്പെടുന്നു എന്നു മാത്രമല്ല അവരെ ഒരു ശല്യമായി, തടസ്സമായി, കാണുന്നവരാണ് അധികവും. ആത്മീയരായ ഇടയന്മാർ ദൈവവചനത്തിൽ സത്യങ്ങൾ പ്രസംഗിക്കുമ്പോൾ പാപത്തെയും വഞ്ചനയേയും തുറന്നു കാട്ടും എന്നത് സത്യമാണ്. ഹൃദയത്തെ കീറിമുറിക്കുന്ന പരിശുദ്ധാത്മാവിന്റെ ബോദ്ധ്യം അപ്പോൾ ഉണ്ടാകാറുണ്ട്. ഇടയനായ്ക്കൾക്ക് ചെന്നായുടേതുപോലെ മൂർച്ചയുള്ള കോമ്പല്ലുകൾ ഉള്ളതിനാൽ ദൈവഭക്തിയുള്ള നേതാക്കൾ ആത്മാവിന്റെ വാൾ ഉപയോഗിക്കുമ്പോൾ ആട്ടിൻകൂട്ടത്തിന് അസ്വസ്ഥത ഉണ്ടായെന്നും വരാം. എന്നാൽ ദൈവഭക്തരായ ആത്മീയ നേതാക്കളെ ഒരിക്കലും നമ്മുടെ ശത്രുക്കളായി തെറ്റിദ്ധരിച്ചുകൂടാ. ആട്ടിൻകൂട്ടത്തിന് ദോഷകരമായ ഒന്നും തന്നെ അവർ ചെയ്യില്ല. ആടുകളെ മൂക്കുകയറിട്ട് വരുതിയിൽ നിർത്താൻ അവർക്ക് യാതൊരു താത്പര്യവുമില്ല. ചെന്നായ്ക്കളുടെ തന്ത്രപൂർവ്വമുള്ള ആക്രമണത്തിൽ നിന്ന് ആടുകളെ സംരക്ഷിക്കുക മാത്രമാണ് അവരുടെ ലക്ഷ്യം.

നല്ല ഇടയനെ തന്റെ ആടുകളെ സംരക്ഷിക്കുന്ന കാര്യത്തിൽ ഏതെങ്കിലും വിധത്തിൽ സഹായിക്കാൻ എനിക്ക് കഴിയണമെങ്കിൽ ഞാൻ കേവലം ഒരു ആടുമാത്രമായിരി





**ചെന്നായുടെ ആക്രമണസമയത്താണ് നല്ല ഇടയനെ ഞാൻ പ്രതിനിധാനം ചെയ്യേണ്ടത്. ആടുകൾക്ക് കേടുവരുത്താതെ ആത്മാവിന്റെ വാളുകൊണ്ട് ശക്തിയായി ചെന്നായ്ക്കളോടു പോരാടേണ്ടത് ആ സമയത്താണ്. അതിന്റെ അർത്ഥം എന്റെ പേരും പെരുമയും, സ്വയജീവനേയും ആടുകളുടെ രക്ഷയ്ക്കായും അവയെ ജീവന്റെ പാതയിൽ നടത്തേണ്ടതിനായും ഞാൻ അടിയറ വെയ്ക്കാൻ തയ്യാറാവും എന്നാണ്.**

ക്കാതെ എല്ലാ ദിവസവും ഒരു ഇടയനായ് ആയിരിക്കാൻ ബോധപൂർവ്വം ശ്രദ്ധിക്കണം. അതിന്റെ അർത്ഥം നല്ല ഇടയന്റെ ജീവിതം എറ്റവും അടുത്തു നിന്ന് ശ്രദ്ധിക്കാനും പഠിക്കാനും ഞാൻ ഉത്സാഹിക്കണം. ബാഹ്യമായ പ്രവൃത്തികൾക്കുമപ്പുറത്ത് ഈ നല്ല ഇടയനെ ഞാൻ മനസ്സിലാക്കണം. അവിടുത്തെ ഹൃദയത്തിന്റെ ലക്ഷ്യങ്ങളാണ് ഞാൻ ഗ്രഹിക്കാൻ ആഗ്രഹിക്കുന്നത്. സ്വന്തം താത്പര്യത്തെക്കാൾ ഏറെ തന്റെ ആടുകളുടെ താത്പര്യം എപ്പോഴും മുമ്പിൽ വച്ച് അവിടുത്തെ ഹൃദയത്തെ ശക്തീകരിച്ച കാര്യങ്ങൾ ഞാൻ തിരിച്ചറിയണം. അവിടുത്തെ ജീവിതത്തിൽ സദാ ഉണ്ടായിരുന്ന അതേ ആത്മാവിനെ ഞാനും ആഗ്രഹിക്കേണ്ടിയിരിക്കുന്നു.

സ്വസ്ഥതയുടെയും വിശ്രമത്തിന്റെയും സന്ദർഭങ്ങൾ ക്രിയാത്മകമായ പോരാട്ടത്തിനായി തയ്യാറെടുക്കുന്ന അവസരങ്ങളാണ്. എന്തുവില കൊടുത്തും ആടുകളെ രക്ഷിക്കുക എന്നതാണ് വലിയ ഇടയന്റെ വാഞ്ഛ. എന്നതിനാൽ അത് എന്റെയും ഹൃദയ വാഞ്ഛയായിത്തീരണം. ഇതിനായി ദൈവിക വാഗ്ദാനങ്ങളാൽ ഞാൻ സജ്ജനാകുന്നു. ദൈവത്തിന്റെ എല്ലാ ആയുധങ്ങളും സദാ ധരിച്ചവനായി ജീവിക്കുവാൻ ഞാൻ പരിചയിക്കുന്നു. ചെന്നായ് ആക്രമിക്കാൻ പദ്ധതി ഇടുന്നുണ്ട് എന്ന് എനിക്കറിയാം. എപ്പോഴാണെന്ന് പക്ഷേ എനിക്കറിഞ്ഞുകൂടാ. അതിനാൽ ഞാൻ സദാ ജാഗരൂകനായിരിക്കുന്നു. ചെന്നായുടെ ആക്രമണ സമയത്താണ് നല്ല ഇടയനെ ഞാൻ പ്രതിനിധാനം ചെയ്യേണ്ടത്. ആടുകൾക്ക് കേടുവരുത്താതെ ആത്മാവിന്റെ വാളുകൊണ്ട് ശക്തിയായി ചെന്നായ്ക്കളോടു പോരാടേണ്ടത് ആ സമയത്താണ്. അതിന്റെ അർത്ഥം എന്റെ പേരും പെരുമയും, സ്വയജീവനേയും ആടുകളുടെ രക്ഷയ്ക്കായും അവയെ ജീവന്റെ പാതയിൽ നടത്തേണ്ടതിനായും ഞാൻ അടിയറ വെയ്ക്കാൻ തയ്യാറാവും എന്നാണ്. എഫെസോസിലെ സഭയുടെ മൂപ്പന്മാരോട് പൗലോസ് ഇതത്രേ പറയുന്നത്. പ്രവൃത്തികൾ 20-ാം അദ്ധ്യായം 28 മുതൽ 30 വരെയുള്ള വചനങ്ങളുടെ സ്വതന്ത്ര പരിഭാഷ ഇപ്രകാരമാണ്:-

“ഇനി ഉത്തരവാദിത്വം നിങ്ങളുടേതാണ്. നിങ്ങളേയും നിങ്ങളുടെ പരിപാലനത്തിലുള്ള ആടുകളെയും സൂക്ഷിച്ചുകൊൾക. ദൈവത്തിന്റെ ജനത്തെ സംരക്ഷിക്കാനായി പരിശുദ്ധാത്മാവാണ് നിങ്ങളെ അവരുടെ ഉത്തരവാദിത്വം ഏല്പിച്ചത്. സ്വന്തം ജീവൻ നൽകാൻ തക്കവണ്ണം വിലയുള്ളവരായി അവരെ ദൈവം കണ്ടല്ലോ? ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ തങ്ങളുടെ പിന്നാലെ വലിച്ചു കൊണ്ടുപോകുന്ന കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ നിന്നു തന്നേ എഴുന്നേൽക്കും. അതിനാൽ ഉണർന്നിരിക്കുകയും നിങ്ങളെതന്നെ സൂക്ഷിക്കുകയും ചെയ്വിൻ.

നല്ല ഇടയനുവേണ്ടി ദൈവം വിശ്വസ്തരും ത്യാഗപൂർണ്ണരുമായ അനേകം ‘ഇടയനായ്ക്കളെ’ എഴുന്നേൽപ്പിക്കട്ടെ...!!

# ഇസബെൽ മില്ലർ: ലിസുവംശജരുടെ മിഷനറി

മാത്യു ജോർജ്

**കേ**വലം അമ്പത്തിയഞ്ചു വർഷം മാത്രം നീണ്ട ഹ്രസ്വമായ ഒരു ജീവിതം. ചൈനയിലെ യുനാൻ പ്രവിശ്യയിലെ ലിസു വംശജരുടെയും ഉത്തര തായ്‌ലൻഡിലെ ലിസു വംശജരുടെയും മിഷനറി. ചൈന ഇൻലാന്റ് മിഷനിൽ ഭർത്താവായ ജോണിനോടൊപ്പം പ്രവർത്തിച്ച ഇസബെൽ ഒരു ബഹുമുഖ പ്രതിഭയായിരുന്നു. വേദപുസ്തക പരിഭാഷിക, വേദാദ്ധ്യാപിക, സുവിശേഷ വേലക്കാരി, സഭാസ്ഥാപക, എഴുത്തുകാരി എന്നിങ്ങനെ അവരുടെ കരസ്പർശം ഏൽക്കാത്ത ക്രിസ്തീയ പ്രവർത്തനമേഖലകൾ വിരളമാണ്.

കാനഡയിലെ ടൊറന്റോ പട്ടണത്തിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ പ്രാരംഭ വർഷത്തിൽ (1901 ഡിസംബർ 17) ഇസബെൽ സെലീന മില്ലർ ഭൂജാതയായി. 'ബെല്ലി' എന്നായിരുന്നു ഇസബെൽ മില്ലർ കുട്ടിക്കാലം മുതൽ അറിയപ്പെട്ടിരുന്നത്. വിവാഹജീവിതത്തിലും മിഷനറിവേലയിലും എല്ലാം ബെല്ലി എന്ന പേരിനാണ് പ്രചാരം ലഭിച്ചത്. പിതാവ് ഒരു അഗതിമന്ദിരത്തിൽ ദൈവ വചനം പ്രസംഗിച്ചിരുന്നു, ഒപ്പം കുടുംബസന്ധാരണത്തിനായി തൊഴിൽ ചെയ്കയും ചെയ്തിരുന്നു. മാതാവ് കാനഡായിലെ പ്രെസ്ബിറ്റേറിയൻ സഭയിലെ വനിതകളുടെ മിഷനറിപ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത വ്യക്തിയായിരുന്നു. സ്നേഹമുള്ള ഒരു ക്രിസ്തീയ ഭവനത്തിൽ വളർന്നു എങ്കിലും സ്നേഹവാനായ രക്ഷകനുമായി ഒരു 'കൂടിക്കാഴ്ച' ഇസബെല്ലിന് ഉണ്ടായില്ല എന്നതായിരുന്നു സത്യം. ബ്രിട്ടീഷ് കൊളംബിയ സർവ്വകലാശാലയിൽ വിദ്യാർത്ഥിനിയായിരിക്കുമ്പോൾ ഒരു അദ്ധ്യാപകന്റെ പരിഹാസവാക്കുകൾക്കു മുമ്പിൽ മനംനൊന്ത ബെല്ലി, ഇനിമേൽ തന്റെ മാതാപിതാക്കൾ പരിചയപ്പെടുത്താൻ ശ്രമിച്ച ദൈവത്തെ അന്വേഷിക്കേണ്ടതില്ല എന്ന തീരുമാനത്തിലെത്തി. തന്റെ മറ്റു ചില സഹപാഠികളെപ്പോലെ ബെല്ലിയും ഒരു അജ്ഞേയതാവാദി (Agnostic) ആയി. പരിഷ്കാരിണിയും ബുദ്ധിജീവിയും ആയി കലാലയാന്തരീക്ഷത്തിൽ അറിയപ്പെടാനുള്ള മോഹമായിരുന്നു ഇത്തരം മനംമാറ്റത്തിന്റെ പിമ്പിൽ. മദ്യപിക്കയോ പുകവലിക്കയോ ചെയ്യാതിരുന്നിട്ടും കലാലയത്തിൽ അവൾ പ്രസിദ്ധയായിരുന്നു. കോളേജിലെ നാടകസംഘത്തിൽ തുടക്കത്തിലേ അംഗമായ അവൾ ക്രിസ്തീയഉപദേശങ്ങൾ ഉപേക്ഷിച്ച് അജ്ഞേയതാവാദി ആയെങ്കിലും ഒരു 'നല്ല പെൺകുട്ടി'യായി മിക്കവരും അവളെക്കുറിച്ച് ചിന്തിക്കയും, ചിലർ അവളെ ഒരു 'ക്രിസ്ത്യാനി' എന്നു കരുതുകയും ഉണ്ടായി.

ആ കാലഘട്ടത്തിൽ ഒരു വലിയ പ്രതിസന്ധിയിലൂടെ ഇസബെൽ കടന്നുപോയി. വിവാഹം കഴിക്കാമെന്ന് വാക്കുകൊടുത്തിരുന്ന ചെറുപ്പക്കാരൻ അവളോട് അവിശ്വസ്തതനായിരുന്നു എന്ന തിരിച്ചറിവ് അവളെ ആത്മഹത്യാമുനമ്പിലെത്തിച്ചു. വിഷം കഴിച്ച് രാത്രിയിൽ ജീവിതം അവസാനിപ്പിക്കാൻ തുടങ്ങിയ സമയം അടുത്ത മുറിയിൽ ഉറങ്ങിയിരുന്ന സ്നേഹമുള്ള പിതാവിന്റെ ഉറക്കത്തിലെ ഞരക്കത്തിന്റെ ശബ്ദം ശ്രവിച്ച ആ 'പ്രിയപ്പെട്ട മകൾ' അത്ഭുതകരമായി മനസ്സു മാറ്റി ജീവിതത്തിലേക്ക് മടങ്ങുകയായിരുന്നു. എന്തു ചെയ്യണം എന്നറിയാതെ കിടപ്പുമുറിയിലേക്ക് മടങ്ങിയ ഇസബെൽ ഡാന്റേയുടെ ഒരു കവിതയിലെ വരികൾ ഓർക്കാൻ ഇടയായി. 'അവിടുത്തെ ഹിതത്തിലാണ് നമ്മുടെ സമാധാനം" എന്ന ചിന്ത ദൈവാസ്തിത്വത്തിന്റെ സാദ്ധ്യതയിലേക്ക് അവളുടെ മനസ്സിനെ കൊണ്ടുവരികയും താൻ ആ സമയത്ത് ദൈവഹിതത്തിൽ അല്ലെന്ന സത്യം ഗ്രഹിക്കയും ചെയ്തു. മനുഷ്യനെ മയക്കുന്ന 'കറുപ്പായ' മതത്തെ വെറുത്തിരുന്ന ഇസബെൽ കൈകൾ ഉയർത്തി ദൈവത്തോട് പ്രാർത്ഥിച്ചു. "ദൈവമേ അവിടുന്ന് യാഥാർത്ഥ്യമാണെങ്കിൽ അത് എനിക്ക് തെളിയിച്ചു തരിക. എനിക്ക് സമാധാനം തരിക". ദൈവം അവളുടെ പ്രാർത്ഥന കേട്ടു. യേശുക്രിസ്തുവിന്റെ ജീവിതം ശ്രദ്ധാപൂർവ്വം പഠിക്കാൻ തുടങ്ങിയ ഇസബെൽ തുടക്കത്തിൽ ഒരു രഹസ്യക്രിസ്ത്യാനി ആയിരുന്നു. ലൗകികമായ അന്വേഷണങ്ങൾ പടിപടിയായി ഉപേക്ഷിച്ച അവൾക്ക് പ്രാർത്ഥന നിരന്തരം ഒരു പോരാട്ടമായിരുന്നു.

ബ്രിട്ടീഷ് കൊളംബിയ സർവ്വകലാശാലയിൽ നിന്നും 1922 മെയ്മാസം ഇസബെൽ ഇംഗ്ലീഷ് ഭാഷയിൽ ബിരുദം നേടി. അദ്ധ്യാപകവൃത്തിക്കുള്ള യോഗ്യത നേടാൻ തുടർന്ന് അഞ്ചുമാസം നോർമൽ സ്കൂളിൽ പഠിക്കണമായിരുന്നു. കോളേജ് വിദ്യാർത്ഥികളെ പഠിപ്പിക്കണം എന്നതായിരുന്നു ഇസബെലിന്റെ ആഗ്രഹം. വാൻകുവറിലെ സിസിൽ റോഡ്സ് സ്കൂളിൽ ഒരു വർഷം പഠി







മിഷൻ ഫീൽഡിലെ ബഹുമുഖപ്രതിഭ: ഇസബെൽ മില്ലർ

പ്പിക്കയും, മാതാപിതാക്കൾ കാനഡയിലെ മറ്റൊരിടത്തേക്ക് താമസം മാറ്റിയതിനാൽ തനിയെ താമസിക്കയും ചെയ്തു. ആ കാലത്താണ് പ്രസിദ്ധനായ മിഷനറി ജെയിംസ് ഓ ഫ്രേസറേ പരിചയപ്പെട്ടത്. ഫ്രേസറുടെ സന്ദേശങ്ങൾ ഇസബെലിനെ മിഷനറിവേലയിലേക്ക് തിരിക്കയായിരുന്നു. ചിക്കാഗോയിലെ മൂഡി ബൈബിൾ സ്കൂളിൽ പഠിക്കാൻ ഒരു ക്രിസ്തീയ സ്നേഹിത യാത്രക്കൂലി നൽകി നിർബ്ബന്ധിച്ചയയ്ക്കുകയായിരുന്നു. അവിടെ പഠിക്കുമ്പോൾ ബർമ്മാ ടിബറ്റ് അതിർത്തിയിലെ ലിസു വർഗ്ഗക്കാരുടെ ജീവിതം അവരുടെ ശ്രദ്ധ ആകർഷിക്കാൻ തുടങ്ങി. ലിസു വംശജർക്കുവേണ്ടി പിൽക്കാലത്ത് തന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കാൻ ദൈവം ഇസബെല്ലിനെ ഒരുക്കി എടുത്തു. ബൈബിൾ സ്കൂൾ പഠനകാലത്ത് പരസ്യയോഗങ്ങൾ നടത്തുകയും, ഭവനസന്ദർശനത്തിനായി മറ്റുള്ളവരോടൊപ്പം പോകയും പിയാനോ വായിക്കാൻ പഠിക്കയും ചെയ്തിരുന്നു. പഠനത്തിനായി ഇടയ്ക്ക് ജോലികൾ

ചെയ്യാനും ഇസബെലിന് മടിയില്ലായിരുന്നു.

മൂഡി ബൈബിൾ സ്കൂളിൽ ഒരു വർഷം മുമ്പേ ചേർന്ന ജോൺ ബെക്കർ കൂൺ എന്ന ഭാവി ഭർത്താവിനെ കണ്ടുമുട്ടിയതും ഈ കാലത്തായിരുന്നു. തന്നെപ്പോലെ മറ്റൊരു 'സ്വപ്നജീവി' എന്ന് ഇസബെൽ വിശേഷിപ്പിച്ച ജോൺ പഠനം പൂർത്തിയാക്കി ആദ്യം ചൈനയിലേക്കു മിഷനറിയായിപ്പോയി.

ഇസബെലിന്റെ അമ്മയ്ക്ക് മകളോട് അത്യധികം സ്നേഹമായിരുന്നതിനാൽ ചൈനയിൽ മിഷനറിയായി അവൾ പോകുന്നത് അസഹ്യമായിരുന്നു. "എന്റെ ശവത്തിൽ ചവിട്ടി മാത്രമേ നീ മിഷനറിയായിപ്പോകൂ" എന്ന പറഞ്ഞ ആ അമ്മയുടെ വാക്കുകൾക്കു മുമ്പിൽ അവൾ വിതുമ്പി. മാതാപിതാക്കളെ ബഹുമാനിക്കണം എന്ന് ചെറുപ്പക്കാരിയായ ആ ക്രിസ്ത്യാനിക്ക് നിർബ്ബന്ധമുണ്ടായിരുന്നു. മൂഡി ബൈബിൾ സ്കൂളിലെ പഠനകാലത്ത് ഒരു ശസ്ത്രക്രിയാവേളയിൽ അമ്മ മരിച്ചു. മരണത്തിന് മുമ്പ് ആ അമ്മ പറഞ്ഞു: "എന്റെ മകൾ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു". ചൈനാ ഇൻലാൻഡ് മിഷനിൽ ഒരു മിഷനറിയായി പ്രവർത്തിക്കാനുള്ള ഇസബെല്ലിന്റെ അപേക്ഷ ആദ്യം നിരസിക്കപ്പെട്ടു. ബൈബിൾ സ്കൂൾ പഠനം പൂർത്തിയായി രണ്ടുവർഷത്തെ കാത്തിരിപ്പിനുശേഷമാണ് അവർക്ക് ചൈനയിലേക്ക് പോകാൻ കഴിഞ്ഞത്. ഈ രണ്ടുവർഷത്തെ കാത്തിരിപ്പിനിടയിൽ പൂർണ്ണ സമയം അദ്ധ്യാപികയായിരിക്കാൻ ഒരു കരാറിൽ ഒപ്പിടാൻ ഇസബെൽ ധൈര്യപ്പെട്ടില്ല. ഹ്രസ്വമായ ഒരു മുന്നറിയിപ്പുമാത്രം നൽകി ചൈനയിലേക്ക് തന്നെ പറഞ്ഞയ്ക്കും എന്ന് അറിയാമായിരുന്ന അവർ തുച്ഛമായ പ്രതിഫലത്തിൽ ബിസിനസ്സിലും മറ്റ് തൊഴിലുകളിലും ഏർപ്പെട്ടിരുന്ന സ്ത്രീകളോട് സുവിശേഷം അറിയിക്കാൻ അവസരം ലഭിക്കുന്ന ഒരു ജോലി ഏറ്റെടുത്തു.

1928 ഒക്ടോബർ മാസം 11-ാം തീയതി കാനഡയിലെ വാൻ കൂവറിൽ നിന്നും കപ്പൽ മാർഗ്ഗം ഇസബെൽ ചൈനയിലേക്ക് യാത്രതിരിച്ചു. ചെറുപ്പക്കാരിയായ ഈ മിഷനറി വനിത ലുസു വർഗ്ഗക്കാരുടെ ഇടയിലെ ക്ലേശകരമായ ജീവിതത്തിന് ഒട്ടും തന്നെ ഒരുക്കപ്പെട്ടിരുന്നില്ല എന്നതായിരുന്നു സത്യം. വിവാഹനിശ്ചയം ചെയ്തിരുന്ന ജോൺ ഒരു വർഷം മുമ്പേ ആ പ്രദേശത്ത് എത്തിയിരുന്നതിനാൽ ഇത്തരം ജീവിത രീതിയോട് പൊരുത്തപ്പെട്ടിരുന്നു. ദാരിദ്ര്യം, ലിസു ഭക്ഷണരീതി, തിക്കിത്തിരക്കുന്ന ആൾക്കൂട്ടം ഇതെല്ലാം ഇസബെലിന് പുത്തൻ അനുഭവങ്ങളായിരുന്നു. കൂടെക്കൂടെ കർത്താവിന്റെ മുമ്പാകെ മുട്ടിന്മേൽ നിന്ന് സഹായത്തിനായി അവർ നിലവിളിക്കുമായിരുന്നു. കർത്താവ് സഹായിക്കതന്നെ ചെയ്തു. താമസിയാതെ പ്രാണികളുടെയും ഈച്ചകളുടെയും ശല്യം സഹിക്കാൻ പഠിച്ചു. മാത്രമല്ല, കാണുമ്പോൾ തന്നെ മനം മടുപ്പിച്ചിരുന്ന ലിസു ഭക്ഷണങ്ങൾ ആസ്വദിക്കാനും അവർക്കു കഴിഞ്ഞു. 1929 നവംബർ 4-ാം തീയതി യുനാൻ പ്രവിശ്യയുടെ തലസ്ഥാനമായ കുൺമിംഗിൽ വച്ച് ഇസബെലും ജോൺ കുൺ എന്ന 'സ്വപ്നജീവിയും' വിവാഹിതരായി. തുടർന്നുള്ള നാലു പതിറ്റാണ്ട് അവർ ഇരുവരും വിശ്വസ്തതയോടെ ലിസു വംശക്കാരെ സേവിച്ചു. ദൈവരാജ്യത്തിന്റെ സന്ദേശവാഹകരായി. അവരുടെ ആത്മിക വഴികാട്ടിയായിരുന്ന ജെ. ഓ. ഫ്രേസറും അവരോടൊപ്പം 1938 വരെ മിഷനറിവേലയിൽ ഏർപ്പെട്ടു. മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന ജോൺ കുൺ പലപ്പോഴും ദീർഘനാളുകൾ ദൂരസ്ഥലങ്ങളിൽ കഴിയേണ്ടിവന്നിരുന്നു. അപ്പോഴും തനിയേ ഇസബെൽ പ്രവർത്തനരംഗം വിടാതെ വിശ്വസ്തത പാലിച്ചു. ആദ്യം യുനാൻ പ്രവിശ്യയിലെ ചെംങ്ചിയാംഗിലും തുടർന്ന് തളി എന്ന പുതിയ സ്ഥലത്തും അവർ പ്രവർത്തിച്ചു. രണ്ടാമത്തെ മിഷനറി സ്റ്റേഷനിൽ വച്ചാണ് ആദ്യത്തെ കൺമണി -കാത്തറിൻ ആൻ 1931 ൽ പിറന്നത്. മുസ്ലീം ജനസംഖ്യ അധികമുള്ള യോംഗ് പിംഗ് എന്ന സ്ഥലത്ത് 1932 -34 കാലഘട്ടത്തിൽ ജോൺ-ഇസബെൽ ദമ്പതിമാർ അദ്ധ്വാനിച്ചു 1934 മുതൽ 1960 വരെ ചൈനയുടെ തെക്ക് കിഴക്കൻ മേഖലയിലെ ലിസു വംശജരുടെ ഇടയിൽ അവർ മിഷനറിവേല ചെയ്തു. 'ലിസുലാൻഡിൽ' എത്തി 16 മാസം കഴിഞ്ഞ് ആദ്യമായി അവർ വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലേക്ക് ഒഴിവുകാലം ചെലവഴിക്കാൻ പോയി. ജോൺ 10 വർഷവും ഇസബെൽ 8 വർഷവും മിഷൻ ഫീൽഡിൽ ചെലവഴിച്ചശേഷമാണ് സ്വന്തക്കാരെ കാണാൻ അവസരം ലഭിച്ചത്.

ലിസുലാൻഡിൽ മടങ്ങി എത്തിയ ശേഷമാണ് 'ബെല്ലി'ക്ക് രണ്ടാമത്തെ കുട്ടി പിറന്നത്. ഡാനിയെൽ ക്രെഡ്മാൻ എന്ന് അവർ അവനെ വിളിച്ചു. 1942-43 കാലഘട്ടത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി വെവ്വേറേ ബൈബിൾ സ്കുളുകൾ തുടങ്ങാൻ അവർക്ക് ദൈവം പ്രേരണ നൽകി. 'മഴക്കാല വേദപാഠശാല' എന്നത് ഇസബെല്ലിന്റെ മനസ്സിൽ ഉദിച്ച പുത്തൻ ആശയമായിരുന്നു. പ്രധാനമായും കാർഷികമേഖലയായിരുന്നു അവരുടെ പ്രവർത്തനരംഗം. മഴക്കാലം സാധാരണക്കാരായ ജനങ്ങളുടെ തൊഴിലിനെ ബാധിക്കുന്നതിനാൽ ധാരാളം പേർ കാര്യമായി ഒന്നും ചെയ്യാനില്ലാതെ വീടുകളിൽ കഴിയുന്ന സമയത്ത് ഇസബെൽ നടത്തിയ ബൈബിൾ പഠന ക്ലാസ്സുകൾ തികച്ചും ദൂരവ്യാപകമായ ഫലം ഉളവാക്കുന്നവയായിരുന്നു. സുവിശേഷ സത്യങ്ങളും ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങളും ജനഹൃദയങ്ങളിൽ വേരുന്നുവാൻ ഈ അവസരം അവർ നന്നായി ഉപയോഗിച്ചു. തൽഫലമായി ദൈവം ധാരാളം സുവിശേകന്മാരേയും ഇടയന്മാരേയും എഴുന്നേൽപ്പിക്കയും അവർ ക്രിസ്ത്രീയസന്ദേശം ചൈനയിലെ വിവിധ ഇടങ്ങളിൽ നിരവധി ആൾക്കാരുടെ അടുത്ത് എത്തിക്കയും ചെയ്തു.

ലിസുവംശജർ പാർക്കുന്ന സാൽവീൻ നദീതടത്തിൽ ഇസബെൽ കുൺ വേല ചെയ്തതിന് 50 വർഷങ്ങൾക്കുശേഷം ക്രിസ്തീയവിശ്വാസം തഴച്ചു വളരുന്നു എന്നത് അവരുടെ അദ്ധ്വാനത്തിന്റെ മഹത്വം വിളിച്ചു പറയുന്നു. 1950 ൽ യുനാൻ പ്രവിശ്യയിലെ ഫുഗോങ് എന്ന സ്ഥലത്തുള്ള 18000 പേരിൽ 3400 പേർ യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞവരായിരുന്നെങ്കിൽ 2007 ലെ കണക്കനുസരിച്ച് ആ പ്രദേശത്തെ എഴുപതിനായിരം ലിസു വർഗ്ഗക്കാരിൽ 80-90 ശതമാനം ക്രിസ്തീയവിശ്വാസികളാണ്. യുനാൻ പ്രവിശ്യമൊത്തമെടുത്താൽ ഏകദേശം 2 ലക്ഷത്തോളം ലിസു ക്രിസ്ത്യാനികൾ ഇന്നുണ്ട്. സ്ഫോടനാത്മകമായ ഈ ക്രിസ്തീയ വളർച്ചയെ തുടർന്ന് ലിസു ഭാഷയിലുള്ള 75000 ബൈബിളുകൾ ചൈനയിൽ നിയമാനുസൃതം അച്ചടിക്കപ്പെട്ടിട്ടുണ്ട്. ലിസുവംശജരുടെ ഇടയിൽ ഇന്ന് ക്രിസ്തീയ വിശ്വാസം ശക്തമായി നിലനില്ക്കുന്നതിന്റെ പ്രധാന കാരണം ഇസബെൽ മില്ലറുടെയും ജോൺ കുണിന്റെയും പ്രവർത്തനമാണ്.

ചൈനയിലെ കമ്യൂണിസ്റ്റ് വിപ്ലവം ബെല്ലിയേയും മകൻ ഡാനിയേയും രണ്ടുവർഷത്തേക്ക് രാജ്യം വിടാൻ നിർബ്ബന്ധിച്ചു. 1950 മാർച്ചുമാസത്തി

## പുസ്തകത്തിനു പകരം താക്കോൽ

എഡിൻബറോയിലെ ഒരു സഭാശുശ്രൂഷകനായിരുന്നു അലക്സാണ്ടർ വൈറ്റ്. എ.ബി. മെക്കാളെ എന്ന ക്രിസ്തീയ പണ്ഡിതൻ വൈറ്റിന്റെ അസിസ്റ്റന്റ് ആയിരുന്നു. വൃദ്ധനായ വൈറ്റ്, മെക്കാളെയെ ഏറെ സ്നേഹിച്ചിരുന്നു.

അങ്ങനെയിരിക്കെ മെക്കാളെ സ്വന്തമായി ഒരു സഭസ്ഥാപിച്ചു പ്രവർത്തിക്കുവാനായി റവ.വൈറ്റിന്റെ അസിസ്റ്റന്റ് എന്ന സ്ഥാനം രാജിവച്ചു. റവ. വൈറ്റിനോട് യാത്രപറയാനായി മെക്കാളെ എത്തി. റവ.വൈറ്റിന്റെ വീടിന്റെ അങ്കണത്തിൽ അല്പനേരം സംസാരിച്ചിരുന്നിട്ട് മെക്കാളെ എഴുന്നേറ്റ് വിട പറഞ്ഞു. അപ്പോൾ റവ. വൈറ്റ് ഇങ്ങനെ പറഞ്ഞു: "താങ്കൾ ഞങ്ങളെ വിട്ടുപോകുന്നതിനുമുമ്പ് ഒരു ചെറിയ സമ്മാനം നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു പുസ്തകമോ പടമോ താങ്കൾക്കു തരാമെന്നു ഞാൻ ആദ്യം കരുതി. പക്ഷേ അതുരണ്ടും താങ്കൾക്കു ധാരാളമുണ്ടല്ലോ.

അതുകൊണ്ട് ഇതിരിക്കട്ടെ" റവ. വൈറ്റ് പോക്കറ്റിൽ കൈയിട്ട് ഒരു താക്കോൽ എടുത്ത് മെക്കാളെയ്ക്ക് കൊടുത്തു. "ഇത് എന്റെ വീടിന്റെ രണ്ടു താക്കോലുകളിൽ ഒന്നാണ്. എഡിൻബറോയിൽ എപ്പോൾ വന്നാലും ദയവായി ഇതുപയോഗിക്കുക."

തന്റെ സഭ വിട്ടുപോകുന്ന ഒരാൾക്ക് സ്വന്തം വീടിന്റെ താക്കോൽ സമ്മാനിച്ച റവ. വൈറ്റ് ക്രിസ്തീയതയ്ക്ക് ഒരു പുതിയ ഭാഷ്യം ചമയ്ക്കുകയായിരുന്നു.

ലായിരുന്നു അത്. അവർ പോയി 18 മാസത്തിനുശേഷം ഭർത്താവായ ജോണിനും ചൈന വിടേണ്ടിവന്നു. എന്നാൽ ലിസു വംശജരോടുള്ള അടങ്ങാത്ത കടപ്പാട് അമേരിക്കയിൽ 2 വർഷത്തിലധികം ചെലവഴിക്കാൻ അവരെ അനുവദിച്ചില്ല. 1952 മുതൽ വടക്കൻ തായ്‌ലാന്റിലുള്ള ലിസു വംശജരുടെ ഇടയിൽ അവർ പ്രവർത്തനം ആരംഭിച്ചു. 1954 ആയപ്പോഴേക്കും ഇസബെൽ കാൻസർ രോഗബാധിതയായി. അമേരിക്കയിലെ വീറ്റൺ എന്ന സ്ഥലത്ത് ഭർത്താവിനോടൊപ്പം മൂന്നു വർഷത്തോളം കാൻസറിനോട് മല്ലടിച്ച ആ ധീര വനിത 1957 മാർച്ച് 20-ാം തീയതി കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. വീറ്റൺ കോളേജ് സഭയിലാണ് സംസ്കാരശുശ്രൂഷ നടന്നത്.

ബെല്ലിയുടെ ആത്മകഥാംശമുള്ള മിഷനറി ചരിത്രങ്ങൾ അവരുടെ നിര്യാണത്തിന്റെ 50-ാം വാർഷികത്തിലും പുസ്തകരൂപത്തിൽ ലഭ്യമാണ്. ഇന്നത്തെ മിഷനറി ആത്മാവുള്ള ക്രൈസ്തവരിൽ അവരുടെ ജീവിതത്തിനും ശുശ്രൂഷയ്ക്കും ഉള്ള സ്വാധീനം വളരെ വലുതാണ്.

ലിസുവംശജരുടെ ഇടയിൽ ചെലവഴിച്ച വർഷങ്ങളെക്കുറിച്ച് ഇസബെൽ ഒരിക്കൽ പറഞ്ഞതിപ്രകാരമാണ്: "ഞാൻ സ്വർഗ്ഗത്തിൽ എത്തുമ്പോൾ മറ്റുള്ളവർ എന്റെ കാലുകൾ മാത്രമേ കാണാൻ സാദ്ധ്യതയുള്ളൂ. കാരണം ലിസുവംശജരുടെ സഭകൾ എങ്ങനെയുണ്ട് എന്ന് കാണാനായി ഞാൻ സ്വർഗ്ഗത്തിന്റെ പൊൻമതിലിന്റെ മുകളിൽ കമഴ്ന്നുകിടന്ന് താഴേക്ക് നോക്കിക്കൊണ്ടിരിക്കയാവും". ജന്മദേശത്തു നിന്നും ആയിരക്കണക്കിനു മൈലുകൾ ദൂരെ ക്രിസ്തുവിന്റെ സ്നേഹം അറിയാത്ത അന്യഭാഷക്കാരായ ഒരു ജനതയ്ക്കുവേണ്ടി ഈ മിഷനറി വനിത ഹൃദയത്തിൽ സൂക്ഷിച്ച സ്നേഹത്തിന്റെ ആഴം അറിയാൻ ഈ വാക്കുകൾ പോരേ? ●



### മാതാപിതാക്കളും മക്കളും-5

# മക്കളെ മനസ്സിലാക്കുക

ജോസ് മാത്യു തിരുവനന്തപുരം

**ക്രി**സ്തീയമാതാപിതാക്കൾ തങ്ങളുടെ മക്കളെ സംബന്ധിച്ച് അത്യന്തം ഗൗരവാവഹമായ ഉത്തരവാദിത്വം വഹിക്കുന്നവരാണ് എന്നു നാം കണ്ടുകഴിഞ്ഞു. ഉത്ത രുവാദിത്വം നന്നായി നിർവ്വഹിച്ച നിരവധിപേരെയും എന്നാൽ അതിൽ പരാജയം സംഭവിച്ച മറ്റു ചിലരെയും പറ്റി നാം ചിന്തിക്കുകയുണ്ടായി.

ഇനി നാം ക്രിസ്തീയരക്ഷാകർത്തൃത്വത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏവയെന്നും അവയുടെ പ്രായോഗിക വശങ്ങളെന്തെന്നുമാണ് ചിന്തിക്കാൻ പോകുന്നത്. മാതാപിതാക്കളുടെ ഉത്തരവാദിത്വത്തെപ്പറ്റി സംക്ഷിപ്തമായി നമുക്കിപ്രകാരം പറയാം: 'ദൈവം ഏല്പിച്ചിട്ടുള്ള മക്കൾ ഓരോരുത്തരും ദൈവത്തെ അറിയുവാനും അവിടുത്തോട് വ്യക്തിപരമായ ബന്ധം സ്ഥാപിച്ച് വളരാനും അവരെ സഹായിക്കുക, പരിശീലിപ്പിക്കുക; ഒടുവിൽ അവർ എല്ലാവരും സന്തോഷത്തോടെ ദൈവസന്നിധിയിൽ വന്നു നിൽക്കുമെന്ന് ഉറപ്പുവരുത്തുക'.

**പ്രതിഫലമുള്ള ഉത്തരവാദിത്വം:** ഒരു ഭാരിച്ച ചുമതലയായി മാത്രം നാമിതിനെ കരുതരുത്; ഒപ്പം ഇതൊരു അനുഗൃഹീതപദവിയും കൂടിയാണ് എന്ന് നാം അറിഞ്ഞിരിക്കണം. നിങ്ങളുടെ ചുമതലകൾ സന്മനസ്സോടെ ഭംഗിയായി നിറവേറ്റുമ്പോൾ നിശ്ചയമായും ദൈവം നിങ്ങൾക്കു തക്ക പ്രതിഫലം നൽകും. മോശെയുടെ മാതാവിനോട് ഫറവോന്റെ പുത്രി പറയുന്നതു കേൾക്കുക:"നീ ഈ പൈതലിനെ കൊണ്ടുപോയി മുലകൊടുത്തുവളർത്തേണം; ഞാൻ നിനക്കു ശമ്പളം തരാം".[1] അതേ, നന്നായി നിർവ്വഹിക്കപ്പെട്ട ക്രിസ്തീയരക്ഷാകർത്തൃത്വം കനത്ത പ്രതിഫലം അർഹിക്കുന്നതു തന്നെയാണ്.

മക്കൾക്ക് ജന്മം നൽകുമ്പോൾ നാം സ്വയം ഉത്തരവാദികളായി മാറുകയാണ്. പിന്നീടൊരിക്കലും നമുക്കീ ചുമതലകളിൽനിന്ന് ഒഴിഞ്ഞു മാറാനാവില്ല. യഹൂദാ തന്റെ പിതാവായ യാക്കോബിനോട് പറയുന്ന വാക്കുകളിൽ മാതാപിതാക്കളുടെ ഉത്തരവാദിത്വം വ്യക്തമായി കാണാൻ കഴിയും:"ബാലനെ (ബെന്യാമീനെ) എന്നോടുകൂടെ അയയ്ക്കേണം; എന്നാൽ ഞങ്ങൾ പോകാം. ഞാൻ അവനുവേണ്ടി ഉത്തരവാദിയായിരിക്കാം; നീ അവനെ എന്റെ കൈയിൽ നിന്നു ചോദിക്കേണം. ഞാൻ അവനെ നിന്റെ അടുക്കൽ കൊണ്ടുവന്ന് അവനെ നിന്റെ മുമ്പിൽ നിറുത്തുന്നില്ലെങ്കിൽ ഞാൻ സദാകാലവും നിനക്കു (മുമ്പിൽ) കുറ്റക്കാരനായി

**മക്കളെ ചെറുപ്രായത്തിൽത്തന്നെ വേലക്കാരുടെ പക്കലോ ഹോസ്റ്റലിലോ ഏല്പിച്ചിട്ട് കടന്നുകളയുന്ന തലതിരിഞ്ഞ മുൻഗണനാക്രമം ഭാവിയിൽ പശ്ചാത്താപവും ഹൃദയവ്യഥകളുമായിരിക്കും സമ്മാനിക്കുക. അമ്മയപ്പന്മാരിൽ നിന്നും മക്കൾക്കു ലഭിക്കേണ്ട സ്നേഹം, കരുതൽ, ശിക്ഷണം, അഭ്യസനം എന്നിവ വേലക്കാരിൽ നിന്നോ എന്തിന്, വല്യപ്പൻ അഥവാ വല്യമ്മയിൽ നിന്നോ ഒരിക്കലും ലഭ്യമല്ല!**

ക്കൊള്ളാം"[2]

എങ്ങനെ നിറവേറ്റണം? സുപ്രധാനമായ ഒരു ചോദ്യമത്രേ ഇത്. ക്രിസ്തീയവിശ്വാസികൾ പോലും ഇക്കാലത്ത് ദൈവവചനമായ ബൈബിൾ നൽകുന്ന നല്ല പ്രമാണങ്ങളെ അവഗണിച്ചുകൊണ്ട് ആധുനിക മനഃശാസ്ത്രതത്വങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. എന്നാൽ പുറമേ ആകർഷകമായിത്തോന്നുന്ന ആ വഴികൾ അനന്തരതലമുറയെ നാശത്തിലേക്കാണ് നയിക്കുന്നത് എന്നവർ വൈകിയേ കണ്ടെത്തൂ. ആകയാൽ നമുക്ക് മനശ്ശാസ്ത്രജ്ഞന്മാരുടെ ആശയങ്ങളെ വിട്ട് തിരുവെഴുത്തുകളിലേക്കു തിരിയാം.

ക്രിസ്തീയമാതാപിതാക്കളുടെ ഉത്തരവാദിത്വത്തെ നാലായി തിരിക്കാം:

1. സ്നേഹിക്കുക
2. മാതൃക കാട്ടുക
3. അഭ്യസിപ്പിക്കുക
4. ശിക്ഷണം നൽകുക

യേശു തന്റെ പിതാവിനെ സൽഗുണപൂർണ്ണനായ ഒരു മാതൃകാപിതാവായിട്ടാണ് ചൂണ്ടിക്കാട്ടുന്നത്. "ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ"[3] നിത്യനായ ദൈവം തന്നെ ശരിയായ ഒരു പിതാവിന്റെ നിലവാരം നമുക്കു കാട്ടിത്തരുന്നു. ഏതൊരു പിതാവിന്റെയും മാതാവിന്റേയും ഉത്തമമാതൃക ദൈവം തന്നെയാണ്. ക്രിസ്തീയ രക്ഷാകർത്തൃത്വത്തിന്റെ ഏതു പടിയിലും സംശയനിവാരണത്തിനായി നമുക്ക് ദൈവത്തിലേക്കും അവിടുത്തെ വചനത്തിലേക്കും സധൈര്യം കടന്നു ചെല്ലാം.

"മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷിയുകയുമരുത്. കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനേയും തല്ലുന്നു... നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷകൂടാതെയിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല, അവിഹിതസന്തതികളത്രേ"[4]

പിതാവായ ദൈവം തന്റെ മക്കളെ സ്നേഹിക്കുന്നു; സകലത്തിലും അവർക്ക് മാതൃകയായിരിക്കുന്നു. അവരെ അഭ്യസനത്തിലും ശരിയായ ശിക്ഷണത്തിലും വളർത്തുന്നു. അങ്ങനെയെങ്കിൽ മാതാപിതാക്കളായ നാം നമ്മുടെ ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച് തെല്ലും വേവലാതിപ്പെടേണ്ട കാര്യമില്ല; പ്രാർത്ഥനാപൂർവ്വം ദൈവസന്നിധിയിൽ ചെല്ലുക. നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ മാതൃകനോക്കി ആ കാൽച്ചുവടുകളെ പിന്തുടർന്നാൽ മാത്രം മതി; നാം തെറ്റിപ്പോവുകയില്ല.

**കുട്ടികൾ എങ്ങനെയുള്ളവർ?**

മുൻപ്രസ്താവിച്ചതുപോലെ നമ്മുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിറവേറ്റുന്നതിന് മക്കളെ സംബന്ധിച്ചും അവരുടെ കഴിവുകൾ, വ്യക്തിത്വവികസന സാധ്യതകൾ, പരിമിതികൾ തുടങ്ങിയ





**വളരെ ക്ഷമയും സഹനവും മുതിർന്നവർക്കാവശ്യമാണ്. ശൈശവ-ബാല്യഘട്ടങ്ങളിലെ നിർദ്ദോഷമായ കുസൃതികൾ, പെരുമാറ്റവൈകൃതങ്ങൾ എന്നിവയെല്ലാം ക്ഷമയോടെ സ്വീകരിക്കുമ്പോൾത്തന്നെ, പ്രകടമായ അനുസരണക്കേട്, ദുശ്ശാഠ്യം, നശീകരണപ്രവണതകൾ തുടങ്ങിയവയെ മാതാപിതാക്കൾ വിവേകപൂർവ്വം വിലക്കുവാനും ശ്രദ്ധിക്കണം.**

വയെപ്പറ്റിയും ശരിയായ ധാരണ അത്യന്താപേക്ഷിതമാണ്. കുട്ടികൾ ആര്, എങ്ങനെയുള്ളവർ എന്ന് തിരുവചനവെളിച്ചത്തിൽ നമുക്കു പരിശോധിക്കാം.

1. ദൈവസ്വരൂപത്തിൽ അവിടുന്ന് മനുഷ്യനെ സൃഷ്ടിച്ചു.[5] തന്നിമിത്തം ദൈവികസ്വരൂപവും ഛായയും കുട്ടികളിലുമുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ വളർന്നുവരുമ്പോൾ ദൈവത്തെ വ്യക്തിപരമായി അറിയുവാനും സ്നേഹിക്കുവാനും ഇടയാകേണ്ടവരാണ്. ആ നിലയിൽ അവർ പ്രാധാന്യമർഹിക്കുന്നവരുമാണ്. അവരെ ദൈവികസ്വരൂപത്തിൽ തന്നെ വളർത്തിയെടുക്കുമ്പോൾ നാം ഒരു ദൈവികശുശ്രൂഷയാണ് നിർവ്വഹിക്കുന്നത് എന്നും ഓർക്കണം.

കുട്ടികൾ ദൈവികസ്വരൂപവും ഛായയും വഹിക്കുന്നവരാകയാൽ അന്യജീവജാലങ്ങളിൽ ദൃശ്യമല്ലാത്ത നിരവധി സ്വഭാവസവിശേഷതകൾ അവരിൽ പ്രകടമാകുന്നു. സ്വതന്ത്രമായ ഇച്ഛാശക്തി, വിവേകം, ബുദ്ധിശക്തി, ചുമതലാബോധം എന്നിവയെല്ലാം ചെറിയ അളവിൽ കുട്ടികൾക്കും ദൈവം നൽകിയിരിക്കുന്നു. നമ്മുടെ ഭവനങ്ങൾ ഈ കഴിവുകളെ പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന കളരികളായി മാറേണ്ടതാണ്.

കൂടാതെ, പരസ്പരബന്ധങ്ങൾ സ്ഥാപിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള കഴിവും കുട്ടികളിലുണ്ട്. ബന്ധങ്ങൾ പ്രധാനമായും രണ്ടുതരത്തിൽപ്പെടുന്നു:ഒന്നാമത്, സ്രഷ്ടാവായ ദൈവവുമായുള്ള ബന്ധം. ദൈവവുമായി അടുത്തകൂട്ടായ്മബന്ധം പുലർത്തുന്നതിനുള്ള കഴിവും മനുഷ്യഹൃദയങ്ങളിൽ നൽകപ്പെട്ടിരിക്കുന്നു. മക്കളുടെ ഉള്ളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ വക സിദ്ധികളെ യഥാസമയം ഉണർത്തി ആരോഗ്യകരമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിന് മാതാപിതാക്കൾ സഹായികളായിത്തീരണം.

ഓരോ മനുഷ്യനും കണക്കുബോധിപ്പിക്കാനുള്ള ഉത്തരവാദിത്വമുള്ളവനാണ്. ഒടുവിൽ ദൈവമുമ്പാകെയും ഈ ലോകജീവിതകാലത്ത് അധികാരസ്ഥാനങ്ങളിലുള്ള വ്യക്തികൾക്കുമുമ്പിലും ഓരോരുത്തരും കണക്കുബോധിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ബാധ്യത ഗൗരവബോധത്തോടെ ഏറ്റെടുത്തു നിറവേറ്റുവാൻ കുട്ടികൾക്ക് ഭവനങ്ങളിൽ പരിശീലനം ലഭിക്കേണ്ടതുണ്ട്. നമ്മുടെ മക്കളെ ഭൗതികതലത്തിലും ആത്മീയതലത്തിലും കണക്കുബോധിപ്പിക്കുന്നതിനു സജ്ജരാക്കി നാം വളർത്തണം.

തെറ്റും ശരിയും തമ്മിൽ വിവേചിച്ചറിയുന്നതിനുള്ള ധാർമ്മികശേഷിയും കുട്ടികൾക്ക് ദൈവം നൽകിയിട്ടുണ്ട്. ദുഷ്ടത, ക്രൂരത, ഹിംസ തുടങ്ങിയ പ്രവണതകളെ തള്ളിക്കളയുവാനും ത്യാഗപൂർണ്ണരായി മറ്റുള്ളവരെ കരുതുവാനും സ്നേഹിക്കുവാനുമുള്ള മനോഭാവവും ഇതിലുൾപ്പെടുന്നു. ദൈവദത്തമായ ഈ ധാർമ്മികശേഷിയെ ബാല്യം മുതൽക്കേ മാതാപിതാക്കൾ ശ്രദ്ധാപൂർവ്വം പരിപോഷിപ്പിക്കണം; തൽഫലമായി സംവേദനക്ഷമമായ ഒരു നല്ല മനസ്സാക്ഷി കുട്ടികളിൽ രൂപപ്പെട്ടുവരും.

**2. ദൈവികഅവകാശം, പ്രതിഫലം:** “മക്കൾ, യഹോവ നൽകുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നേ”.[6] അതേ, മക്കൾ ദൈവത്തിന്റെ ദാനമാണ്, സമ്മാനമാണ്. അത്യുന്നതനായ ദൈവത്തിൽ നിന്നു ലഭിക്കുന്ന ദാനങ്ങളെ നാമെത്ര ആദരവോടെ സ്വീകരിക്കുകയും സൂക്ഷ്മതയോടെ പരിപാലിക്കുകയും ചെയ്യണം! മക്കൾ ഓരോരുത്തരും ദൈവത്തിന്റെ സ്വത്താകുന്നുവെന്നു ഗ്രഹിച്ചിട്ടുള്ള യാതൊരു രക്ഷാകർത്താവിനും അവരെ അലക്ഷ്യമായി കൈകാര്യം ചെയ്യാനാവില്ല. തികഞ്ഞ ഗൗരവബോധത്തോടും, ദൈവത്തോടുള്ള പാവനമായ ഉത്തരവാദിത്വം നിറവേറ്റുന്നുവെന്ന ദർശനത്തോടും കൂടെ മാത്രമേ നമുക്കവരെ വളർത്താനാവൂ.

എന്നാൽ ദുഃഖകരമെന്നു പറയട്ടെ, ഇക്കാലത്തു പല ക്രിസ്തീയ മാതാപിതാക്കളും വിലപ്പെട്ട ദൈവികദാനമായ മക്കളെ നിസ്സാരമായിക്കരുതി അവഗണിക്കുന്നതായി കാണുന്നു. ധനസമൃദ്ധി, സുഖസൗകര്യങ്ങൾ, ആഡംബരവസ്തുക്കൾ, തൊഴിലിനോടുള്ള അമിതപ്രതിബദ്ധത, സമൂഹത്തിന്റെ മാന്യത എന്നിത്യാദികളാണ് പലർക്കും മക്കളേക്കാൾ വിലപ്പെട്ടത്. മക്കളെ ചെറുപ്രായത്തിൽത്തന്നെ വേലക്കാരുടെ പക്കലോ ഹോസ്റ്റലിലോ മറ്റോ ഏല്പിച്ചിട്ട് കടന്നുകളയുന്ന ഇത്തരക്കാരുടെ തലതിരിഞ്ഞ മുൻഗണനാക്രമം ഭാവിയിൽ പശ്ചാത്താപവും ഹൃദയവ്യഥകളുമായിരിക്കും അവർക്കു സമ്മാനിക്കുക.

ദയവായി ശ്രദ്ധിക്കണമേ, അമ്മയപ്പന്മാരിൽനിന്നും മക്കൾക്കു ലഭിക്കേണ്ട സ്നേഹം, കരുതൽ, ശിക്ഷണം, അഭ്യസനം എന്നിവ വേലക്കാരിൽനിന്നോ ഹോസ്റ്റൽ വാർഡനിൽനിന്നോ എന്തിന്, വല്യപ്പൻ അഥവാ വല്യമ്മയിൽ നിന്നോ ഒരിക്കലും ലഭ്യമല്ല!

**3. രക്ഷകനെ ആവശ്യമുള്ളവർ:** നമ്മുടെ മക്കൾ ഓരോരുത്തരും പാപത്തിൽ പിറന്നവരാണെന്നും തൽഫലമായി നരകയോഗ്യരാണെന്നും മാതാപിതാക്കൾ മറന്നുപോകരുത്. ഈ വസ്തുതകൾ യഥാസമയം അവർക്കു മനസ്സിലാകുന്ന വിധത്തിൽ അവരുമായി പങ്കുവയ്ക്കണം; അവർക്കായി വളരെ പ്രാർത്ഥിക്കണം; ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ സഹവിശ്വാസികളുടെ അഥവാ ആത്മീയനേതാക്കളുടെ സഹായം തേടണം; മക്കൾ ഓരോരുത്തരും ബാല്യത്തിലോ കൗമാരഘട്ടത്തിലോ തന്നെ തങ്ങൾ പാപികളാണെന്നു ഗ്രഹിച്ചുകൊണ്ട് യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനും നാഥനുമായി സ്വീകരിച്ച് പുതിയ സൃഷ്ടികളായിത്തീരാൻ ഇടയാകണം. ക്രിസ്തീയരക്ഷാകർത്താക്കളുടെ അതിപ്രധാനമായ ഒരു ചുമതലയത്രേ ഇത്.

കുഞ്ഞുങ്ങളെക്കുറിച്ച് ‘അവരും സഭാകാര്യങ്ങളിൽ ഉത്സാഹപൂർവ്വം പങ്കെടുക്കുന്നുണ്ടല്ലോ; കാര്യങ്ങൾ എല്ലാം താനേ ശരിയായിക്കൊള്ളും’ എന്നിങ്ങനെ നാം ചിന്തിക്കരുത്. മാനസാന്തരവും വീണ്ടും ജനനവും ‘എങ്ങനെയെങ്കിലും’ സംഭവിച്ചുകൊള്ളും എന്നു കരുതുന്നത് അബദ്ധമാണ്. വളരെ ആവശ്യബോധവും പ്രാർത്ഥനയും വിശ്വാസത്താലുള്ള നടപടികളും ഇക്കാര്യത്തിൽ മാതാപിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്.

**4. അനുഗ്രഹപാത്രങ്ങൾ:** കുഞ്ഞുങ്ങൾ ഭവനത്തിൽ അനുഗ്രഹം കൊണ്ടുവരുന്നവരാണ്. ഒരിക്കലും അവരെ തടസ്സമായോ ശല്യമായോ ശാപമായോ നാം കരുതാൻ പാടില്ല. “നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കുചുറ്റും ഒലിവുതൈകൾ പോലെയും ഇരിക്കും. യഹോവാഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും”[7]



## മുള്ളുകൾക്കു നന്ദി

സ്കോട്ട്ലന്റുകാരനായ പ്രശസ്ത ക്രിസ്തീയപ്രസംഗകനായിരുന്നു ജോർജ് മത്തീസൺ. അദ്ദേഹം അന്ധനായിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു പ്രാർത്ഥന ഇങ്ങനെ:

“എന്റെ ദൈവമേ, ഞാൻ ഒരിക്കലും എന്റെ ജീവിതത്തിലെ മുള്ളിനുവേണ്ടി നന്ദി പറഞ്ഞിട്ടില്ല. അതേസമയം എന്റെ ജീവിതത്തിലെ പനിനീർപൂക്കൾക്കുവേണ്ടി ആയിരംവട്ടമെങ്കിലും ഞാൻ സ്തോത്രം ചെയ്തിട്ടുണ്ട്. അതു പോലെ എന്റെ ‘കുരിശിന്’ പ്രതിഫലം ലഭിക്കുന്ന ഒരു ദിനത്തിനുവേണ്ടിയാണ് ഞാൻ നോക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ എന്റെ കുരിശ് ഇപ്പോൾതന്നെ ദൈവം തന്ന അനുഗ്രഹമാണെന്ന് ഞാൻ ഒരിക്കലും തിരിച്ചറിഞ്ഞിട്ടില്ലല്ലോ. ദൈവമേ, എനിക്കു ലഭ്യമായിരിക്കുന്ന ഈ കുരിശിന്റെ മാഹാത്മ്യം എനിക്കു മനസ്സിലാക്കി തന്നാലും. എനിക്കുള്ള മുള്ളിന്റെ വിലയും എന്നെ മനസ്സിലാക്കി തരണമേ. വേദയുടെ വഴിത്താരയിലൂടെ ഞാൻ അവിടുത്തെ അടുത്തേക്ക് കയറിവന്നിരിക്കുന്നുവെന്നും എന്റെ കണ്ണീര് മഴവില്ലു സൃഷ്ടിച്ചിരിക്കുന്നുവെന്നും ഉള്ള യാഥാർത്ഥ്യം എന്നെ കാണിച്ചു തരണമേ”

മുള്ളുകൾക്കായി നിങ്ങൾ നന്ദി പറഞ്ഞിട്ടുണ്ടോ? കണ്ണീരിൽ വിരിയുന്ന മഴവില്ലു നിങ്ങൾ കണ്ടിട്ടുണ്ടോ?

●

അനുഗ്രഹപാത്രങ്ങളും ദൈവികദാനങ്ങളുമായ മക്കളെ മാതാപിതാക്കൾ അതീവശ്രദ്ധയോടും ആദരവോടും ബഹുമാനത്തോടെയും മാത്രമേ കൈകാര്യം ചെയ്യാവൂ. എന്നാൽ ഇതു സംബന്ധിച്ച അജ്ഞതയോ അശ്രദ്ധയോ മൂലം പലരും മക്കളോട് പരുഷമായ, ശാപകരമായ രീതിയിൽ സംസാരിക്കുന്നതു കേട്ടിട്ടുണ്ട്. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട കുഞ്ഞുങ്ങളെ ‘കഴുത, കുരങ്ങൻ, ഗുണം പിടിക്കാത്തവൻ, കുരുത്തംകെട്ടവൻ, തല്ലിപ്പൊളി, നശിച്ചത്...’ എന്നിത്യാദി ശാപവാക്കുകളാൽ സംബോധന ചെയ്യുന്നത് എത്ര കൊടും ദൈവനിന്ദയാണെന്നോർക്കുക! ഇത്തരം കഠിന വാക്കുകൾ പിഞ്ചുഹൃദയങ്ങളിൽ ആഴമായ മുറിവുകൾ ഏല്പിക്കും, അവരെ മാനസികമായി തളർത്തിക്കളയും; അവരുടെ വളർച്ചയും മുരടിച്ചുപോകും.

കുഞ്ഞുങ്ങൾ ശൈശവ-ബാല്യഘട്ടങ്ങൾ തരണം ചെയ്യുമ്പോൾ മാതാപിതാക്കൾ വളരെ ക്ഷമയോടെ അവരോട് ഇടപെടണം. ഈ പ്രായത്തിൽ അവർ വളരെ ഊർജ്ജസ്വലരായിരിക്കും. പലവിധകുസൃതികൾ സ്വാഭാവികമായും അവർ പ്രകടിപ്പിക്കും. ശുചിത്വം, ഭക്ഷണംകഴിക്കൽ, സംസാരം എന്നിത്യാദികളിൽ ചില കുട്ടികൾ വൈകിമാത്രമേ സ്വയം പര്യാപ്തതയിലെത്തുകയുള്ളൂ. ഇവിടെയും വളരെ ക്ഷമയും സഹനവും മുതിർന്നവർക്കാവശ്യമാണ്. ശൈശവ-ബാല്യഘട്ടങ്ങളിലെ നിർദ്ദോഷമായ കുസൃതികൾ, പെരുമാറ്റവൈകൃതങ്ങൾ എന്നിവയെല്ലാം ക്ഷമയോടെ സ്വീകരിക്കുമ്പോൾത്തന്നെ, പ്രകടമായ അനുസരണക്കേട്, ദുശ്ശാഠ്യം, നശീകരണപ്രവണതകൾ തുടങ്ങിയവയെ മാതാപിതാക്കൾ വിവേകപൂർവ്വം വിലക്കുവാനും ശ്രദ്ധിക്കണം.

**5 താലന്തുകൾ നിറഞ്ഞവർ:** ഓരോ കുട്ടിയിലും വിവിധങ്ങളായ നല്ല താലന്തുകൾ ഉറങ്ങിക്കിടക്കുന്നുണ്ട്. സംഗീതം, ചിത്രരചന, പ്രസംഗം, നേതൃത്വം, സംഘാടകശേഷി, വൈദ്യം, കൃഷി, നിർമ്മാണപ്രവർത്തനങ്ങൾ, സാങ്കേ

(ശേഷം പേജ് 29 ൽ)

സന്ദേശം

# സമർപ്പണം പ്രായോഗികമോ?

സ്റ്റാൻലി ജോൺസ്

**ദൈ**വത്തിനു സമ്പൂർണമായി സമർപ്പിതമായ (കീഴടങ്ങിയ -self surrendered) ഒരു ജീവിതം ഇന്നത്തെ ലോകത്തു സാധ്യമാണോ?

അങ്ങനെ സമർപ്പിതമായി ഒരു ജീവിതം നയിക്കുമ്പോൾ മനുഷ്യബന്ധങ്ങളിൽ എന്തു നിലപാടെടുക്കും? ആളുകളുടെ ഇടയിൽ ജീവിച്ചുപോകണമെങ്കിൽ നിങ്ങളുടെ സ്വയത്തെ കീഴടക്കിക്കൊടുക്കുന്നതിനുപകരം സ്വയത്തെ പ്രബലപ്പെടുത്തി സ്വന്ത അവകാശങ്ങൾക്കുവേണ്ടി പോരാടുകയല്ലേ വേണ്ടത്? നിങ്ങൾ എപ്പോഴും നിങ്ങളുടെ സ്വയത്തെ കീഴടക്കിക്കൊടുത്താൽ മറ്റുള്ളവർ നിങ്ങളെ ചവിട്ടിമെതിക്കുകയില്ലേ? നിങ്ങളെ എല്ലാവരും ഒരു ചവിട്ടുമെത്തപോലെ കരുതുകയും മറ്റുള്ളവർ 'നിങ്ങളുടെ തലയിൽ കയറി നിരങ്ങുകയും' ചെയ്യുകയില്ലേ?

ഇതിന്റെ പിന്നിലുള്ള തത്വം പൗലൊസ് ഇങ്ങനെ വിശദീകരിക്കുന്നു: "ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴടങ്ങിയിരിപ്പിൻ" (എഫേസ്യർ 5:21). ശ്രദ്ധിക്കുക: നിങ്ങൾ അന്യോന്യം കീഴടങ്ങിക്കൊടുക്കണം' എന്നല്ല പൗലൊസ് പറയുന്നത്. നിങ്ങൾ ദൈവത്തിനു കീഴടങ്ങുന്നു- ദൈവത്തിനു മാത്രം. ആ നിലയിൽ മാത്രം നിങ്ങൾ മനുഷ്യർക്കും കീഴ്പ്പെട്ടിരിക്കുന്നു. മനുഷ്യനു കീഴടങ്ങിയിരുന്നാൽ നിങ്ങളുടെ അന്തിമവിധേയത്വം മനുഷ്യനോടായിപ്പോകും. എന്നാൽ ആത്യന്തിക്മായി നിങ്ങളുടെ വിധേയത്വം ദൈവത്തോടു മാത്രമായിരിക്കണം. അന്തിമകൂറ് ദൈവത്തോട് മാത്രം നിലനിർത്തുമ്പോൾ തന്നെ മിക്കപ്പോഴും പലതിലും മനുഷ്യർക്കു കീഴടങ്ങിയിരിക്കേണ്ടതുമാണ്.

നിങ്ങളുടെ ആത്മാഭിമാനം നിലനിർത്തിക്കൊണ്ടുതന്നെ മനുഷ്യനു കീഴടങ്ങിയിരിക്കാൻ എങ്ങനെ കഴിയും എന്നതിന്റെ സൂചന ഈ വാക്യത്തിലുണ്ട്. അന്യോന്യമുള്ള കീഴടങ്ങൽ 'ക്രിസ്തുവിനോടുള്ള ഭയ'ത്തിലായിരിക്കണം എന്ന് ഈ വചനം പറയുന്നു. നിങ്ങൾ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾക്കിപ്പോൾ ക്രിസ്തുവിനോടുള്ള ഭയത്തിൽ മനുഷ്യനു വിധേയനായിരിക്കാൻ കഴിയും. നിങ്ങൾ മനുഷ്യനു വിധേയപ്പെട്ടിരിക്കുന്നത് ദൈവത്തിനുവേണ്ടിയാണ്. ഇക്കാര്യമാണ് നിങ്ങളുടെ ആത്മാഭിമാനത്തെ രക്ഷിക്കുന്നത്.

മറ്റാരോടെങ്കിലുമുള്ള വിധേയത്വത്തിലാണെങ്കിൽ നിങ്ങൾ അതു ചെയ്യുകയില്ല. കാരണം കീഴടങ്ങൽ 'യജമാനൻ-അടിമ' ബന്ധത്തിലേക്കാണല്ലോ കൊണ്ടു ചെന്നെത്തിക്കുന്നത്. പക്ഷേ ക്രിസ്തുവിനോടുള്ള വിധേയത്വത്തിൽ, ക്രിസ്തുവിനുവേണ്ടി നിങ്ങൾ അങ്ങനെ ചെയ്യുന്നത് തിരഞ്ഞെടുക്കുന്നു. ഈ



നിങ്ങൾക്കിപ്പോൾ ക്രിസ്തുവിനോടുള്ള ഭയത്തിൽ മനുഷ്യനു വിധേയനായിരിക്കാൻ കഴിയും. നിങ്ങൾ മനുഷ്യനു വിധേയപ്പെട്ടിരിക്കുന്നത് ദൈവത്തിനുവേണ്ടിയാണ്. ഇക്കാര്യമാണ് നിങ്ങളുടെ ആത്മാഭിമാനത്തെ രക്ഷിക്കുന്നത്.



ബോധ്യം ആ ബന്ധത്തെയും നിങ്ങളുടെ ആത്മാഭിമാനത്തേയും രക്ഷിച്ചിരിക്കുന്നു! ക്രിസ്തുവിനെ പ്രതി നിങ്ങൾ കീഴടങ്ങുന്നു. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെന്നിരിക്കട്ടെ. എന്തു സംഭവിക്കും? കീഴടങ്ങാതിരിക്കുന്നതും ചെറുത്തുനില്പും ആത്യന്തികമായി ബന്ധത്തിലുള്ള തകർച്ചയിലേക്കാണ് നയിക്കുക.

മേരി എന്നൊരു പെൺകുട്ടി, ഒരു അപകടത്തെ തുടർന്നു തീർത്തും കിടക്കയിലായിരിക്കുന്ന തന്റെ നാത്തൂനെ ശുശ്രൂഷിക്കുകയായിരുന്നു. പല മാസങ്ങളിലെ ശുശ്രൂഷകൊണ്ട് അവൾ കുഴങ്ങി. നാത്തൂൻ കിടക്കയിൽ തന്നെയായതിനാൽ പ്രാഥമികകൃത്യങ്ങൾക്കുപോലും മേരി സഹായിക്കണം. നാളുകൾ ചിലതു കഴിഞ്ഞു. ആദ്യത്തെ കർത്തവ്യബോധമൊക്കെ നേർത്തുവരികയും അവളുടെ ഉള്ളിൽ ഇപ്പോൾ ഒരു ചെറുത്തു നില്പ്പു രൂപപ്പെട്ടുവരികയുമാണ്. ഒറു ദിവസം ബെഡ്പാൻ എടുത്തുകൊണ്ടുപോകുമ്പോൾ അരിശം അടക്കാനാവാതെ അവൾ പറഞ്ഞു "യേശുവേ, ഞാൻ മടുത്തു". കർത്താവ് അതിനിങ്ങനെ മറുപടി പറഞ്ഞു "മേരി, നിന്റെ നാത്തൂനെ ശുശ്രൂഷിക്കാൻ എനിക്കാഗ്രഹമുണ്ട്. പക്ഷേ എനിക്കുവേണ്ടി അതുചെയ്യുവാൻ നിന്നെയല്ലാതെ മറ്റാരേയും ഞാൻ കാണുന്നില്ല. എന്നെ പ്രതി അവൾക്കിതു ചെയ്തുകൊടുക്കാൻ നിനക്കു കഴിയുകയില്ലേ?"

"ഓ, തീർച്ചയായും യേശുവേ അങ്ങേയ്ക്കുവേണ്ടി ഞാനതു ചെയ്യാം. ഇതു കാര്യങ്ങളെ ആകെ രൂപാന്തരപ്പെടുത്തിയിരിക്കുന്നു". അതേ അങ്ങനെ തന്നെ സംഭവിച്ചു. കീഴടങ്ങൽ ഇപ്പോൾ ഒരു ദിവ്യമായ കാര്യമാണ്. ആഹ്ലാദമാണത്. നാത്തൂനോടുള്ള

**നിങ്ങൾ ക്രിസ്തുവിനു കീഴടങ്ങിയിട്ടില്ലെങ്കിൽ നിങ്ങൾക്കു ക്രിസ്തുവിനെ സ്നേഹിക്കുവാൻ കഴിയുകയില്ല. "ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുവാനും തന്നെ കൂടുതൽ അറിയുവാനും ആഗ്രഹിക്കുന്നു" പലരും നെടുവീർപ്പോടെ പറയാറുണ്ട്. പക്ഷേ അവർ കീഴടങ്ങിയിരിക്കുന്നത് മറ്റൊന്നിനുമല്ല തങ്ങൾക്കു തന്നെയാണ്. എന്നിട്ട് തങ്ങൾ ദൈവത്തെ സ്നേഹിക്കുകയോ കൂടുതൽ അറിയുകയോ ചെയ്യാത്തതെന്തെന്ന് അവർ അത്ഭുതപ്പെടുന്നു!**

കർത്തവ്യബോധം യേശുവിനു വേണ്ടിയുള്ള ശുശ്രൂഷയായി മാറിയിരിക്കുന്നു! ക്ലേശകരമായ ജോലി ഇപ്പോൾ സന്തോഷഭരിതമാണ്!

വിധേയത്വം പൂർണമായ കീഴടങ്ങലാകേണ്ട ഒരു ബന്ധമുണ്ട്–ഭാര്യാഭർതൃബന്ധം. എന്റെ സഹപ്രവർത്തകൻ ഒരിക്കൽ എന്നോടു പറഞ്ഞ ഒരു കാര്യം ഞാൻ ഒരിക്കലും മറക്കുകയില്ല. അദ്ദേഹം പറഞ്ഞു: "അന്യോന്യമുള്ള കീഴടങ്ങലില്ലെങ്കിൽ ഭാര്യയും ഭർത്താവും തമ്മിൽ സ്നേഹം ഉണ്ടാകുകയില്ല. പരസ്പരമുള്ള സമർപ്പണമില്ലാതെ ലളിതമായിപ്പറഞ്ഞാൽ സ്നേഹത്തിനു പുഷ്പിക്കാനാവുകയില്ല. ഭാര്യാഭർത്താക്കന്മാരിൽ ആരെങ്കിലും ഒരാൾ സ്വയത്തെ സമർപ്പിക്കാതെ പിടിച്ചുവയ്ക്കുകയാണെങ്കിൽ സ്നേഹത്തിനു നിലനില്ക്കാനാവില്ല". അദ്ദേഹം പറഞ്ഞതു പൂർണമായും ശരിയായിരുന്നു.

നിങ്ങൾ ക്രിസ്തുവിനു കീഴടങ്ങിയിട്ടില്ലെങ്കിൽ നിങ്ങൾക്കു ക്രിസ്തുവിനെ സ്നേഹിക്കുവാൻ കഴിയുകയില്ല. "ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുവാനും തന്നെ കൂടുതൽ അറിയുവാനും ആഗ്രഹിക്കുന്നു" ഞങ്ങളുടെ ആശ്രമത്തിൽ മീറ്റിംഗുകൾക്കു വരാറുള്ള പലരും നെടുവീർപ്പോടെ പറയാറുണ്ട്. പക്ഷേ അവരുടെ ജീവിതം ഇപ്പോഴും അവരുടെ കൈയിൽത്തന്നെയാണ്. അവർ കീഴടങ്ങിയിരിക്കുന്നത് മറ്റൊന്നിനുമല്ല തങ്ങൾക്കു തന്നെയാണ്. എന്നിട്ട് തങ്ങൾ ദൈവത്തെ സ്നേഹിക്കുകയോ കൂടുതൽ അറിയുകയോ ചെയ്യാത്തതെന്തെന്ന് അവർ അത്ഭുതപ്പെടുന്നു! നിങ്ങൾ എന്തിനെയാണ് സ്നേഹിക്കുന്നതെന്നു നിങ്ങൾക്കറിയാം. നിങ്ങൾ എന്തിനു കീഴടങ്ങിയിരിക്കുന്നുവോ അതിനെയാണു നിങ്ങൾ സ്നേഹിക്കുന്നത്.

ദൈവത്തോടുള്ള ബന്ധത്തിലും ഭവനത്തിലും സ്നേഹബന്ധത്തിന് സ്വയം കീഴടങ്ങൽ ആവശ്യമാണെങ്കിൽ നമ്മുടെ എല്ലാ ബന്ധങ്ങളിലും ശരിയായ പ്രതികരണത്തിനു കീഴടങ്ങൽ ആവശ്യമാണ്. ഇച്ഛയിൽ ഏറ്റവും നല്ല ഉദ്ദേശ്യം ഉണ്ടായിരിക്കുമ്പോൾ തന്നെ പലരും ജീവിതത്തോടും സാഹചര്യങ്ങളോടും മോശമായി പ്രതികരിക്കുന്നത് എന്തുകൊണ്ടാണ്? മിക്കവാറും മോശമായ പ്രതികരണത്തിന്റെ വേര് കീഴടങ്ങാത്ത സ്വയത്തിലാണ്. ഒരിക്കൽ ഞങ്ങളുടെ ഒരാശ്രമത്തിലേക്കു വരുന്ന വഴി വിവാഹബന്ധം പിരിയാൻ ഒരു പാസ്റ്ററും ഭാര്യയും പദ്ധതി തയ്യാറാക്കി. തങ്ങളുടെ ബന്ധം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതവണ്ണം ദുസ്സഹമാണെന്നായിരുന്നു ഇരുവരുടെയും ചിന്ത. എന്നാൽ ആശ്രമത്തിലെ മീറ്റിംഗിൽ വച്ച് ഇരുവരും തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിച്ചു. ഇരുവരും 'കീഴടങ്ങാത്ത സ്വയം"എന്ന തടസ്സം ഒഴിവാക്കിയപ്പോൾ രണ്ടു കാന്തങ്ങൾ പോലെ പരസ്പരം ആകർഷിക്കപ്പെട്ടു. അവർ പിന്നീടു പറഞ്ഞത് ആശ്രമത്തിൽ നിന്ന് 'മധുവിധുനാളി'ലെന്നവണ്ണമാണ് തങ്ങൾ മടങ്ങിയെതെന്നാണ്. അന്യോ





ന്യമുണ്ടായിരുന്ന തെറ്റായ പ്രതികരണങ്ങൾ കീഴടങ്ങപ്പെടാത്ത സ്വയത്തിൽ നിന്നാണു വന്നതെന്നു വ്യക്തം. ഇപ്പോൾ ഇരുവരും സന്തുഷ്ടരായി പ്രവർത്തനത്തിൽ ഫലപ്രദമായി മുന്നോട്ടു പോകുന്നു.

പലരും തങ്ങളുടെ പെരുമാറ്റത്തിൽ കുഴപ്പമില്ലാത്തവരാണ്. എന്നാൽ പ്രതികരണത്തിലാണു തെറ്റിപ്പോകുന്നത്. പെരുമാറ്റത്തെ നിയന്ത്രിക്കുന്നതു മിക്കപ്പോഴും ഇച്ഛയാണ്. എന്നാൽ പ്രതികരണം അബോധമനസ്സിൽ നിന്നാണു പുറത്തുവരുന്നത്. കീഴടങ്ങപ്പെടാത്ത സ്വയം വസിക്കുന്നത് ഈ അബോധമനസ്സിലാണല്ലോ. അതിൽ തൊട്ടാൽ പൊട്ടിത്തെറിക്കും. ജീവിതത്തിന്റെ പെരുമാറ്റവിധം (modes of life) ബോധമനസ്സിൽ നിന്നും ജീവിതത്തിന്റെ പെരുമാറ്റമനോഭാവം (moods of life) അബോധമനസ്സിൽനിന്നുമാണു വരുന്നത്. അതുകൊണ്ട് പെരുമാറ്റത്തിൽ രൂപാന്തരം പ്രധാനമാണ്. പ്രതികരണത്തിലെ രൂപാന്തരവും അത്രയും തന്നെയോ അതിൽ കൂടുതലോ പ്രധാനമാണ്. പൂർണമായ ഒരു സ്വയസമർപ്പണം കൂടാതെ പ്രതികരണത്തിലെ രൂപാന്തരം അസാധ്യമായിരിക്കും. പ്രതികരണങ്ങൾ അബോധമനസ്സിൽ നിന്നാണു പുറപ്പെടുന്നത്. അബോധമനസ്സിലാണു മുന്നോട്ടു പോകാനുള്ള വ്യഗ്രതകൾ. (സ്വയം, ലൈംഗികത, സാമൂഹികാംഗീകാരത്തിനുള്ള ത്വര) കുടികൊള്ളുന്നത്. ഇതിന്റെ മൂന്നിന്റേയും കേന്ദ്രം എന്നുപറയുന്നത് സ്വയമാണ്. അതാണ് ഏറ്റവും പ്രബലമായ വികാരം. സ്വയം എങ്ങോട്ടു പോകുന്നുവോ മറ്റു രണ്ടും അതിനോടൊപ്പം പോകും.

ഈ സ്വയത്തെ അടിച്ചമർത്തുക, അതിനെ ഗുണദോഷിക്കുക, അങ്ങനെയൊന്നില്ലെന്ന മട്ടിൽ പെരുമാറുക, അതിനെ ആദർശത്തിന്റെ അങ്കി അണിയിക്കുക ഇതൊക്കെ ചെയ്താലും

**പലരും തങ്ങളുടെ പെരുമാറ്റത്തിൽ കുഴപ്പമില്ലാത്തവരാണ്. എന്നാൽ പ്രതികരണത്തിലാണു തെറ്റിപ്പോകുന്നത്. പെരുമാറ്റത്തെ നിയന്ത്രിക്കുന്നതു മിക്കപ്പോഴും ഇച്ഛയാണ്. എന്നാൽ പ്രതികരണം അബോധമനസ്സിൽ നിന്നാണു പുറത്തുവരുന്നത്. കീഴടങ്ങപ്പെടാത്ത സ്വയം, വസിക്കുന്നത് ഈ അബോധമനസ്സിലാണല്ലോ. അതിൽ തൊട്ടാൽ പൊട്ടിത്തെറിക്കും.**

സ്വയത്തെ രൂപാന്തരപ്പെടുത്താനാവുകയില്ല. അതിനെ രൂപാന്തരപ്പെടുത്താൻ ഒരു മാർഗ്ഗമേയുള്ളു. ഒരേ ഒരു മാർഗ്ഗം– സ്വയത്തെ യേശുക്രിസ്തുവിന്റെ കർത്തൃത്വത്തിനു വിധേയപ്പെടുത്തുക.

ഈ വചനം ശ്രദ്ധിക്കുക: പകൽ സമയത്ത് എന്ന പോലെ നാം മര്യാദയായി നടക്ക: വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല. പിണക്കത്തിലും അസൂയയിലുമല്ല. കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത് (റോമർ 13:13, 14 NEB). 'പിണക്കം അസൂയ' എന്നിവയെ വെറിക്കൂത്ത്, മദ്യപാനം, ശയനമോഹങ്ങൾ, ദുഷ്കാമങ്ങൾ എന്നിവയോടു ചേർത്താണു പറഞ്ഞിരിക്കുന്നത്. ഇവയ്ക്കെല്ലാമുള്ള പ്രത്യൗഷധം 'കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊള്ളുക, മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത്' എന്നിവയാണ്. നോക്കുക: ഈ പ്രശ്നങ്ങൾക്കെല്ലാമുള്ള പരിഹാരമായി പറ

**യേശു പറഞ്ഞു: "ബലവാനെ പിടിച്ചുകേട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്ന് അവന്റെ കോപ്പു കവർന്നു കളവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം" 'ബലവാൻ' എന്നു പറയുന്നത് 'കീഴടങ്ങപ്പെടാത്ത സ്വയ'മാണ്. അവന്റെ കോപ്പുകൾ കവർന്നു കളയുവാൻ കീഴടങ്ങാത്ത സ്വയമെന്ന ബലവാനെ ആദ്യം പിടിച്ചുകെട്ടാതെ സാധിക്കുകയില്ല.**

ഞ്ഞിരിക്കുന്ന 'കവചങ്ങൾ' കേവലം ബാഹ്യമല്ല. അത് ഏറെ ആഴത്തിലുള്ളതാണ്. നിങ്ങളുടെ ചിന്താജീവിതത്തെത്തന്നെ വ്യത്യാസപ്പെടുത്തുന്ന ഒന്ന് –'മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്'. യേശുക്രിസ്തുവിനോടുള്ള സ്വയത്തിന്റെ അടിസ്ഥാനപരമായ കീഴടങ്ങലിന്റെ ഭാഗമായി ലഭ്യമാകുന്ന അവിടുത്തോടുള്ള ആന്തരികകൂറ് ജഡത്തിന്റെ മോഹങ്ങളെ തൃപ്തിപ്പെടുത്തുന്ന ചിന്തയെത്തന്നെ പുറത്താക്കിക്കളയുന്നു. പുതിയ ബന്ധം നൽകുന്ന വലിയ ശക്തി മൂലമാണത്. മഹത്തായത്, താണതിനെ പുറത്താക്കിക്കളയുന്നു. വ്യക്തിത്വത്തിന്റെ കേന്ദ്രത്തെ ക്രിസ്തുയേശു കൈയടക്കിക്കഴിയുമ്പോൾ ലൈംഗികത, സാമൂഹികാംഗീകാരത്തിനായുള്ള താത്പര്യം എന്നിവ ഈ പുതിയ അധീശത്വത്തിന്റെ കീഴിൽ അമർന്നു പോകുന്നു. ഈ കേന്ദ്രവിധേയത്വത്തിൽ നിന്നാണു പിന്നെ നമ്മുടെ പ്രതികരണങ്ങൾ വരുന്നത്. പഴയ പിണക്കത്തിന്റെയും അസൂയയുടേയും ആത്മാവിൽനിന്നല്ല അവിടുത്തെ ആത്മാവിൽ നിന്നായിരിക്കും നാം തുടർന്നു പ്രതികരിക്കുന്നത്. നമ്മുടെ പ്രതികരണങ്ങൾ ക്രൈസ്തവവൽക്കരിക്കപ്പെടുന്നത് ഇങ്ങനെയാണ്.

യേശു പറഞ്ഞു: "ബലവാനെ പിടിച്ചുകേട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്ന് അവന്റെ കോപ്പു കവർന്നു കളവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം" (മത്തായി 12:29). 'ബലവാൻ' എന്നു പറയുന്നത് 'കീഴടങ്ങപ്പെടാത്ത സ്വയ'മാണ്. അവന്റെ കോപ്പുകളായ ലൈംഗികത, സാമൂഹികാംഗീകാരത്തിനായുള്ള ദാഹം എന്നിവയെ കവർന്നു കളയുവാൻ കീഴടങ്ങാത്ത സ്വയമെന്ന ബലവാനെ ആദ്യം പിടിച്ചുകെട്ടാതെ സാധിക്കുകയില്ല. പുത്തൻ അടുപ്പത്തിന്റെ സ്നേഹച്ചരടുകൾകൊണ്ട് ബലവാനെ സമർപ്പിതൻ പിടിച്ചുകെട്ടിക്കഴിയുമ്പോൾ സ്വയത്തിന്റെ പുതിയ വിധേയത്വത്തിലേക്ക് ബലവാന്റെ 'കോപ്പുകളും' വരുന്നതു കാണാം. ഈ ബലവാന്റെയും അവന്റെ സാധനസാമഗ്രികളുടെയും സാന്നിദ്ധ്യം പരിശുദ്ധാത്മാവിന്റെ വരവിനും, സമ്പൂർണ സമർപ്പണത്തിനും മുൻപ് യേശുവിന്റെ ശിഷ്യന്മാരിൽ വളരെ പ്രകടമായിക്കാണാം. 'ബലവാൻ' ഇടയ്ക്കിടെ തല നീട്ടുന്നതു അവരുടെ പെരുമാറ്റം, മനോഭാവം എന്നിവയിൽ നിന്നു വ്യക്തമാണ്. കീഴടങ്ങാത്ത അവരുടെ സ്വയത്തിൽ നിന്ന് ശിഷ്യന്മാരുടെ ജീവിതത്തിന്റെ ഉപരിതലത്തിലേക്ക് ഉയർന്നു വന്ന ഇത്തരം പത്തു കാര്യങ്ങൾ നോക്കുക:

1 സ്വാർത്ഥപരമായ തൻപ്രമാണിത്തം: തങ്ങളിൽ ആരാണ് ഒന്നാമൻ എന്നതിനെച്ചൊല്ലി അവർ വഴക്കിട്ടു. (2) സ്വയനീതീകരണം– "എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ നിങ്കൽ ഇടറുകയില്ല" അവർ–ഞാൻ എന്ന മനോഭാവം. (3) നീരസം–"സ്വർഗ്ഗത്തിൽ നിന്നു തീയിറക്കി അവരെ നശിപ്പിക്കണം" എന്ന ശിഷ്യന്മാരുടെ ആവശ്യം (4) ആത്മീയമായ കഴിവുകേട്: –"ഞങ്ങൾക്ക് അതിനെ പുറത്താക്കാൻ കഴിയാഞ്ഞതെന്തുകൊണ്ട്?" (5) വിമർശന മനോഭാവം–" ഈ വെറും ചെലവ് എന്തിന്?" (6) ചേരിതിരിവ്–"അവർ ഞങ്ങളെ അനുഗമിക്കായ്കയാൽ ഞങ്ങൾ അവരെ വിലക്കി". (7) വംശീയമുൻവിധി: "നമ്മുടെ പിന്നാലെ കരഞ്ഞുകൊണ്ടുവരുന്ന അവളെ (സുറഫോയ്നിക്യക്കാരിയായ സ്ത്രീയെ) പറഞ്ഞയ്ക്കുക". (8) സ്വാർത്ഥനേട്ടത്തിനായുള്ള ആഗ്രഹം "ഞങ്ങൾ എല്ലാം വിട്ടു നിന്നെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്ക് എന്തു കിട്ടും"? (9) സ്വയത്യാഗത്തിനെതിരെ അനിഷ്ടം–" കർത്താവേ നിനക്കതു ഭവിക്കരുതേ" (10) ഭയം– "ഭയപ്പെട്ടു വാതിൽ അടച്ചിരിക്കെ..."

യേശുവിനോടൊപ്പമുള്ള മൂന്നു വർഷത്തെ നടപ്പും യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന അറിവും ബലവാനെ (കീഴടങ്ങാത്ത സ്വയത്തെ) പിടിച്ചുകെട്ടുവാൻ അവരെ പ്രാപ്തരാക്കിയില്ല. അറിവു നല്ലതാണ് എന്നാൽ വേണ്ടത്ര നല്ലതല്ല. ഒടുവിൽ സമ്പൂർണമായ സ്വയസമർപ്പണവും പരിശുദ്ധാത്മാവിന്റെ വരവുമാണ് 'ബലവാനെ' പിടിച്ചുകെട്ടുന്നതിലേക്കു നയിച്ചത്. ബലവാനെ പിടിച്ചുകെട്ടുന്നതു പരിശുദ്ധാത്മാവ് കൂടുതൽ നല്ല നിലയിൽ ഫലപ്രദമായി ചെയ്തു. പരിശുദ്ധാത്മാവ് ആ മൂന്ന് വ്യഗ്രതകളെ എടുത്തു പരിവർത്തിപ്പിച്ച് ദൈവരാജ്യത്തിനായി അതിനെ ഉപയോഗിക്കുകയാണുണ്ടായത്. അവയെ പരിശുദ്ധാത്മാവു അടിച്ചമർത്തുകയല്ല ചെയ്തത്– അവയെ കീഴടക്കുകയാണു ചെയ്തത്. ഇപ്പോൾ സമർപ്പിതമായ ഒരു ശുശ്രൂഷയിൽ പരിവർത്തനവിധേയമായ സ്വയം ഏർപ്പെടുകയാണ്: ലൈംഗികത, സൃഷ്ട്യുന്മുഖമായ ആഗ്രഹം, മറ്റൊരു







**ദൈവത്തിനു കീഴടങ്ങുമ്പോൾ ജീവിതത്തിനു അർത്ഥവും പ്രാധാന്യവും മൂല്യവും ലക്ഷ്യവും കൈവരുന്നു. ക്രിസ്തുവിനായി സമർപ്പിക്കപ്പെട്ട ഒരു മനുഷ്യന്, ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ അങ്ങനെയുള്ള മറ്റൊരുവനെ വിലകുറച്ചു കാണാൻ കഴിയുന്നതെങ്ങനെ? ക്രിസ്തു സ്വീകരിച്ചതിനെ ക്രിസ്തുശിഷ്യന് എങ്ങനെ നിരസിക്കാനാകും? ദൈവം സ്നേഹിക്കുന്നതിനെ നിന്ദിക്കാൻ കഴിയുന്നതെങ്ങനെ?**

തലത്തിൽ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു–പുതിയ മുന്നേറ്റങ്ങൾ, പുതിയ പ്രതീക്ഷകൾ, പുതിയ ആത്മാക്കളെ നേടുക എന്നിവയിൽ അതു വ്യാപൃതമായിരിക്കുന്നു. സാമൂഹികവാസന എന്ന വ്യഗ്രത ഇപ്പോൾ ദൈവരാജ്യത്തോടുള്ള കൂറിൽ പുതിയ തലത്തിൽ പ്രവർത്തിക്കുകയാണ്. സാമൂഹിക പ്രബുദ്ധത ഇപ്പോൾ 'സമൂഹം എന്തു പറയും' എന്ന തടവറയിൽ നിന്നു മോചനം നേടി അതേ സമൂഹത്തെ തന്നെ സ്വാർത്ഥതയില്ലാതെ സേവിക്കുകയാണ്–" ഏത് ആളുകൾക്കുവേണ്ടി ഞാൻ നിന്നെ അയച്ചോ അവരിൽ നിന്നു ഞാൻ നിന്നെ മോചിപ്പിക്കും."

ഇപ്പോൾ അവരുടെ വ്യഗ്രതകൾ അവരോടു തന്നെ കലഹിക്കുന്നില്ല. അവ നാശോന്മുഖമായ നിലയിൽ നിന്നു സൃഷ്ട്യുന്മുഖമായ തലത്തിലേക്കു മാറിയിരിക്കുന്നു.

ആകട്ടെ, സ്വയം കീഴടങ്ങൽ നിങ്ങൾ ജീവിത തന്ത്രമായി എടുക്കുന്നില്ലെന്നിരിക്കട്ടെ. മറ്റെന്തു പോംവഴി

യാണു നിങ്ങളുടെ മുമ്പിലുള്ളത്?

ഈ വർഷം ഞാൻ ജീവിതത്തെക്കുറിച്ചു കേട്ട രണ്ടു നിരീക്ഷണങ്ങൾ ഇങ്ങനെയാണ്: “നിങ്ങളുടെ മെഴുകുതിരികൾ കെടുത്തുക. മിന്നൽപ്പിണർ ഭൂമിയുടെ മേൽ വീണിരിക്കുന്നു”. രണ്ടാമത്തേത്: “നിങ്ങളുടെ മെഴുകുതിരികൾ കെടുത്തുക. സൂര്യൻ ഉദിച്ചിരിക്കുന്നു” ഇതിൽ ആദ്യത്തെ നിരീക്ഷണം വലിയ നൈരാശ്യത്തിലേക്കു നയിക്കുന്നതാണ്. രണ്ടാമത്തേത് വലിയ പ്രതീക്ഷ നൽകുന്നതും, രണ്ടിലേതാണു ശരി?

മിന്നൽപ്പിണർ ഭൂമിയുടെ മേൽ പതിച്ചിരിക്കുന്നു! നമ്മുടെ എല്ലാ മൂല്യങ്ങളും നഷ്ടമായതുപോലെ തോന്നുന്നു! ‘മൂന്നാം വിപ്ലവം’ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് മനുഷ്യന്റെ മേൽ വീണിരിക്കുന്ന നാലു വലിയ അപമാനങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ഒന്ന്: കോപ്പർ നിക്കസിന്റെ കണ്ടെത്തൽ -ഇപ്പോൾ പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയല്ല. മറ്റൊരു കേന്ദ്രത്തെ വലംവയ്ക്കുന്ന ഒരു ചെറിയ ഗ്രഹം മാത്രമാണിന്നു ഭൂമി. ഇതു പ്രാപഞ്ചികമായ ഒരപമാനമാണ്. രണ്ട്: ഡാർവിനിസം-മനുഷ്യൻ താഴ്ന്ന ജീവികളിൽ നിന്നു യാദൃച്ഛികമായി പരിണമിച്ച് ഉണ്ടായതാണ്. ജീവശാസ്ത്രപരമായ അപമാനം. മൂന്ന്: മാർക്സിസം-സാമ്പത്തിക ഘടകങ്ങളാൽ നിയന്ത്രിക്കപ്പെടുകയും നിർണ്ണയിക്കപ്പെടുകയും ചെയ്യുന്ന ജീവിയാണു മനുഷ്യൻ. സാംസ്കാരികമായ ഒരപമാനം. നാല്: ഫ്രോയിഡിന്റെ തത്ത്വങ്ങൾ:-ഉപബോധമനസ്സിലെ തരംതാണ ത്വരകളാൽ നിയന്ത്രിക്കപ്പെടുന്നവനാണു മനുഷ്യൻ. മനഃശാസ്ത്രപരമായ അപമാനം.

ഈ നാലുകാര്യങ്ങളും മനുഷ്യന്റെ പ്രാധാന്യം നഷ്ടപ്പെടുത്തിയിരിക്കുന്നു. അശനിപാതം ഭൂമിയുടെ മേൽ പതിച്ചിരിക്കുന്നു; മനുഷ്യൻ അപ്രധാനമായ ഒരു സ്ഥാനത്തേക്കു മാറ്റപ്പെട്ടിരിക്കുന്നു. അങ്ങനെ അശുഭപ്രതീക്ഷ ഈ കാലഘട്ടത്തെ ആകെ മൂടിയിരിക്കുന്നു. ഇതാണ് ‘മെഴുകുതിരികൾ കെടുത്തുക’ എന്ന ആദ്യത്തെ നിരീക്ഷണത്തിന്റെ പശ്ചാത്തലം.

പക്ഷേ രണ്ടാമത്തെ നിരീക്ഷണവും ആരംഭിക്കുന്നത് ആദ്യത്തേതു പോലെയാണ്. എന്നാൽ അത് അവസാനിക്കുന്നതു വലിയ ശുഭപ്രതീക്ഷയോടെയാണ്: ‘മെഴുകുതിരികൾ കെടുത്തുക, സൂര്യൻ ഉദിച്ചിരിക്കുന്നു.’ ക്രിസ്തീയതയെ തള്ളിപ്പറഞ്ഞ് സെക്യുലറിസത്തിന്റെ പാഴ്മരുഭൂമിയിൽ അലഞ്ഞു നടന്നശേഷം വീണ്ടും ക്രിസ്തീയതയിലേക്കു വന്ന പ്രശസ്ത ചൈനീസ് എഴുത്തുകാരൻ ലിൻ യുട്ടാങിന്റെ ഒരു പുസ്തകത്തിൽ നിന്നെടുത്തതാണീ വാക്യം. അദ്ദേഹം ഒരു അദ്ധ്യായം അവസാനിപ്പിക്കുന്നതു വിജയോന്മാദത്തിന്റെ ഈ വാക്കുകളോടെയാണ്. മെഴുകുതിരികൾ കെടുത്തുക (മങ്ങിക്കത്തുന്ന ‘പാതി ഉത്തരങ്ങൾ’ ഒഴിവാക്കുക) സൂര്യൻ ഉദിച്ചിരിക്കുന്നു (യേശു ജീവിക്കുന്നു. അവിടുന്ന് നമുക്ക് പ്രാപ്യനാണ്).

പകുതി ഉത്തരങ്ങൾ മാത്രം നല്കുന്ന തത്ത്വചിന്തകളും സിദ്ധാന്തങ്ങളും യേശുവിന്റെ മുഖപ്രകാശത്തിനു മുമ്പിൽ മങ്ങിപ്പോകും. എന്നാൽ അവിടുത്തെ ഉത്തരം മനുഷ്യനെക്കുറിച്ചുള്ള അശുഭചിന്തകൾക്കുള്ള മറുപടിയാണ്. ദൈവത്തിനു കീഴടങ്ങുമ്പോൾ ജീവിതത്തിനു അർത്ഥവും പ്രാധാന്യവും മൂല്യവും ലക്ഷ്യവും കൈവരുന്നു. ക്രിസ്തുവിനായി സമർപ്പിക്കപ്പെട്ട ഒരു മനുഷ്യന്, ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ അങ്ങനെയുള്ള മറ്റൊരുവനെ വിലകുറച്ചു കാണാൻ കഴിയുന്നതെങ്ങനെ? ക്രിസ്തു സ്വീകരിച്ചതിനെ ക്രിസ്തുശിഷ്യന് എങ്ങനെ നിരസിക്കാനാകും? ദൈവം സ്നേഹിക്കുന്നതിനെ നിന്ദിക്കാൻ കഴിയുന്നതെങ്ങനെ? **(തുടരും)**





# മക്കളെ മനസ്സിലാക്കുക *പേജ് 21 ൽ നിന്ന്*

തിക വൈദഗ്ധ്യം, പാചകം, സമൂഹ്യസേവനം എന്നിങ്ങനെ ഒട്ടനവധി മേഖലകളിൽ വളർന്നുവരുന്ന കുഞ്ഞുങ്ങൾക്ക് തങ്ങളുടെ വൈദഗ്ധ്യം പ്രകടമാക്കാനാവും. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന ക്രിയാത്മകമായ നല്ല താലന്തുകളെ കണ്ടെത്തി പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് മാതാപിതാക്കളുടെ കർത്തവ്യം.

സമാഗമനകൂടാരത്തിന്റെ പണിക്ക് നേതൃത്വം നൽകാനായി ബെസലേലിനെയും ഒഹോലിയാബിനെയും ദൈവം പേർചൊല്ലി വിളിച്ചു; കൗശലപ്പണികളെ സങ്കല്പിച്ചു ചെയ്യുവാനും പൊന്ന്, വെള്ളി, താമ്രം എന്നിവ കൊണ്ടു പണിചെയ്യുവാനും, രത്നം വെട്ടിപ്പതിക്കുവാനും, മരത്തിൽ കൊത്തുപണി ചെയ്യുവാനും മറ്റെല്ലാ ഉപകരണങ്ങളും ഭംഗിയായി നിർമ്മിക്കുവാനും ആവശ്യമായ ജ്ഞാനവും സാമർത്ഥ്യവും ദൈവം അവർക്കു നൽകി.[8] ഇപ്രകാരമുള്ള അസാധാരണമായ ശ്രേഷ്ഠതാലന്തുകൾ ചിലർക്കേ ദൈവം നൽകുന്നുള്ളൂ. എന്നാൽ വിവിധ വ്യക്തികൾക്ക് വ്യത്യസ്തങ്ങളായ കഴിവുകളും താലന്തുകളുമാണ് ദൈവം കൊടുത്തിരിക്കുന്നത്. ഒരു കുടുംബത്തിൽത്തന്നെയുള്ള മക്കൾ ഓരോരുത്തർക്കും വിവിധങ്ങളായ കഴിവുകളും താത്പര്യങ്ങളുമായിരിക്കും ഉള്ളത്.

ആയതുകൊണ്ട് മക്കളുടെ വ്യത്യസ്തങ്ങളായ വ്യക്തിത്വങ്ങൾ, താലന്തുകൾ എന്നിവയെ മാതാപിതാക്കൾ പരിജ്ഞാനപൂർവ്വം വിലയിരുത്തി ആ മേഖലയിൽ മുന്നേറാനുള്ള ഒത്താശകൾ ചെയ്തുകൊടുക്കുകയാണ് വേണ്ടത്. ‘മൂത്തവനെപ്പോലെ അല്ലെങ്കിൽ അങ്ങേ വീട്ടിലെ കുട്ടിയെപ്പോലെ നീയെന്താ ഒന്നാം റാങ്കു വാങ്ങാത്തത്?’ എന്നുചോദിക്കുന്ന മാതാപിതാക്കളുണ്ട്. മക്കളെ മറ്റു കുട്ടികളുമായി തുലനം അഥവാ താരതമ്യം ചെയ്യുന്ന ഈ പ്രവണത ഒഴിവാക്കേണ്ടതാണ്. ഓരോ കുട്ടിക്കും അതുല്യമായ കഴിവുകളും വ്യക്തിത്വവുമാണുള്ളത് എന്ന് നാം ഗ്രഹിച്ചിരിക്കണം. എങ്കിൽ മാത്രമേ ഓരോരുത്തരെയും അവരവർ ആയിരിക്കുന്നതുപോലെ സ്വീകരിക്കുവാനും അംഗീകരിക്കുവാനും നമുക്കു കഴിയൂ.

മക്കൾ ഭാവിയിൽ ആരായിത്തീരണം അഥവാ ഏതു നിലയിൽ എത്തിച്ചേരണം എന്നത് മാതാപിതാക്കളല്ല തീരുമാനിക്കേണ്ടത്. പ്രത്യുത, സ്വർഗ്ഗത്തിലെ ദൈവത്തിനാണ് ആ തീരുമാനത്തിനുള്ള അവകാശം. ദൈവഹിതപ്രകാരമുള്ള ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ മാതാപിതാക്കൾ മക്കൾക്ക് വഴികാട്ടികളായിത്തീരുകയാണ് വേണ്ടത്. സ്വന്തം മാന്യത അഥവാ കുടുംബമഹിമ നിലനിർത്താനും വളർത്താനുമുള്ള ഉപാധികളായി മക്കളുടെ ഭാവിയെ മാതാപിതാക്കൾ ദുരുപയോഗം ചെയ്യാൻ പാടില്ല.

ദൈവികദാനമായി ലഭിച്ച മക്കളെ നാം ലാഘവബുദ്ധിയോടെയല്ല കാണേണ്ടതെന്നും ദൈവരാജ്യത്തിലെ ഉത്തമപൗരന്മാരായി നാമവരെ വളരെ മുൻഗണന നൽകി വളർത്തിക്കൊണ്ടു വരണമെന്നുമാണ് ഈയധ്യായത്തിൽ നാം ചിന്തിച്ചത്. ഇക്കാര്യങ്ങൾ നമുക്കാർക്കും അപ്രാപ്യമായ, അതിഗഹനമായ വിഷയങ്ങളുമല്ല-മനസ്സുവെച്ചാൽ ഏവർക്കും ഇവയെ സ്വന്തമാക്കാം. ഉത്തരവാദികളായ മാതാപിതാക്കളായിരിക്കുവാൻ ഈ ചിന്തകൾ നമുക്കു വഴികാട്ടിയായിത്തീരട്ടെ. **(തുടരും)**

---

1) പുറ.2:9 2) ഉല്പ. 43:8-9 3) മത്താ. 5:48 4) എബ്രാ. 12:5-8 5) ഉല്പ. 1:27 6) സങ്കീ. 127:3 7) സങ്കീ.128:3-4 8) പുറ.31:1-6

## ഒരു സഹോദരൻ സ്നേഹിതനയച്ച കത്തുകൾ-III

# താണനിലത്തേക്കുള്ള കൃപയുടെ ഒഴുക്ക്

*പ്രിയ സുഹൃത്തേ,*

ദൈവസാന്നിദ്ധ്യബോധത്തെക്കുറിച്ചു തന്നെ കൂടുതൽ എഴുതാൻ എനിക്കെന്തു യോഗ്യത? എന്നാൽ സുഹൃത്തേ, താങ്കളുടെ ആവശ്യം തള്ളിക്കളയുന്നതും ശരിയല്ലല്ലോ. അതുകൊണ്ട് ഈ കത്തിലും ദൈവസാന്നിധ്യബോധം നിലനിർത്തുന്നതിനെക്കുറിച്ച് ഒരാളെ ഉദാഹരണമായി എടുത്തുകൊണ്ട് എഴുതാമെന്നു കരുതന്നു.

ദൈവസാന്നിധ്യബോധത്തിൽ നിരന്തരം വസിച്ച 'ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു'. ആ മനുഷ്യൻ ചെറുപ്പമായിരിക്കുമ്പോൾ തന്നെ ക്രിസ്തുവിനായി ജീവിതം സമർപ്പിച്ചവനാണ്. അന്നു മുതൽ അവന്റെ തീവ്രമായ ആഗ്രഹം ദൈവത്തിന് അഹിതകരമായ ഒന്നും ചെയ്യരുത് എന്നതായിരുന്നു. ദൈവത്തിന് പ്രസാദകരമല്ലാത്ത ഒന്നും ചിന്തിക്കുകയോ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാനിടയാകരുത് എന്നത് അവന്റെ ജീവിതാഭിലാഷമായി മാറി. ഉവ്വ്, അവൻ പലപ്പോഴും പരാജയപ്പെട്ടിട്ടുണ്ട് (അതു സമ്മതിക്കുന്നതിന് അവന് ഒരിക്കലും ഒരു മടി ഉണ്ടായിരുന്നില്ല) എന്നാൽ ഇവന് ദൈവത്തോട് നന്ദിയുടെ ഒരു അവബോധം വലിയ അളവിലുണ്ടായിരുന്നു. ദൈവം തന്നോടു കാട്ടിയ കരുണയെക്കുറിച്ച് ആഴമായ ഈ കൃതജ്ഞതയാണ് ദൈവത്തെ എല്ലാറ്റിലും പ്രസാദിപ്പിച്ചത് ദൈവത്തോടുള്ള സ്നേഹം വെളിപ്പെടുത്തണമെന്ന ആഗ്രഹത്തിനു പിന്നിലുണ്ടായിരുന്നത്.

ദൈവത്തെ എല്ലാറ്റിലും പ്രസാദിപ്പിക്കണമെന്ന തീവ്രമായ വാഞ്ഛയാണ് തന്നോടൊപ്പം എപ്പോഴുമുള്ള ദൈവസാന്നിധ്യത്തെക്കുറിച്ചുള്ള ആശ്ചര്യകരമായ ബോധ്യം അവനു നൽകിയത്. ദൈവത്തോടുള്ള സ്നേഹം ദൈവഹിതം ചെയ്തു വെളിപ്പെടുത്തണമെന്ന ആഴമായ ഈ ആഗ്രഹം മൂലം 'ദൈവം ഇവിടെയുണ്ട്' എന്ന ബോധ്യം മറ്റാരെക്കാളുമേറെ അവനു ലഭ്യമായി. ഇതു വായിക്കുമ്പോൾ താങ്കൾ പറയുമായിരിക്കും: "ഓ, തീർച്ചയായും ദൈവം എപ്പോഴും എന്റെ കൂടെയുണ്ടല്ലോ. അതൊരു പുതിയ കാര്യമാണോ?".

എന്നാൽ ഞാൻ ചോദിക്കട്ടെ. ദൈവം കൂടെയുണ്ടെങ്കിൽ അതു താങ്കളെ സംബന്ധിച്ചിടത്തോളം എത്രത്തോളം യാഥാർത്ഥ്യമായി അനുഭവപ്പെടുന്നു? അത് താങ്കൾക്ക് വിശ്വാസത്തിന്റെ ഒരു ഘടകം മാത്രമല്ലേ? അതേ സമയം ഞാൻ പറഞ്ഞ ഈ സഹോദരനെ സംബന്ധിച്ചിടത്തോളം (അവന് അല്പം കൂടെ കൃപ ലഭിച്ചു എന്നതൊഴിച്ചാൽ നമ്മെക്കാളേറെ ഒരു പ്രത്യേകതയുമില്ലെന്ന് അവൻ കൂടെക്കൂടെ തറപ്പിച്ചു പറയും) ദൈവസാന്നിധ്യബോധം അവനുപരമപ്രധാനവും അവന്റെ നിലനില്പു തന്നേയുമാണ്. അവൻ, വളരെ ലളിതമായിപ്പറഞ്ഞാൽ, എപ്പോഴും ദൈവത്തോടൊപ്പമാണ്. ഈ ദൈവസാന്നിദ്ധ്യബോധം അവന് ഏറെ ആഹ്ലാദം പകരുന്നു. തന്റെ ആന്തരിക ആനന്ദം അതിരു കവിഞ്ഞു പുറത്തേക്കൊഴുകി മറ്റുള്ളവർക്കു ബുദ്ധിമുട്ടാകരുത് എന്ന കരുതൽ മൂലം അവൻ അത് തന്നിൽത്തന്നെ അടക്കി വയ്ക്കുവാൻ ശ്രദ്ധിക്കാറുണ്ട്.

അവന് ദൈവസാന്നിധ്യബോധത്തിന്റെ തീവ്രത അനുഭവപ്പെടുന്നതിൽ ഏറ്റക്കുറച്ചിലുണ്ടാകാറുണ്ടെന്നതു സത്യമാണ്. ദൈനംദിനജോലിയിൽ വ്യാപൃതനായിരിക്കുമ്പോൾ ചിലപ്പോൾ ആ 'ദിവ്യസാന്നിധ്യത്തിന്റെ അനുഭവ'ത്തെക്കുറിച്ച് അവൻ ബോധവാനാകാതായിപ്പോയിട്ടുണ്ട്. ഇതിന്റെ അർത്ഥം ദൈവം അവനെ വിട്ടുപോയി എന്നല്ല. മറിച്ച് 'അവിടുന്ന് അവിടെ ഉണ്ട്' എന്നുള്ള കാര്യം അവൻ ഓർമ്മിച്ചില്ല എന്നു മാത്രം. അടുത്ത സ്നേഹിതനോ പ്രിയപ്പെട്ട ആരെങ്കിലുമോ നിങ്ങളോടൊപ്പം ഒരേ മുറിയിലുണ്ടായിരിക്കുകയും മറ്റെന്തിലോ ശ്രദ്ധിച്ചിരുന്നതു മൂലം അവരുടെ സാന്നിദ്ധ്യത്തെക്കുറിച്ച് നിങ്ങൾ ഓർമ്മിക്കാതിരിക്കുകയും ചെയ്യുന്നതുപോലെയാണ് ഇതും.

അങ്ങനെ സമയം മുന്നോട്ടുപോകുമ്പോൾ എന്തു സംഭവിക്കും? അവന്റെ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ, 'ദൈവം തന്നെ തന്റെ സാന്നിദ്ധ്യം അറിയിക്കും' ദൈവം മൃദുവായി തട്ടി ഉണർത്തുന്നതുപോലെ ഇതു സംഭവിക്കുമ്പോൾ അവൻ ഒന്നു കിൽ പൊടുന്നനെ തന്റെ ഹൃദയം ദൈവത്തിങ്കലേക്കു സ്നേഹത്തോടും സ്തുതിയോടും കൂടെ ഉയർത്തും. അല്ലെങ്കിൽ സാഹചര്യം അനുവദിക്കുമെങ്കിൽ അവൻ വാക്കുകളിലൂടെ തന്നെ അതു പ്രകടിപ്പിക്കും. ഇത്തരം സന്ദർഭങ്ങളിലുള്ള അവന്റെ പ്രാർത്ഥനകളിലൊന്ന് ഇങ്ങനെയാണ്.

ഓ, എന്റെ ദൈവമേ
ഞാനിതാ ഇവിടെയുണ്ട്
ഞാൻ മുഴുവനായി അങ്ങയുടേത്.
അവിടുന്ന് എന്താഗ്രഹിക്കുന്നുവോ
എന്നെ അതാക്കിയാലും.

ഈ കൊച്ചു വാക്കുകളിൽ തൃപ്തനായെന്ന വണ്ണം ദൈവം ഉടനെ തന്നെ അവന്റെ ഹൃദയത്തിന്റെ ആഴത്തിലും വ്യക്തിത്വത്തിന്റെ കേന്ദ്രത്തിലും തന്നെത്തന്നെ പുനഃപ്രതിഷ്ഠിക്കുന്നതായി അവന് തോന്നാറുണ്ട്.

താങ്കൾക്ക് ഇതു വളരെ അസാധാരണമായി തോന്നും എന്നെനിക്കറിയാം. പക്ഷേ ഈ അനുഭവത്തെ ഇങ്ങനെയാണ് അവൻ വിവരിക്കുന്നത്. എന്തായാലും ദൈനംദിനജീവിതത്തിൽ അവൻ ദൈവത്തോടുള്ള അടുപ്പത്തെക്കുറിച്ചുള്ള വ്യക്തമായ ബോധ്യം നിലനിർത്തുന്നു എന്നതു വാസ്തവം. അതുകൊണ്ട് ഇതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് അവൻ സംശയിക്കാതായിരിക്കുന്നു.

ഏതായാലും ഇതിന്റെ വ്യക്തമായ ഒരു ഫലം അവനിൽ പ്രകടമാകുന്നത് ഇങ്ങനെയാണ്: എപ്പോഴും പൂർണസമാധാനവും തൃപ്തിയുമുള്ളതുപോലെ അവൻ കാണപ്പെടുന്നു. നമ്മെപ്പോലെ അന്തമില്ലാതെ, വിശ്രമമില്ലാതെ, ദൈവത്തിനായി അവൻ തെരയാറില്ല. ദൈവത്തിന്റെ എല്ലാ സമ്പന്നതയും നിരന്തരം അവനു ലഭ്യമാണ്. അവൻ അത് എപ്പോഴും ആസ്വദിക്കുകയും ചെയ്യുന്നു.

ഒരിക്കൽ അവൻ ഇക്കാര്യങ്ങളെക്കുറിച്ചു പ്രസംഗിച്ചതു ഞാനോർക്കുന്നു. (മിക്കപ്പോഴും അവൻ സ്വന്തം അനുഭ

വങ്ങൾ പങ്കിടാൻ മടിയുള്ളവനാണ്.) അവൻ സംസാരിച്ചപ്പോൾ, കൈപ്പിടിയിൽ ഒതുക്കാവുന്ന യഥാർത്ഥസമ്പത്തിനെക്കുറിച്ച് മറ്റു സഹോദരങ്ങൾ അന്ധരാണെന്നതിൽ വളരെ സൗമ്യമായും സ്നേഹമായും അവൻ അവരെ ശാസിച്ചു. അല്പം പെൻഷൻകൊണ്ട് അരിഷ്ടിച്ചു ജീവിക്കുന്ന കോടീശ്വരന്മാരോടെന്നവണ്ണം അവനു അവരെക്കുറിച്ചു ദുഃഖം തോന്നുന്നുവെന്ന് അവൻ പറഞ്ഞു. "ധാരാളം തരാൻ ദൈവത്തിനുണ്ട്. എന്നാൽ ആത്മീയമായി അല്പം പെറുക്കുമ്പോൾ തന്നെ നാം തൃപ്തരാകുന്നു. നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നതിൽ നിന്ന് നമ്മുടെ അന്ധതയും അനുസരണക്കേടും ദൈവത്തെ തടയുന്നു. ഒഴുകി വരുന്ന നദിയെ അണകെട്ടി തടയുന്നതുപോലെയാണിത്. അണ നദിയുടെ ഗതിയെ തടയുന്നു; താഴെയുള്ള ദാഹാർത്തമായ ഭൂമിക്ക് ജീവന്റെ ഒഴുക്കിനെ നിഷേധിക്കുന്നു.

"എന്നാൽ ദൈവം എവിടെയെങ്കിലും സജ്ജവും തുറന്നതും വിശ്വാസമുള്ളതുമായ ഒരു ഹൃദയം കണ്ടെത്തിയാൽ തടസ്സങ്ങൾ നീങ്ങും. കെട്ടിനിന്ന ജലം പൂർവ്വാധികം ശക്തിയോടെ ഒഴുകും. എല്ലാ മൂലകളെയും രഹസ്യ ഇടങ്ങളെയും നിറച്ചുകൊണ്ട് അതു പതഞ്ഞൊഴുകും. വെളിച്ചവും ആഹ്ലാദവും അതുകൊണ്ടു വരും.

"നമ്മൾ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതു പ്രധാനമായും ദൈവത്തിന്റെ ദാനങ്ങളെ വിലകുറച്ചു കാണുന്നതുകൊണ്ടാണ്. എല്ലാറ്റിലും ഉപരിയായി ദൈവത്തെ മാത്രം വാഞ്ഛിക്കുന്നതാണ് ജീവജലത്തിന്റെ ഒഴുക്കിന്റെ മുഖ്യ ചാലകശക്തി.

"അതുകൊണ്ട് നമുക്ക് ദൈവത്തെ തടുത്തുനിർത്താതിരിക്കാം. അവിടുത്തെ അനുഗ്രഹത്തെ തടയുന്ന അണയെ നമുക്കു തകർത്തു കളയാം. കൃപയ്ക്ക് ഒഴുകുവാൻ നമുക്ക് ഒരു വഴി തീർക്കാം. പാഴായതും വന്ധ്യവുമായ ആത്മീയ വരൾച്ചയുടെ വർഷങ്ങളുടെ കേടു തീർത്ത് എല്ലാ കുഴികളേയും തടങ്ങളെയും മൂടി ഈ പ്രവാഹം മുന്നോട്ടു പോകട്ടെ.

"ദൈവത്തിന്റെ നദിയെ തടുത്തു നിർത്തുന്ന എല്ലാറ്റിനെയും നമ്മിൽ നിന്നു നാം പിഴുതു മാറ്റേണ്ടിയിരിക്കുന്നു. നാം അതിൽത്തന്നെ നിരന്തരം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാരണം ആത്മീയ ജീവിതത്തിൽ മുന്നോട്ടു പോകുന്നില്ലെങ്കിൽ യഥാർത്ഥത്തിൽ നാം പുറകോട്ടു പോയിക്കൊണ്ടിരിക്കുകയാണ്."

അത് ഹൃദയസ്പർശിയായ ഒരു സന്ദേശമായിരുന്നു. ഞാൻ അവന്റെ അനുഭവങ്ങളും ആ സന്ദേശത്തിന്റെ ചുരുക്കവും മുകളിൽ കൊടുത്തത് വ്യക്തമായ ഉദ്ദേശ്യത്തോടെയാണ്: അവന്റെ ജീവിതമാതൃകയും വാക്കുകളും താങ്കളുടെ ഹൃദയത്തിൽ എവിടെയെങ്കിലും തണുപ്പും വിശ്വാസത്തിൽ പരാജയവും ഉണ്ടെങ്കിൽ അതിനെ ഉരുക്കിക്കളയട്ടെ. അവൻ ചെയ്തത് അതുപോലെ ചെയ്യണം എന്നല്ല. (അങ്ങനെയായാൽ അവൻ ഇന്നത്തെ അവസ്ഥയിലെത്തിയത് അവന്റെ പരിശ്രമവും യോഗ്യതയും മൂലമാണെന്നു നാം കരുതുന്നുവെന്നു വരും.) മറിച്ച് അവൻ നേടിയത് വിശ്വാസത്താൽ താങ്കളും നേടേണ്ടതിനു വേണ്ടിയാണ്. താണതും ഒരുക്കപ്പെട്ടതുമായ സ്ഥലത്തേക്കാണ് നദി ഒഴുകിച്ചെല്ലുന്നത്. നന്മയെ ഉൾക്കൊണ്ടു ദാഹം തീർക്കുന്നുവെന്നല്ലാതെ ദാഹിക്കുന്ന നിലം മറ്റെന്താണു ചെയ്യുന്നത്?

മുകളിൽ എഴുതിയ അവന്റെ ദൈവാനുഭവത്തിൽ നിന്നു താങ്കൾക്കു പ്രയോജനം ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു

സ്നേഹാദരങ്ങളോടെ
ക്രിസ്തുവിൽ സഹോദരൻ

●





# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-3

**കഴിഞ്ഞലക്കത്തിൽ**

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. തുടർന്നു വായിക്കുക..*

**ജോ**ർജ് വാഷിങ്ടൺ പാലം പിന്നിട്ട് 50 മൈൽ കഴിഞ്ഞപ്പോൾ ഞാൻ പൊടുന്നനെ ചോദിച്ചു: "മിൽസ്, നാം വീട്ടിലേക്കു പോകുന്നതു സ്ക്രാൻടൺ വഴിയായാൽ താങ്കൾക്കു പ്രശ്നമൊന്നുമില്ലല്ലോ".

ഞാനെന്താ ഉദ്ദേശിച്ചതെന്നു മിൽസിനു മനസ്സിലായി. എന്റെ മാതാപിതാക്കൾ അവിടെയാണു താമസിക്കുന്നത്. സത്യംപറഞ്ഞാൽ ഞാൻ അവരുടെ തോളിൽ തലചായ്ച്ച് അല്പം കരയാൻ ആഗ്രഹിച്ചു.

പിറ്റേന്നുരാവിലെയാണു ഞങ്ങൾ സക്രാൻടണിൽ എത്തുന്നത്. അപ്പോഴേക്കും പത്രങ്ങളിൽ വാർത്തവന്നിരുന്നു. മൈക്കൽ ഫാർമർ കേസിന്റെ വിചാരണ പത്രങ്ങൾ വിശദമായി കൊടുത്തിരുന്നു. ആ കൊലപാതകത്തിന്റെ ഭീകരമായ വശങ്ങളെല്ലാം നടുക്കം ഉണ്ടാകത്തക്കവണ്ണം വിവരിച്ച് അതിൽനിന്നു കിട്ടാവുന്ന അവസാന തുള്ളി ബീഭത്സതയും പത്രങ്ങൾ പിഴിഞ്ഞെടുത്തിരുന്നു. കേസിന്റെ സാമൂഹികവും മനഃശാസ്ത്രപരവും മറ്റുമായ

വിശകലനങ്ങൾ നീട്ടിയെഴുതി മഷിവറ്റാറായപ്പോൾ കിട്ടിയ ഭ്രമാത്മകമായ 'സൈഡ്ലൈറ്റ് വാർത്ത' എഡിറ്ററുടെ ഹൃദയത്തെ കുറച്ചൊന്നുമായിരിക്കുകയില്ല സന്തോഷിപ്പിച്ചത്! അതു പത്രങ്ങളെല്ലാം പരമാവധി ആഘോഷിച്ചിരുന്നു.

സ്ക്രാൻടണിന് അടുത്തപ്പോൾ, ഈ സംഭവം എന്റെ മാതാപിതാക്കൾ എങ്ങനെ എടുക്കമെന്ന ചിന്ത എന്റെ മനസ്സിൽ വന്നു. മുറിവേറ്റ ഒരു കുട്ടി മാതാപിതാക്കളുടെ അടുത്ത് ഓടി എത്തുന്ന ഒരു മനോഭാവമായിരുന്നു എനിക്കാദ്യം ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അവരെ നേരിൽ കാണാറായപ്പോൾ അവരെ അഭിമുഖീകരിക്കാൻ എനിക്കു പേടിയായി. കാരണം ഞാൻ മൂലം പരിഹാസ്യമായിത്തീർന്ന പേര് അവരുടേതുകൂടിയാണല്ലോ.

“ഒരു പക്ഷേ അവർ അതു കണ്ടുകാണില്ല” വീട്ടിലേക്കുള്ള റോഡിലേക്ക് കാർ തിരിഞ്ഞപ്പോൾ മിൽസ് എന്നെ ആശ്വസിപ്പിച്ചു.

പക്ഷേ അവർ അതു കണ്ടിരുന്നു. ഒരു പത്രം നിവർത്തിയമട്ടിൽ അടുക്കളമേശയിൽ കിടക്കുന്നുണ്ടായിരുന്നു. ആ പേജിൽ വിടർന്ന കണ്ണുകളോടെ ബൈബിൾ ഉയർത്തിവീശി എത്തിയ ചെറുപ്പക്കാരൻ ഉപദേശി മൈക്കൽ ഫാർമർ കൊലക്കേസ് വിചാരണയിൽനിന്ന് എങ്ങനെയാണു ചവിട്ടിപ്പുറത്താക്കപ്പെട്ടതെന്നതിന്റെ വിശദമായ റിപ്പോർട്ട് കാണാമായിരുന്നു.

വിനയത്തോടെ, ഔപചാരികതയോടെ, അമ്മയും,ഡാഡിയും എന്നെ സ്വീകരിച്ചു.

“ഡേവിഡ്, എന്തൊരു സന്തോഷകരവും അപ്രതീക്ഷിതവുമായ കൂടിക്കാഴ്ച” അമ്മ തുടക്കമിട്ടു.

“ഹലോ, മോനേ” ഡാഡി ഹസ്തദാനം ചെയ്തു

ഞാൻ ഇരുന്നപ്പോൾ മിൽസ് തന്ത്രപരമായി 'ഒന്നു നടന്നുവരാം' എന്നുപറഞ്ഞു പുറത്തിറങ്ങി. ആദ്യം കുറച്ചു സമയമെങ്കിലും ഞങ്ങളുടെ സംഭാഷണം സ്വകാര്യമായിരിക്കേണ്ടതുണ്ടെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

പത്രത്തിനു നേരെ തലയാട്ടിക്കൊണ്ട് “നിങ്ങൾ ഇതേക്കുറിച്ച് എന്താണു ചിന്തിക്കുന്നത് എന്നെനിക്കറിയാം” ഞാൻ പറഞ്ഞു. “ഞാനെല്ലാം നിങ്ങളോടു പറയാം. നമ്മൾ ഇനി എന്തായാലും ഇതുമായി ജീവിക്കേണ്ടവരാണല്ലോ”.

“മോനേ, ഞങ്ങളുടെ കാര്യം സാരമില്ല. സഭയ്ക്കാണു പ്രശ്നം. തീർച്ചയായും നിനക്കും ഓർഡിനേഷൻപോലും നഷ്ടപ്പെട്ടേക്കാം.”

എന്നോടുള്ള പിതാവിന്റെ വലിയ കരുതൽ തിരിച്ചറിഞ്ഞ് ഞാൻ നിശ്ശബ്ദത പാലിച്ചു.

“ഡേവിഡ്, നീ ഫിലിപ്സ്ബർഗ്ഗിൽ എത്തിക്കഴിഞ്ഞ് എന്താ ചെയ്യാൻ പോകുന്നത്?” അമ്മ ചോദിച്ചു.

''ഞാനിതുവരെ അക്കാര്യം ചിന്തിച്ചിട്ടില്ല.”

അമ്മ ഐസ്ബോക്സിന് അടുത്തു ചെന്ന് ഒരു കുപ്പി പാൽ കൈയിലെടുത്തു.

“ഞാൻ നിനക്ക് ഒരല്പം ഉപദേശം തരട്ടെ?'' പാൽ ഗ്ലാസ്സിലേക്കു പകർന്നുകൊണ്ട് (തരം കിട്ടുമ്പോഴെല്ലാം എന്നെ അല്പം വണ്ണം വയ്പ്പിക്കാൻ അമ്മ ശ്രമിക്കാറുണ്ട്) അവർ ചോദിച്ചു. അമ്മ സാധാരണ ഉപദേശം നൽകാൻ അനുവാദം ചോദിക്കാറില്ല. പക്ഷേ ഇക്കുറി ഒരു കൈയിൽ പാൽക്കുപ്പിയു മായി അവർ എന്റെ സമ്മതത്തിനു കാത്തു. ഈ പോരാട്ടം ഞാൻ ഒറ്റയ്ക്കു നടത്തേണ്ടതാണെന്നും അതിന് ഒരമ്മയുടെ ഉപദേശം ആവശ്യമില്ലെന്നും കരുതിയിട്ടാവണം തുടരാൻ ഒടുവിൽ ഞാൻ തലയാട്ടുന്നതുവരെ അവർ കാത്തുനിന്നത്.





“ഡേവിഡ്, നീ വീട്ടിൽ തിരികെ എത്തിക്കഴിഞ്ഞ് നിനക്കു തെറ്റുപറ്റിയെന്നു പറയാൻ തിടുക്കം കാട്ടരുത്. 'അത്ഭുതം പ്രവർത്തിക്കാൻ കർത്താവു നിഗൂഢമായ വിധത്തിൽ നീങ്ങാറുണ്ട്.' നീ നില്ക്കുന്ന സ്ഥാനത്തു നിന്നു നോക്കിയാൽ കാണാൻ കഴിയാത്ത ഏതോ ഒരു വലിയ പദ്ധതിയുടെ ഭാഗമാണിതെന്നു വന്നേക്കാം. അല്ലാതെ മറ്റൊന്നല്ല. തീരുമാനം എടുക്കാനുള്ള നിന്റെ കഴിവിൽ എനിക്കെന്നും വിശ്വാസമായിരുന്നു.”

ഫിലിപ്സ് ബർഗ്ഗിലേക്കുള്ള മടക്കയാത്രയിൽ ഞാൻ അമ്മ പറഞ്ഞതിനെക്കുറിച്ചു ഗാഢമായി ചിന്തിച്ചു. ഈ ലജ്ജാകരമായ പരാജയത്തിൽ നിന്ന് എന്തു നന്മയാവും വരിക?

ഞാൻ മിൽസിനെ അദ്ദേഹത്തിന്റെ വീട്ടിലാക്കിയശേഷം പുറകിലത്തെ ഒരു വഴിയിലൂടെ ഞാൻ പാഴ്സനേജിലേക്കു വണ്ടിയോടിച്ചു. ഒരു കാറുപോലെ വലിയ ഒരു സാധനവുമായി നിങ്ങൾക്കു പോർച്ചിൽ പമ്മിക്കയറി ചെല്ലാൻ കഴിയുമോ? എങ്കിൽ ഞാനതാണ് ചെയ്തത്. ഞാൻ കാറിന്റെ ഡോർ ഒച്ചയുണ്ടാക്കാതെ അടച്ചു. എന്നിട്ടു ഞാൻ ശബ്ദം കേൾപ്പിക്കാതെ പെരുവിരലിൽ കുത്തിനടന്നാണ് എന്റെ വീട്ടിന്റെ ലിവിങ് റൂമിലേക്ക് പ്രവേശിച്ചത്. അവിടെ ജെൻ ഉണ്ടായിരുന്നു.

അവൾ വന്ന് കൈകൾ എന്റെ കഴുത്തിൽ ചുറ്റി ''എന്റെ പാവം ഡേവിഡ്”. അവൾ പറഞ്ഞു. ഒന്നിച്ച് ഏറെ നേരം നിശ്ശബ്ദമായി ചെലവിട്ട ശേഷമാണ് ഒടുവിൽ അവൾ ചോദിച്ചത്: “എവിടെയാണു പാളിപ്പോയത്?”

കഴിഞ്ഞപ്രാവശ്യം അവളെ കണ്ടതിനുശേഷം സംഭവിച്ചതെല്ലാം ഞാൻ വിശദമായി പറഞ്ഞു. ഒന്നും ഒരുപക്ഷേ തെറ്റിപ്പോയിട്ടുണ്ടാവുകയില്ലെന്ന അമ്മയുടെ അഭിപ്രായവും ഞാൻ അവളെ അറിയിച്ചു.

''അത് ഈ ടൗണിലുള്ളവരെ ബോധ്യപ്പെടുത്താൻ നിങ്ങൾ ഏറെ പാടുപെടേണ്ടി വരും ഡേവിഡ്. ടെലിഫോൺ നിർത്താതെ അടിച്ചുകൊണ്ടിരിക്കുകയാണ്”.

അത് അടുത്ത മൂന്നു ദിവസത്തേക്ക് അടിച്ചുകൊണ്ടിരുന്നു. ടൗണിലെ ഉദ്യോഗസ്ഥരിലൊരാൾ ഫോണിലൂടെ എന്റെ നേരെ ആക്രോശിച്ചു. ഒരു ചീപ്പ് പബ്ലിസിറ്റി ഉദ്ദേശിച്ചു നടത്തിയ പ്രകടനമായിരുന്നു എന്റേത് എന്നു വിളിച്ചുപറയാൻ സഹശുശ്രൂഷകന്മാർ മടിച്ചില്ല. ഒടുവിൽ ഞാൻ ധൈര്യം സംഭരിച്ച് ടൗണിലൂടെ ഇറങ്ങി നടക്കാൻ തുടങ്ങിയപ്പോൾ പോകുന്നിടത്തെല്ലാം ആളുകൾ എന്നെ കാണാനായി തലതിരിക്കുന്നതു കാണാമായിരുന്നു. ടൗണിൽ കൂടുതൽ ബിസിനസ്സുകൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരുന്ന ഒരാൾ തെരുവിൽ കണ്ടപ്പോൾ എന്റെ കൈപിടിച്ചു ഞെരിച്ചു പുറത്തടിച്ചുകൊണ്ട് തുറന്നടിച്ചു:''കൊള്ളാം റവറണ്ടേ. ഒടുവിൽ നമ്മുടെ പഴയ ഫിലിപ്സ്ബർഗ്ഗിനെ നിങ്ങൾ ഭൂപടത്തിൽ കൊണ്ടുവന്നു.”

എന്നാൽ എല്ലാറ്റിലും കഠിനം ഞായറാഴ്ച സഭാംഗങ്ങളെ അഭിമുഖീകരിക്കുന്നതായിരുന്നു. അവർ വിനയാന്വിതരായിരുന്നു-നിശ്ശബ്ദരും. അന്നു രാവിലെ പ്രസംഗപീഠത്തിൽ നിൽക്കുമ്പോൾ ഞാൻ കാര്യങ്ങളെ എത്രയും സമചിത്തതയോടെയാണ് അഭിമുഖീകരിച്ചത്.

പ്രതികരണം ഒന്നുമില്ലാതിരുന്ന ഇരുനൂറോളം മുഖങ്ങളെ നോക്കി ഞാനിങ്ങനെ പറഞ്ഞു:''നിങ്ങൾ എല്ലാവരും നിങ്ങളോടു തന്നെ ചോദ്യങ്ങൾ ചോദിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഒന്നാമത് എനിക്കുപ

റയാനുള്ളത് നിങ്ങൾക്കെല്ലാം എന്നെക്കുറിച്ചു വൈകാരികമായ കരുതലുണ്ട്. ഞാൻ അത് വിലമതിക്കുന്നു.

"എങ്കിലും നിങ്ങൾ നിങ്ങളോടു തന്നെ പറയുന്നുണ്ടാവാം: 'തന്റെ ഓരോ തോന്നലും ഭാവനയും ദൈവത്തിൽ നിന്നുള്ള ആജ്ഞയാണെന്നു സങ്കല്പിക്കത്തക്കവണ്ണം എന്തൊരു ആത്മപ്രശംസക്കാരനാണു നമ്മുടെ ശുശ്രൂഷകൻ?' ഇതു സ്വാഭാവികമായ ഒരു ചോദ്യമാണ്. എന്റെ സ്വന്തഹിതവും ദൈവഹിതവും തമ്മിൽ വ്യവച്ഛേദിച്ചറിയുന്നതിൽ ഒരാശയക്കുഴപ്പമുണ്ടായെന്നു തോന്നാം. ഞാൻ താഴ്ത്തപ്പെടുകയും ആക്ഷേപിക്കപ്പെടുകയുമുണ്ടായി. ഒരു പക്ഷേ അത് എന്നെ ഒരു പാഠം പഠിപ്പിക്കാനാകാം.

"എങ്കിലും നമുക്കു നമ്മോടു തന്നെ സത്യസന്ധമായി ചോദിക്കാം: ഭൂമിയിൽ നമ്മൾ മനുഷ്യരുടെ ജോലി ദൈവത്തിന്റെ ഹിതം ചെയ്യുക എന്നതാണെങ്കിൽ, അവിടുന്ന് ഏതെങ്കിലും വിധത്തിൽ അതു നമ്മെ അറിയിക്കുമെന്നു നമുക്കു പ്രതീക്ഷിക്കരുതോ?" കല്ലുപോലയുള്ള മുഖങ്ങൾ. ഒരു പ്രതികരണവുമില്ല. ദൈവിക നടത്തിപ്പു സംബന്ധിച്ച എന്റെ വാദഗതി ദുർബലമായിരുന്നെന്നു തോന്നുന്നു.

പക്ഷേ സഭാംഗങ്ങൾ കരുണയുള്ളവരായിരുന്നു. ഞാൻ വിഡ്ഢിത്തമാണു പ്രവർത്തിച്ചതെങ്കിലും എന്റെ ഹൃദയം ശരിയായ സ്ഥലത്തുതന്നെ ആയിരുന്നുവെന്നു തങ്ങൾ ചിന്തിക്കുന്നതായി സഭാംഗങ്ങളിൽ ഏറിയകൂറും അഭിപ്രായപ്പെട്ടു. "മറ്റാർക്കും വേണ്ടെങ്കിലും താങ്കളെ ഞങ്ങൾക്കു വേണം" ഒരു നല്ല സഹോദരി പറഞ്ഞു. ആ മറക്കാനാവാത്ത പ്രസ്താവനയ്ക്കു ശേഷം അത് ആ നിലയിൽ തോന്നത്തക്കവണ്ണം താൻ ഉദ്ദേശിച്ചില്ലെന്ന് വിശദീകരിക്കാൻ അവൾ ഏറെ നേരം എടുത്തു.

വീണ്ടും അസാധാരണമായ ഒരു സംഭവം ഉണ്ടായി.

എന്റെ രാത്രി പ്രാർത്ഥനാവേളയിൽ ഒരു പ്രത്യേക വചനം എനിക്കു സജീവമായി അനുഭവപ്പെട്ടു. അതു വീണ്ടുംവീണ്ടും എന്റെ മനസ്സിലേക്കു വരുവാൻ തുടങ്ങി:"ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു."

അതു വലിയ ശക്തിയോടും ഉറപ്പോടും കൂടിയാണു വന്നത്. അതോടൊപ്പം ഒട്ടും സ്വീകാര്യമല്ലാത്തതിനാൽ ഞാൻ ആ ചിന്ത വരുമ്പോൾ തന്നെ നിരാകരിക്കുന്ന ഒരു ആശയം പല രാത്രികളിലും തുടർച്ചയായി വരാൻ തുടങ്ങി.

*ന്യൂയോർക്കിലേക്കു മടങ്ങിപ്പോവുക.*

തുടർച്ചയായി മൂന്നു രാത്രികളിൽ ഈ ആശയം ഹൃദയത്തിലേക്കു തള്ളിക്കയറിവന്നപ്പോൾ ഒടുവിൽ ആ ചിന്തയെ സമചിത്തതയോടെ നേരിടാൻ തന്നെ ഞാനുറച്ചു. ഇക്കുറി ഞാൻ കാര്യങ്ങൾ നല്ല വ്യക്തതയോടെ വിലയിരുത്താൻ തയ്യാറായി.

ഒന്നാമത് ന്യൂയോർക്ക് എനിക്കു 'രുചികരമായ ഒരു വിഭവ'മല്ല. സത്യം പറഞ്ഞാൽ എനിക്ക് ആ സ്ഥലം ഇഷ്ടമല്ല. അവിടുത്തെ ജീവിതത്തിനു ഞാൻ പറ്റിയവനല്ല. എന്റെ കഴിവില്ലായ്മ ഞാൻ അവിടെ ഓരോ രംഗത്തും പ്രകടമാക്കി. "ന്യൂയോർക്ക്" എന്ന പേരു പോലും എന്നെ സംബന്ധിച്ച് നാണക്കേടിന്റെ പദമാണ്. പോരെങ്കിൽ ഉടനെ വീണ്ടും ജെന്നിനെയും കുഞ്ഞുങ്ങളേയും ഒറ്റയ്ക്കാക്കിയിട്ട് ഒരു യാത്ര പോകുന്നത് ഒരു കാരണവശാലും ശരിയല്ല. ഒരു വിഡ്ഢിയാകാൻ വേണ്ടി മാത്രം അങ്ങോട്ട് എട്ടുമണിക്കൂറും ഇങ്ങോട്ട് എട്ടുമണിക്കൂറും കാറോടി





ക്കാൻ എനിക്കു മനസ്സില്ല. മാത്രമല്ല യാത്രക്കൂലിക്കുവേണ്ടി വീണ്ടും സഭാജനങ്ങളോട് ചോദിക്കുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല. ഈ കർഷകരും ഖനിത്തൊഴിലാളികളും ഇപ്പോൾത്തന്നെ അവരു ചെയ്യേണ്ടതിൽ കൂടുതൽ സാമ്പത്തികമായി ചെയ്യുന്നുണ്ട്. എന്റെ പരാജയത്തിന്റെ സ്ഥലത്തേക്കു മടങ്ങിപ്പോകാനുള്ള ഈ പുതിയ ഉത്തരവ് എനിക്കു തന്നെ മനസ്സിലാകാതിരിക്കുമ്പോൾ ഞാനിതെങ്ങനെ എന്റെ സഭാജനങ്ങളോടു വിശദീകരിക്കും? ആ കുട്ടികളെ കാണാൻ മുമ്പുണ്ടായിരുന്നതിൽ കൂടുതൽ സാധ്യതയൊന്നും ഇപ്പോഴില്ല താനും. പോരെങ്കിൽ ഇപ്പോൾ നഗരഉദ്യോഗസ്ഥന്മാരുടെ ദൃഷ്ടിയിൽ ഞാനൊരു 'പിരിയിളകിയവനാണ്'. അതു സാധ്യത കൂടുതൽ ഇല്ലാതാക്കിയിട്ടേ ഉള്ളൂ. ഈ സാഹചര്യത്തിൽ എന്തുവന്നാലും ഈ ആശയവുമായി സഭാജനങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നമില്ലതന്നെ.

എന്നിട്ടും, ആ ആശയം വളരെ ശക്തിമത്തായിരുന്നതു കൊണ്ട് ആ ബുധനാഴ്ച രാത്രി ഞാൻ വീണ്ടും പുൾപ്പിറ്റിൽ നിന്ന് സഭാജനങ്ങളോട് ന്യൂയോർക്കിൽ പോകാൻ വീണ്ടും പണം തരാൻ ആവശ്യപ്പെട്ടു!

എന്റെ ജനങ്ങളുടെ പ്രതികരണം അത്ഭുതാവഹമായിരുന്നു! ഓരോരുത്തരായി എഴുന്നേറ്റ് മുന്നോട്ടുവന്നു വേദിയിലെ മേശമേൽ സ്തോത്രകാഴ്ച അർപ്പിച്ചു. ഇക്കുറി യോഗത്തിനു കൂടുതൽ ആളുകളുണ്ടായിരുന്നു. 150 പേരോളം. പക്ഷേ രസകരമായ കാര്യം ഇത്തവണയും സ്തോത്രകാഴ്ച കഴിഞ്ഞ തവണത്തെ അത്രയും തന്നെ. നാണയങ്ങളും തുട്ടുകളും അപൂർവ്വമായി നോട്ടുകളും എല്ലാം എണ്ണിപ്പെറുക്കിയെടുത്തപ്പോൾ വീണ്ടും കൃത്യം ന്യൂയോർക്കിൽ പോയി വരാനുള്ള എഴുപതു ഡോളർ!

പിറ്റേന്നു രാവിലെ ആറിന് മിൽസും ഞാനും യാത്രയായി. പഴയ അതേ റൂട്ട്. പഴയ പമ്പിൽ തന്നെ പെട്രോളടിക്കാനും നിർത്തി. തുടർന്നു പാലം കടന്നു ന്യൂയോർക്കിലേക്കു പ്രവേശിക്കുമ്പോൾ ഞാൻ പ്രാർത്ഥിച്ചു "കർത്താവേ, കഴിഞ്ഞ ആഴ്ച സംഭവിച്ചതു പോലെയുള്ള കാര്യങ്ങൾ ഉണ്ടാകുന്നതിനും ഈ കുഴച്ചിലിലേക്ക് എന്നെ അവിടുന്നു വീണ്ടും നയിക്കുന്നതിനും എന്താണ് കാരണമെന്ന് എനിക്ക് ഒരൂഹവുമില്ല. അവിടുത്തെ ഹിതം കാണിച്ചു തരണമെന്നല്ല എന്റെ കാലടികളെ നയിക്കണമെന്നു തന്നെ ഞാൻ പ്രാർത്ഥിക്കുന്നു".

വീണ്ടും ഞങ്ങൾ ബ്രോഡ്‌വേ കണ്ടു. അവിടെ നിന്നു ഞങ്ങൾക്കറിയാവുന്ന ഏക വഴിയായ തെക്കോട്ടുള്ള പാതയിലേക്കു തിരിഞ്ഞു. ഞങ്ങൾ സാവധാനം വണ്ടിയോടിച്ചു പോകുകയാണ്. പെട്ടെന്ന് കാറിൽ നിന്നു പുറത്തിറങ്ങണമെന്ന ഏറ്റവും അവിശ്വസനീയമായ ഒരു തോന്നൽ എനിക്കുണ്ടായി.

"വണ്ടി പാർക്കു ചെയ്യാൻ ഒരു സ്ഥലം കണ്ടുപിടിക്കുവാൻ ഞാൻ പോകുകയാണ്." മിൽസിനോടു ഞാൻ പറഞ്ഞു "ഇവിടെ അല്പം ചുറ്റി നടക്കാൻ എനിക്കൊരാഗ്രഹം".

പൊടുന്നനെ ഞങ്ങൾ ഒഴിഞ്ഞ ഒരിടം കണ്ടു.

"ഞാനുടനെ വരാം മിൽസ്. സത്യത്തിൽ ഞാനെന്താണു നോക്കുന്നതെന്ന് എനിക്കു തന്നെ അറിഞ്ഞുകൂടാ."

ഞാൻ മിൽസിനെ കാറിലിരുത്തിയിട്ടു തെരുവിലൂടെ നടന്നു. ഞാൻ കെട്ടിടങ്ങളുടെ ഒരു ബ്ലോക്കിന്റെ പകുതി പിന്നിട്ടുകാണും. പെട്ടെന്നൊരു സ്വരം.

“ഹേയ്, ഡേവീ”.

ആദ്യം ഞാൻ തിരിഞ്ഞു നോക്കിയില്ല. കുട്ടികളാരോ കൂട്ടുകാരനെ വിളിക്കുകയാണെന്നു കരുതി. പക്ഷേ വിളി വീണ്ടും.

“ഹേയ്, ഡേവീ, ഉപദേശീ!”

ഇക്കുറി ഞാൻ തിരിഞ്ഞു നോക്കി. ‘അലഞ്ഞു നടക്കരുത് പോലീസ് ശ്രദ്ധിക്കും’ എന്ന അറിയിപ്പു പതിച്ചതിനു താഴെ ഒരു കെട്ടിടത്തിന്റെ വശത്തേക്കു ചാരിനിൽക്കുന്ന ആറു കൗമാരക്കാരുടെ ഒരു സംഘം. ഇറുകിയ പാന്റ്സും സിബ്ബുള്ള ജാക്കറ്റുമാണ് വേഷം. ഒരാളൊഴികെ എല്ലാവരും പുകവലിക്കു കയാണ്. വിരസമായ മുഖഭാവം.

ഏഴാമതൊരു കുട്ടി ആ സംഘത്തിൽ നിന്നു വേർപെട്ട് എന്റെ പിന്നാലെ നടന്നുവരുന്നു. വർത്തമാനം പറയുമ്പോ ഴുള്ള അവന്റെ ചിരി എനിക്കിഷ്ടമായി.

‘മൈക്കൽ ഫാർമർ വിചാരണയ്ക്കിടെ അവർ ചിവിട്ടി പുറത്താക്കിയ ഉപദേശിയല്ലേ താ ങ്കൾ?’

‘അതേ, എങ്ങനെ മനസ്സിലായി?’

‘നിങ്ങളുടെ പടം എല്ലായിടത്തും ഉണ്ടായിരുന്നല്ലോ? നിങ്ങളുടെ മുഖം ഓർമ്മിക്കാൻ എളുപ്പമുള്ളതാണ്.’

‘കൊള്ളാം. നന്ദി’

‘അല്ല. നന്ദിയൊന്നും വേണ്ട. അതൊരു അഭിനന്ദനമൊന്നുമായിരുന്നി ല്ല’.

‘നിനക്കെന്റെ പേരറിയാം. പക്ഷേ എനിക്ക് നിന്റെ പേരറിയില്ലല്ലോ?’

‘‘ഞാനാണു ടോമി. ഞാൻ ‘റിബൽസ്’ എന്ന സംഘത്തിന്റെ പ്രസിഡന്റാണ്”

‘അലഞ്ഞു നടക്കരുത്’ എന്ന അറിയിപ്പിനു താഴെ ചാരിനിൽക്കുന്നവർ അവന്റെ സുഹൃത്തുക്കളാണോ എന്ന് ഞാൻ റിബൽസ് പ്രസിഡന്റു ടോമിയോടു ചോദിച്ചു. അവരെ താൻ പരിചയപ്പെടുത്തിത്തരാമെന്നു അവൻ പറഞ്ഞു. പരിചയപ്പെടാൻ ചെന്നപ്പോൾ അവർ സഹജമായ മുഷിവോടെയാണ് ആദ്യം നിന്നതെങ്കിലും ഞാൻ പോലീസിനോട് ഇടഞ്ഞ ഒരുവനാണെന്നു ടോമി പറഞ്ഞപ്പോൾ അവർക്ക് പൊടുന്നനെ താത്പര്യമായി. അവരുടെ ഹൃദയത്തിന്റെ പൂട്ടുതുറക്കുന്ന മന്ത്രം അപ്പോൾ അതാണ്. അവരെ സംബന്ധിച്ചുള്ള എന്റെ തുറുപ്പു ചീട്ടാണിത്. ടോമി വലിയ അഭിമാനത്തോടെയാണ് എന്നെ അവർക്കു പരിചയപ്പെടുത്തിയത്:

“ഹേയ്, സുഹൃത്തുക്കളേ, മൈക്കൽ ഫാർമർ കേസ് വിചാരണയിൽ നിന്നു പോലീസ് തൊഴിച്ചു പുറത്താക്കിയ ഉപദേശിയാണിത്”

ആ കെട്ടിടത്തോട് ഒട്ടിനിന്ന സംഘാംഗങ്ങളായ കുട്ടികൾ ഒന്നൊന്നായി പതുക്കെ എന്റെ അടുത്തേക്കു വന്നു. ഒരു വൻമാത്രം തന്റെ കൈയിലെ കഠാരനിവർത്തി ‘അലഞ്ഞു നടക്കരുത്’ എന്ന അറിയിപ്പു പേറുന്ന ആ ലോഹത്തകിടിൽ അച്ചടിക്കാൻ കൊള്ളാത്ത ഒരു വാക്ക് ചുരണ്ടിവയ്ക്കുന്ന പ്രവൃത്തിയിലേർ പ്പെട്ട് അവിടെത്തന്നെ നിന്നു. ബാക്കിയുള്ള ഞങ്ങൾ സംഭാഷണത്തിൽ ഏർപ്പെട്ടു. രണ്ടോ മൂന്നോ പെൺകുട്ടികളും ഞങ്ങളോടൊപ്പം കൂടി.

ടോമി എന്നോട് ആ കൊലക്കേസ് വിചാരണയെക്കുറിച്ചു ചോദിച്ചു. കൗമാരക്കാരെ, പ്രത്യേകിച്ച് അധോലോക സംഘത്തിലുള്ള കുട്ടികളെ സഹായിക്കുന്നതിലാണ് എനിക്കു താത്പര്യമെന്ന് ഞാൻ വിശദീകരിച്ചു. എല്ലാവരും, ചുരണ്ടിക്കൊണ്ടു നിന്നവനുൾപ്പെടെ, ശ്രദ്ധാപൂർവ്വം കേൾക്കുന്നുണ്ട്. അവരിൽ പലരും ഞാൻ ‘അവരിലൊരാൾ’ ആണെന്നു വിശ്വസിപ്പിച്ചു.

“ഞാൻ നിങ്ങളിൽ ഒരാളാണെന്നു പറഞ്ഞാൽ എന്താണർത്ഥം?” ഞാൻ





അന്വേഷിച്ചു.

അവരുടെ യുക്തി വളരെ ലളിതമായിരുന്നു. പോലീസുകാർക്ക് എന്നെ ഇഷ്ടമല്ല. പോലീസുകാർക്ക് അവരേയും ഇഷ്ടമല്ല. അപ്പോൾ ഞാനും അവരും ഒരേ വള്ളത്തിലാണ്. ഞാനും അവരിലൊരാളാണ്! പിന്നീടു പല പ്രാവശ്യം കേൾക്കാൻ ഇടയായ ഈ വാദഗതി അന്നു ഞാൻ ആദ്യമായി കേൾക്കുകയായിരുന്നു! ഞാൻ കോടതിമുറിയിൽ അവഹേളിതനായ സംഭവം വ്യത്യസ്തമായ ഒരു വെളിച്ചത്തിൽ പൊടുന്നനെ ഞാൻ കാണാനിടയായി. ദൈവത്തിന്റെ സമ്പൂർണ്ണപദ്ധതിയിൽ ഞാൻ ആയിരിക്കുമ്പോൾ എപ്പോഴും അനുഭവപ്പെടാറുള്ള നേരിയ വിറയൽ എനിക്ക് അനുഭവപ്പെട്ടു.

അതേപ്പറ്റി അപ്പോൾ കൂടുതൽ ചിന്തിക്കാൻ എനിക്ക് അവസരം ലഭിച്ചില്ല. കാരണം, കഠാരയേന്തിയിരുന്ന കുട്ടി എന്റെയടുത്തേക്കു ചുവടുകൾ വച്ചു. അവന്റെ വാക്കുകൾ ആ കഠാരയ്ക്കു കഴിയുമായിരുന്നതിനേക്കാൾ ആഴത്തിൽ എന്റെ ഹൃദയത്തെ കീറിമുറിച്ചു. അവ തെരുവിലെ ഏകാകിയായ ഒരു കുട്ടിയുടെ ഭാഷയായിരുന്നു.

തോളുയർത്തി വെട്ടിച്ച് ജാക്കറ്റ് നേരെയാക്കി അവൻ വിളിച്ചു “ഡേവീ” അവൻ മനപൂർവ്വമായിത്തന്നെ കഠാര ഒന്നു മടക്കിയിട്ട് നാടകീയമായി വീണ്ടും നിവർത്തു. മറ്റുകുട്ടികൾ അല്പം പുറകോട്ടു മാറി. അവൻ കഠാരനീട്ടി എന്റെ കോട്ടിന്റെ ബട്ടണുകൾ ഓരോന്നോയി പൊട്ടിച്ചു. ഈ ചെറിയ അനുഷ്ഠാനം പൂർത്തിയാകുന്നതുവരെ അവൻ മിണ്ടിയില്ല.

‘‘ഡേവീ’’ അവസാനം അവൻ വിളിച്ചു; എന്റെ കണ്ണുകളിൽ ആദ്യമായി ഉറ്റുനോക്കിക്കൊണ്ട്. താങ്കൾ പറഞ്ഞതെല്ലാം ശരിയാണ്. പക്ഷേ ഡേവീ, നിങ്ങൾ എപ്പോഴെങ്കി ലും ഈ പട്ടണത്തിലെ കുട്ടികളുടെ നേരെ തിരിഞ്ഞാൽ.....” കഠാരയുടെ മുന എന്റെ വയറിന്മേൽ അമർത്താതെ കുത്തിക്കൊണ്ടായിരുന്നു സംസാരം.

‘‘ചെറുപ്പക്കാരാ, താങ്കളുടെ പേരെന്താണ്?” വില്ലി എന്നായിരുന്നു അവന്റെ പേര്. മറ്റൊരു കുട്ടിയാണ് പേരു പറഞ്ഞുതന്നത്.

‘‘വില്ലി, ഈ പട്ടണത്തിലേക്ക് ദൈവം എന്തിനാണെന്നെ കൂട്ടിക്കൊണ്ടു വന്നതെന്ന് എനിക്കറിയില്ല. പക്ഷേ ഒന്നെനിക്കറിയാം ദൈവം നിങ്ങളുടെ ഭാഗത്താണ്. അതു ഞാൻ നിനക്കു വാഗ്ദാനം ചെയ്യാം.”

വില്ലി തന്റെ നോട്ടം എന്റെ കണ്ണുകളിൽ നിന്നു മാറ്റിയില്ല. പക്ഷേ ക്രമേണ കഠാരമുനയുടെ സമ്മർദ്ദം എന്റെ വയറിനുമേൽ അയയുന്നതായി എനിക്കു മനസ്സിലായി. പിന്നെ അവന്റെ കണ്ണുകൾ പിൻവാങ്ങി. അവൻ ഒരു വശത്തേക്കു മാറി.

ടോമി കൗശലപൂർവ്വം വിഷയം മാറ്റി “ഡേവി, താങ്കൾക്ക് അധോലോകസംഘങ്ങളെ കാണണ മെന്നുണ്ടെങ്കിൽ എന്തുകൊണ്ട് ഇപ്പോൾ തന്നെ തുടങ്ങിക്കൂടാ? ഇവരെല്ലാം ‘റിബൽസിൽ’ പെടുന്നവ രാണ്. ഞാൻ ചില ജി.ജി.ഐക്കാ രെക്കൂടി കാണിച്ചുതരാം.”

“ജി.ജി.ഐക്കാരോ?”

‘‘ഗ്രാന്റ് ഗാങ്സ്റ്റേഴ്സ് ഇൻകോർപ്പറേറ്റഡ്’’ എന്നതിന്റെ ചുരുക്കപ്പേരാണത്.

ഞാൻ ന്യൂയോർക്കിൽ വന്നിട്ട് അരമണിക്കൂർ തികഞ്ഞില്ല, അതിനു മുമ്പിതാ ഞാൻ രണ്ടാമതൊരു തെരുവുസംഘത്തെ പരിചയപ്പെടാൻ പോകുന്നു. അങ്ങോട്ടുപോകാനുള്ള വഴി സംബന്ധിച്ച് ടോമി എനിക്കു ചില നിർദ്ദേശങ്ങൾ തന്നു. പക്ഷേ എനിക്കതു മനസ്സിലാക്കാൻ കഴിഞ്ഞില്ല. “ശ്ശെടാ, താങ്കൾ ഒരു ഗ്രാമവാസിയാ

അല്ലേ? ആട്ടെ, നാൻസീീീ'' ഒരു പെൺകുട്ടിയെ ടോമി വിളിച്ചു. ''നമ്മുടെ ഉപദേശിയെ ജി.ജി.ഐക്കാരെ കൊണ്ടു പോയി കാണിച്ചുവാ"

ജി.ജി.ഐക്കാർ നൂറ്റിമുപ്പത്തിനാലാം തെരുവിലൊരു ബേസ്മെന്റിലാണു സമ്മേളിക്കുന്നത്. നാൻസി എന്നേയും കൂട്ടി ജി.ജി. ഐക്കാരുടെ ആ 'ക്ലബ്ബ് റൂമി'ലേക്ക് യാത്രയായി. സിമന്റു പടികളിറങ്ങി, ചവറുവീപ്പകളെ വലംവച്ച്, അഴുക്കടിഞ്ഞ രോമങ്ങളോടുകൂടിയ മെലിഞ്ഞ പൂച്ചകളുടെ നിരകൾ പിന്നിട്ട്, ഒഴിഞ്ഞ വോഡ്കാ കുപ്പികളുടെ ഒരു കൂനയെ മറികടന്ന് ഞങ്ങൾ നടന്നു. ഒടുവിൽ നാൻസി ഒരു അടഞ്ഞ വാതിലിനു മുമ്പിൽ നിന്നു മൃദുവായി മുട്ടി-വേഗത്തിൽ രണ്ടുപ്രാവശ്യം, സാവധാനത്തിൽ നാലുപ്രാവശ്യം.

വാതിൽ തുറക്കപ്പെട്ടു. ഒരു പെൺകുട്ടി. ഒരു തമാശരംഗത്ത് അവൾ അഭിനയിക്കുകയാണെന്നു ഞാൻ ആദ്യം കരുതി. ഒരു തെരുവു തെണ്ടിയെക്കുറിച്ചുള്ള നമ്മുടെ സങ്കല്പത്തിനിണങ്ങുംവിധമായിരുന്നു അവളുടെ വസ്ത്രധാരണവും രീതിയും. കാലിൽ ഷൂസില്ല. ബിയറിന്റെ തകരപ്പാത്രം അവൾ പിടിച്ചിരുന്നു. ഒരു സിഗരറ്റ് ചുണ്ടിൽ നിന്ന് ഒരു വശത്തേക്ക് തൂങ്ങിക്കിടന്നു. അഴിഞ്ഞുലഞ്ഞ മുടി. വസ്ത്രത്തിന്റെ തോൾ ഭാഗം മനഃപൂർവ്വം താഴേക്ക് കാണത്തക്കവിധം വലിച്ചിട്ടിരുന്നു. ചിരിക്കുന്നതിൽ നിന്ന് എന്നെ തടഞ്ഞത് രണ്ടു കാര്യങ്ങളാണ്. ഒന്ന്: ആ കുട്ടിയുടെ മുഖത്ത് ഒരത്ഭുതവുമില്ലായിരുന്നു. കല്ലുപോലെയുള്ള മുഖം. രണ്ടാമത്: അവൾ ഒരു കുഞ്ഞായിരുന്നു- കൗമാരത്തിലേക്കു കടന്ന ഒരു കൊച്ചു പെണ്ണ്.

"മരിയ, ഞങ്ങൾക്ക് അകത്തേക്കു വരാമോ? ഒരു സുഹൃത്തിനെ പരിചയപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു."

മരിയ ഒരു തോൾ വെട്ടിച്ച് വാതിൽ മലർക്കെ തുറന്നു. മുറിക്കുള്ളിൽ ഇരുട്ടായിരുന്നു. അതിനുള്ളിൽ ജോഡികളായി കുട്ടികളുണ്ടെന്ന് മനസ്സിലാക്കാൻ കുറേ സമയമെടുത്തു. തണുത്ത, നേർത്ത ദുർഗ്ഗന്ധമുള്ള ആ മുറിയിൽ ഹൈസ്കൂൾ പ്രായത്തിലുള്ള ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചു കഴിയുകയായിരുന്നു. ഞാൻ ഞെട്ടലോടെ ഓർത്തു-ഉവ്വ്, ടോമി പറഞ്ഞതു ശരിയാണ്. ഞാൻ വെറും ഒരു ഗ്രാമീണനാണ്!

മരിയ അപ്പോഴും ഷൂസിടുകയോ വസ്ത്രം നേരെയാക്കുകയോ ചെയ്തില്ല. ആരോ സ്വിച്ചിട്ടു. ഒരു വിളറിയ ബൾബ് മങ്ങിക്കത്തി. കുട്ടികൾ പതുക്കെ ഇണപിരിഞ്ഞ് മുന്നോട്ടു വന്നു. അവരുടെ മുഖത്തും 'റിബൽസിന്റെ' മുഖത്തു കണ്ട അതേ വിരസത.

"ഫാർമർ വിചാരണയ്ക്കിടയിൽ ചവിട്ടിപ്പുറത്താക്കപ്പെട്ട ഉപദേശിയാണിത്". നാൻസിയുടെ പരിചയപ്പെടുത്തൽ.

പെട്ടെന്നു ഞാൻ അവരുടെ ശ്രദ്ധാപുരുഷനായി. അതിനേക്കാൾ പ്രധാനം എനിക്കവരുടെ സഹതാപം ലഭിച്ചു. ന്യൂയോർക്കിലെ തെരുവു സംഘങ്ങളോടുള്ള എന്റെ ആദ്യത്തെ പ്രസംഗം അപ്പോൾ നടന്നു. സങ്കീർണ്ണമായ സന്ദേശത്തിനു പകരം ലളിതമായ ഒരു പ്രസംഗമായിരുന്നു അത്: അവരായിരിക്കുന്ന അവസ്ഥയിൽ തന്നെ ദൈവം അവരെ സ്നേഹിക്കുന്നു. വോഡ്കാ കുപ്പികളുടേയും കുത്തഴിഞ്ഞ സെക്സിന്റേയും നടുവിൽ അവർ എന്താണ് യഥാർത്ഥത്തിൽ അന്വേഷിക്കുന്നതെന്നു ദൈവത്തിനറിയാം: ഉത്തേജനവും ആനന്ദവും പ്രിയപ്പെട്ടതായിരിക്കുന്നതിന്റെ ആഹ്ലാദവും. പക്ഷേ അതെല്ലാം, കൂലിക്കെടുത്ത തണുത്ത ഒരു ബേസ്മെന്റിൽ ഇരുന്ന്





വിലകുറഞ്ഞ മദ്യം കുടിച്ചല്ല നേടേണ്ടത്. ദൈവത്തിന് നിങ്ങളെക്കുറിച്ചെല്ലാം വളരെ വലിയ പ്രത്യാശയുണ്ട്.

ഞാൻ ഒന്നു നിർത്തിയപ്പോൾ ഒരു കുട്ടി വിളിച്ചു പറഞ്ഞു

"കൊള്ളാം ഉപദേശീ, താങ്കൾ നേടി വരുന്നുണ്ട്"

അത്തരം ഒരു പ്രയോഗം ഞാൻ ആദ്യം കേൾക്കുകയായിരുന്നു. അർത്ഥം ഞാൻ അവരുടെ ഹൃദയങ്ങളോട് അടുത്തുവരുന്നുണ്ട്. എന്റെ പ്രസംഗത്തിന് അവർക്കു നൽകാൻ കഴിയുന്ന ഏറ്റവും വലിയ അഭിനന്ദനം.

അരമണിക്കൂറിനു ശേഷം ബേസ്മെന്റിലെ ഒളിവിടം വിട്ട് പുറത്തുവരുമ്പോൾ എനിക്ക് ഏറെ ഉത്സാഹം തോന്നി-ഒരു കാര്യത്തിലൊഴിച്ച്. ജി.ജി.ഐക്കാരുടെ ഇടയിൽ ഞാൻ എന്റെ ആദ്യത്തെ മയക്കുമരുന്നിന്റെ അടിമയെ അഭിമുഖീകരിച്ചു-മരിയ. ജി.ജി.ഐ എന്ന തെരുവു തെമ്മാടിക്കൂട്ടത്തിന്റെ വനിതാ വിഭാഗത്തിന്റെ പ്രസിഡന്റാണവൾ. പ്രസംഗത്തിനിടയിൽ ഒരു പുതുജീവിതത്തിനായി ദൈവത്തിന് അവരെ സഹായിക്കാൻ കഴിയും എന്നു പറഞ്ഞപ്പോൾ അവൾ ഇടയ്ക്കു കയറി:

"എന്നെ സഹായിക്കുവാൻ കഴിയുകയില്ല ഡേവീ. എന്നെ പറ്റുകയില്ല." അവൾ തന്റെ ഗ്ലാസ് താഴെവച്ച് ഉടുപ്പിന്റെ കൈ തോളുവരെ തെറുത്തുവച്ചു കൊണ്ടാണങ്ങനെ പറഞ്ഞത്.

"മരിയ, എന്തുകൊണ്ടു പറ്റുകയില്ല?"

മറുപടിയായി അവൾ കൈമുട്ടിനുമുകളിലെ ഉൾവശം കാണിച്ചു.

എനിക്കതു മനസ്സിലായില്ല. "മരിയ, എനിക്കു നീ പറഞ്ഞതു പിടികിട്ടിയില്ല"

മരിയ ബൾബിനുകീഴിലേക്കു മാറിനിന്നുകൊണ്ട് തന്റെ കൈ നീട്ടിക്കാണിച്ചുകൊണ്ടു വിളിച്ചു "ഇങ്ങുവാ" ഞാൻ ചെന്നു. നോക്കിയപ്പോൾ കൈയിൽ കൊതുകുകടിച്ചതുപോലെ ചില മുറിവുകൾ. ചിലതു പഴയതും നീലിച്ചതും. മറ്റുചിലത് പുതിയസൂചിക്കുത്തുകളും. ആ കൗമാരക്കാരി എന്താണു പറയാനുദ്ദേശിച്ചതെന്നു പെട്ടെന്നു എനിക്കു മനസ്സിലായി-അവൾ മയക്കുമരുന്നിന്റെ അടിമയാണ്.

"ഡേവീ, ഞാനൊരു മെയിൻ ലൈനറാണ്. എനിക്ക് ഒരു പ്രതീക്ഷയും ഇനി ഇല്ല. ദൈവത്തിൽനിന്നുപോലും."

മരിയ വളരെ നാടകീയമായി എന്തെങ്കിലും പറയുകയായിരിക്കും എന്ന തോന്നൽ ഉണ്ടായിരുന്നതുകൊണ്ട് മറ്റു കുട്ടികളുടെ മുഖഭാവം ഞാൻ ശ്രദ്ധിച്ചു. എന്നാൽ ഒരാൾ പോലും മരിയയുടെ വാക്കുകൾ കേട്ടു പുഞ്ചിരിക്കുന്നില്ല. അർദ്ധ വൃത്താകൃതിയിൽ നിൽക്കുന്ന കുട്ടികളെ ഒന്നോടിച്ചുനോക്കിയപ്പോൾ മരിയ പറഞ്ഞതെല്ലാം ശരിയാണെന്നെനിക്കു മനസ്സിലായി. പിന്നീട് ആശുപത്രി റിപ്പോർട്ടുകൾ, പോലീസ് വൃത്തങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ വിവരം ഇതാണ്: മരുക്കുമരുന്നിനടിമപ്പെട്ട ഒരാൾക്കുവേണ്ടി ഒരു പരിഹാരം നിർദ്ദേശിക്കാൻ ഒരിക്കലും വൈദ്യശാസ്ത്രത്തിനു സാധ്യമല്ല. അങ്ങനെയെങ്കിൽ മരിയ പ്രകടിപ്പിച്ചത് വിദഗ്ധരുടെ അഭിപ്രായം തന്നെയാണ്-മയക്കുമരുന്നിന്റെ മെയിൻ ലൈൻ ഉപഭോക്താവിന്, അതായത് ഹീറോയിൻ നേരേ രക്തത്തിലേക്കു കുത്തിവയ്ക്കുന്ന മയക്കുമരുന്നിന്റെ അടിമയ്ക്ക്, യഥാർത്ഥത്തിൽ വിടുതലിനുള്ള ഒരു പ്രതീക്ഷയും അവശേഷിക്കുന്നില്ല.

മരിയ അത്തരം ഒരു 'മെയിൻ ലൈനറാ'ണ്. (തുടരും)

●

## വന്ന് എന്നെ അനുഗമിക്കുക പേജ് 8 ൽ നിന്ന്

ശിക്ഷയ്ക്ക് ജയിലിലാകുകയും ചെയ്തു. സുവിശേഷം പ്രസംഗിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സാഹചര്യം! ഞാൻ കുറ്റവാളികളോട് സുവിശേഷം പറയുവാൻ തുടങ്ങി. എന്നാൽ പിന്നീട് അത് നിരോധിക്കപ്പെട്ടു. ജയിലർ എന്നോട് ഇപ്രകാരം പറഞ്ഞു. "നിന്റെ പ്രസംഗം കാരണമായി നീ ജയിലിലടയ്ക്കപ്പെട്ടു. എന്നാൽ ഇവിടെ നീ അതുതന്നെ ചെയ്യുന്നു!" ഞാൻ പറഞ്ഞു: "എനിക്ക് അടങ്ങിയിരിക്കുവാൻ സാധിക്കുകയില്ല. എന്റെ രക്ഷകനെക്കുറിച്ച് ഞാൻ തീർച്ചയായും സംസാരിക്കും". അതിനുശേഷം ഞാൻ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കരുതെന്ന് മറ്റുള്ളവരോട് അദ്ദേഹം പറഞ്ഞു. അതിന് അവർ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. "ഞങ്ങളെ നല്ലവരാക്കിത്തീർക്കുന്നതിൽ നീ പരാജയപ്പെട്ടു. അവനെ ശ്രദ്ധിക്കുന്നത് ഞങ്ങളെ മെച്ചപ്പെടുത്തുമെങ്കിൽ അതിൽ നീ സന്തോഷിക്കുകയാണു വേണ്ടത്." ഈ മറുപടി കേട്ടപ്പോൾ എല്ലാ കുറ്റവാളികളും ക്രിസ്ത്യാനികൾ ആയിത്തീരുമെന്ന് ജയിലർ ഭയപ്പെട്ടു. എന്നെ അവിടെനിന്നു മാറ്റുകയും ചെയ്തു. ഈ സമയം ഞാൻ ജയിലറുടെ കാലിത്തൊഴുത്തിൽ അടയ്ക്കപ്പെട്ടു. അവിടെ മറ്റു പ്രത്യേകമുറി ഒന്നും ഉണ്ടായിരുന്നില്ല. ഈ സ്ഥലം മുഴുവൻ കൊതുകുകളെ കൊണ്ട് നിറഞ്ഞിരുന്നു. എന്റെ വസ്ത്രങ്ങൾ എല്ലാം എടുത്തുമാറ്റുകയും കൈകളും കാലുകളും ബന്ധിക്കുകയും ചെയ്തു. പിന്നീട് ഒരു കുട്ട നിറയെ നീരട്ടയെ കൊണ്ടുവന്ന് അവയെ എന്റെ ശരീരത്തിലേക്ക് ഇട്ടു. അവ എന്റെ ശരീരത്തിൽ നിന്നു രക്തം വലിച്ചുകുടിച്ചുകൊണ്ടിരുന്നു. ഇത് വളരെ വേദനാജനകമായിരുന്നു. ഞാൻ ദൈവത്തോട് എന്റെ കുറവുകൾ ഏറ്റു പറഞ്ഞു. എന്നെത്തന്നെ ഒന്നു തുറന്നു കാണിക്കേണ്ടത് ദൈവത്തിന് ആ സന്ദർഭത്തിൽ ആവശ്യമായിരുന്നു. ഞാൻ ചിന്തിച്ചു: "നാളേയ്ക്കകം രക്തം മുഴുവൻ നഷ്ടപ്പെട്ടു ഞാൻ മരിക്കും. പക്ഷേ ഞാൻ പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ വൈദ്യുതിപ്രവാഹം പോലെ എന്തോ ഒന്ന് എന്റെ ശരീരത്തിലൂടെ കടന്നുപോയി. പെട്ടെന്ന് ആ തടവറ സ്വർഗ്ഗമായി തീർന്നപോലെ എനിക്കു തോന്നി! നീരട്ടയുടെ കാര്യം ഞാൻ മറന്നു. ഒരു ഗായകനല്ല എന്നിരിക്കിലും ഹിന്ദിയിലുള്ള ഒരു ക്രിസ്തീയസ്തുതിഗീതം ഞാൻ പാടുവാൻ ആരംഭിച്ചു. എത്ര അത്ഭുതകരമായ സന്തോഷം! ഈ ദുരിതങ്ങളുടെ മധ്യത്തിൽ സ്വാഭാവികമായി എനിക്ക് യാതൊരു ആശ്വാസവും ലഭ്യമായിരുന്നില്ല. എന്നാൽ എന്റെ ജീവിക്കുന്ന രക്ഷകനിൽ നിന്നും വളരെ അത്ഭുതകരമായ സമാധാനം എനിക്ക് അനുഭവിക്കാൻ സാധിച്ചു. അവിടെ എന്നെ സന്ദർശിക്കുന്നതിനായി എത്തിച്ചേർന്ന ഒരു വ്യക്തിക്ക് ഞാൻ വിശുദ്ധമർക്കോസിന്റെ സുവിശേഷം നൽകി. എന്നെ കാണുന്നതിന് വേണ്ടി ജയിലറോടൊപ്പം എത്തിയതായിരുന്നു അദ്ദേഹം. "നീ ഇവനെക്കുറിച്ച് എന്ത് വിചാരിക്കുന്നു?" എന്ന ആ വ്യക്തിയുടെ ചോദ്യത്തിന് "ഇവനൊരു ഭ്രാന്തനാണെന്നു ഞാൻ ചിന്തിക്കുന്നു" എന്ന് ജയിലർ മറുപടി നൽകി. "ഭ്രാന്തനായിത്തീരുന്നതിലൂടെ ഒരു വ്യക്തിക്ക് ഈ വിധത്തിൽ വളരെയധികം സന്തോഷമുള്ളവനായിത്തീരുവാൻ സാധിക്കുമെങ്കിൽ ഞാനും അപ്രകാരമായിത്തീരുവാൻ താത്പര്യപ്പെടുന്നു" എന്ന് അദ്ദേഹം മറുപടി പറയുവാൻ ഇടയായി!

പ്രിയമുള്ളവരേ, കഴിഞ്ഞ പതിനെട്ടുവർഷമായി യേശു എന്റെ എല്ലാമായിത്തീർന്നിരിക്കുന്നു. അവിടുന്ന് എന്റെ ജീവനാണ്. കാര്യങ്ങൾ ഈ നിലയിൽ ആയിത്തീർന്നതിൽ ഞാൻ ഒട്ടും ഖേദിക്കുന്നില്ല. എന്റെ ചില ബന്ധുക്കൾ എന്നോട് ചോദിച്ചിട്ടുണ്ട്: "ഒട്ടേറെ കഷ്ടങ്ങൾ സഹിക്കേണ്ടിവരുന്നതിൽ നിനക്കു ദുഃഖമില്ലേ?" എന്റെ മറുപടി ഇങ്ങനെയായിരിക്കും: "പതിനെട്ടുവർഷം മുൻപ് യേശുവിനെ അനുഗമിക്കാതിരുന്നെങ്കിൽ ഞാൻ ഇന്നു ദുഃഖിക്കുന്നവനായിരുന്നേനേം".

ഈ അത്ഭുതരക്ഷകനെ കൂടാതെ നമ്മിൽ ആരെങ്കിലും ജീവിക്കുന്നെങ്കിൽ അതെത്ര ദയനീയമാണ്! നമ്മൾ തന്നെ അനുഗമിക്കേണ്ടിയിരിക്കുന്നു. നമ്മൾ അവിടുത്തോട് ഒത്താണെങ്കിൽ നാം പൂർണ്ണതയിലേക്കുള്ള വഴിയിലാണ്. രക്ഷകനെ പിൻതുടർന്നില്ലെങ്കിൽ നമുക്കു രക്ഷപ്പെടുവാൻ കഴിയുകയില്ല. രണ്ടു തരം മീനുകളെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. ഒരുതരം അത്ഭുതമത്സ്യത്തിന് അതിന്റെ നിറം മാറ്റുവാൻ കഴിയും. മറ്റേ കുരുട്ടുകണ്ണുള്ള മത്സ്യത്തിനാകട്ടെ, ഒരിക്കലും തന്റെ നിറം വ്യത്യാസപ്പെടുത്താൻ കഴിയുകയില്ല. നിങ്ങൾ ഇതിൽ ഏതു മത്സ്യത്തെപ്പോലെയാണ്? യേശുവിനെ അനുഗമിച്ച് ജീവിതം വ്യത്യാസപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ?


യേശുക്രിസ്തുവിന്റേതുപോലെയുള്ള മുഖം ഇല്ലാത്ത ഒരാൾക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല. അതാണ് അങ്ങോട്ട് പ്രവേശിക്കാനുള്ള ടിക്കറ്റ്. അതില്ലെങ്കിൽ നാം അവിടെ സ്ഥലം തെറ്റിച്ചെന്നവരെപ്പോലെ ഒറ്റപ്പെടും. യേശുവിനെ യഥാർത്ഥമായി അനുഗമിക്കുന്നവർക്കു മാത്രമേ സ്വർഗ്ഗം സ്വന്തം വീടുപോലെ തോന്നുകയുള്ളൂ. സ്വർഗ്ഗത്തിൽ നമുക്ക് ഒളിക്കാൻ സ്ഥലം ഉണ്ടായിരിക്കുകയില്ല. നരകത്തിൽ മാത്രമേ അത്തരം ഒളിവിടങ്ങൾ ഉള്ളൂ.

നിങ്ങൾ യേശുവിനെ അനുഗമിക്കുവാൻ തയ്യാറാണോ? അവിടുത്തെ ഉപദ്രവിക്കുകയും തിരുവചനം കീറിക്കളയുകയും ചെയ്തിരുന്നവനായ എനിക്ക് രണ്ടായാലും യേശുവിനെ അനുഗമിച്ചേ മതിയാകൂ.

(1924 മാർച്ച് 16ന് ഞായറാഴ്ച സാധു അമേരിക്കയിൽ നടത്തിയ പ്രസംഗത്തിന്റെ സംഗ്രഹം)

**മൊഴിമാറ്റം:തോമസ് മാത്യു.**

## കൃപറേഡിയോ




കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. *(എഫേസ്യർ 2:8)*